# ഖുർആൻ മാത്രം മതിയാകില്ലേ?

## ഒരൊറ്റ രക്ഷിതാവ് ഒരൊറ്റ ഗ്രന്ഥം-ഏക ഗ്രന്ഥംപരിശുദ്ധ ഖുർആൻ

ഒരു മനുഷ്യന് മുസ്ലിമായി ജീവിക്കണമെങ്കിൽ ആരെ അവൻ ഇലാഹായി സ്വീകരിക്കണം? ആരുടെ ഗ്രന്ഥം അവൻ പ്രമാണമായി സ്വീകരിക്കണം ?എന്നീ കാര്യങ്ങൾ നമുക്കൊന്നു ചർച്ച ചെയ്യാം. ഇവിടെ അല്ലാഹുവിനെ മാത്രമേ ഇലാഹായി സ്വീകരിക്കാവൂ എന്ന് വാക്കു കൊണ്ട്മാത്രം ഇന്നത്തെ മുസ്ലിംകൾ സമ്മതിക്കുന്നു.പിന്നെ നമുക്ക് ചർച്ച ചെയ്യാനുള്ളത് ആരുടെ ഗ്രന്ഥമാണ് നാം സ്വീകരിക്കേണ്ടത് എന്നതാണ്.അല്ലാഹുപറയുന്നു أَلَمْ تَرَكَيْفَ ضَرَبَ اللّهُ مَثَلاًكَلِمَةًطَيِّبَةًكَشَجَرَةٍ طَيِّبَةٍ أَصْلُهَاثَابِتٌ وَفَرْعُهَافِى السَّمَاءتُؤْتِي أُكُلَهَاكُلَّ حِينٍ بِإِذْنِ رَبِّهَاوَيَضْرِبُ اللّه الامْثَالَ لِلنَّاسِ لَعَلَّهُم يَتَذَكَّرُون وَمَثَلُ كَلِمَةٍ خَبِيثَةٍ كَشَجَرَةٍ خَبِيثَةٍاجْتُثَّتْ مِن فَوْقِ الأَرْض مَالَهَا مِن قَرَار 14:25,26 (അല്ലാഹു നല്ലൊരു വചനത്തെ ഉപമിച്ചതെങ്ങിനെയെന്നു നീ കണ്ടില്ലേ?ഉറച്ച മുരടുള്ളതും ആകാശത്ത് ശാഖയോടുംകൂടിയ നല്ലൊരു വൃക്ഷത്തെപ്പോലെയത്രെ.അതു അതിന്റെ നാഥന്റെ അനുമതിയോടെ സദാസമയം അതിന്റെ കനി നൽകിക്കൊണ്ടിരിക്കുന്നു.അല്ലാഹു ഈ ഉപമകൾ അലങ്കരിക്കുന്നത് മനു ഷ്യർ ചിന്തിക്കുവാൻ വേണ്ടിയാണ്.ഒരു ചീത്തവചനത്തിന്റെ ഉപമ ഭൂമിയിൽനിന്നും പിഴുതെറിയപ്പെട്ട യാതൊരു സ്ഥിരത യുമില്ലാത്ത ഒരു ചീത്ത വൃക്ഷത്തെപ്പോലെയുമത്രെ 14:24- 26) ഇവിടെ ഭൂമിയിൽ വേരുറച്ചതുംഅന്ത രീക്ഷത്തിൽ പടർന്നു പന്തലിച്ചു നിൽക്കുന്നതും സദാ കനികൾ നൽകുന്നതുമായ ഒരു വൃക്ഷത്തോടാണ് ഏറ്റവും നല്ല വചനത്തെ അല്ലാഹു ഉപമിച്ചിരിക്കുന്നത്.ഇതാണ് അല്ലാഹുവിന്റെ ആശയം .അതായത് അവന്റെ ഖുർആൻ .ഏത് പ്രതികൂലമായ സാഹചര്യത്തിലും അത് ഭൂമിയിൽ ഉറച്ചുനിൽക്കും. എന്നാൽ ഭൂമിയിൽനിന്നും പിഴുതെറിയപ്പെട്ടതും സ്വയം നിൽക്കണമെങ്കിൽതന്നെ ഒരു താങ്ങിന്റെ(സനദ്)ആവശ്യ മുള്ളതുമായ വൃക്ഷത്തോടാണ് ചീത്തവചനത്തെ അല്ലാഹു ഉപമിച്ചിരിക്കുന്നത്.മുകളിൽ പറഞ്ഞ സ്ഥിര വചനത്തിൽ വിശ്വസിക്കുന്നവരെ അല്ലാഹു ഈ ലോകത്തും അന്തിമജീവിതത്തിലും സ്ഥിരമാനസരാക്കു മെന്നാണ് അടുത്ത വചനത്തിൽ അല്ലാഹു വിവരിക്കുന്നത്.ഒരു കാറ്റിലും കോളിലും പെട്ട് ഉലയാത്ത ഭൂമുഖത്ത് ഉറച്ചു നിൽക്കുന്ന അവന്റെ ഖുർആനിനെയാണ് നാം പ്രമാണമാക്കേണ്ടത്. എന്നാൽ .ഇന്ന് മുസ്ലിംകളിൽ ഭൂരിഭാഗവും അല്ലാഹു അല്ലാത്ത ഒരുപാട് ഇലാഹുകളിൽ വിശ്വസിക്കുന്നതുപോലെ ഖുർആൻ അല്ലാത്ത ഒരുപാട് ഗ്രന്ഥങ്ങളെയും നാട്ടുനടപ്പുകളെയും കേട്ടുകേൾവികളെയും പ്രമാണമാ ക്കുന്ന വരാണ് . ഖുർആനിനു പുറമെയുള്ള ഇത്തരം ഗ്രന്ഥങ്ങളെയും ആചാരങ്ങളെയും തങ്ങളുടെ പ്രമാണമാക്കുക എന്നത് അവരെ സംബന്ധിച്ച് നിസ്സാരമായ കാര്യമാണ്. ഖുർആനിനു സമാനമായോ, അല്ല അധിലധി കമോ പരിശുദ്ധിയും സ്ഥാനവും ഇത്തരം ഗ്രന്ഥങ്ങൾക്കു നല്കുക എന്നത് ഇവരെ സംബന്ധിച്ച് വലിയ പ്രശ്നമില്ല.പല പണ്ഡിതന്മാരും സ്വയം ഗ്രന്ഥങ്ങൾ രചിക്കുകയും എന്നിട്ട് അവ നബിയിലേക്ക് ചേർത്ത് പറയുകയും അവയ്ക്ക് ഖുർആനിനേക്കാൾ മഹത്ത്വം നൽകുകയും അവ തങ്ങളുടെ പ്രമാണങ്ങളായി വിശ്വ സിക്കുകയും ജനങ്ങളെ വിശ്വസിപ്പിക്കുകയുംചെയ്യുന്നു. എന്നാൽ ഇസ്ലാം എന്ന ജീവിത വ്യവസ്ഥക്ക് ഒന്നിലധികം രക്ഷിതാക്കളെ അംഗീകരിക്കാനും വിശ്വസിക്കാനും കഴിയാത്തതുപോലെ ഖുർആനോ വികലമാക്കാത്ത ദൈവീക ഗ്രന്ഥങ്ങളോ അല്ലാതെ പ്രമാണങ്ങളായി അംഗീകരിക്കാനും കഴിയില്ല എന്ന താണ് സത്യം.ലോകത്ത് വന്ന നബിമാരെല്ലാം ഇതാണ് ചെയ്തത്. അഥവാ അല്ലാഹുവിനെ റബ്ബായും തങ്ങൾക്കു കിട്ടിയ ഗ്രന്ഥങ്ങളെ പ്രമാണമായും സ്വീകരിക്കുക എന്ന കാര്യം .ഖുർആൻ നാം ഒന്ന് പഠിക്കു കയാണെങ്കിൽ ഖുർആനല്ലാതെ നമുക്ക് ആശ്രയിക്കാൻ പറ്റിയ മറ്റൊരു ഗ്രന്ഥമില്ലെന്നും ഖുർആൻ മന സ്സിലാക്കാനും ഗ്രഹിക്കാനും മറ്റൊരു ഗ്രന്ഥത്തിന്റെ ആവശ്യമില്ലെന്നും നമുക്ക് ഉറച്ചു വിശ്വസിക്കാനും കഴിയും .ഖുർആൻ മനസ്സിലാക്കാൻ നാം ആശ്രയിക്കണം എന്ന് പറയപ്പെടുന്ന ഗ്രന്ഥങ്ങൾ എങ്ങിനെ വായിക്കണം എന്ന തർക്കം പോലും പണ്ഡിതന്മാർക്കിടയിൽ ഇന്നുവരെ പരിഹരിക്കപ്പെട്ടിട്ടില്ലെന്ന സത്യം നാം മനസ്സിലാക്കണം.ഉറവു വറ്റാത്ത ആശയങ്ങളുള്ള പരിശുദ്ധ ഖുർആനിനെ ശരിയും തെറ്റും കൂടിക്കലർന്നതും നിർജീവമായതും യുക്തിരഹിതവുമായ ആശയങ്ങളുള്ള ഗ്രന്ഥങ്ങൾകൊണ്ട് വിശദീ കരിക്കണം എന്നു പറയുന്നതിനേക്കാൾ വിവരക്കേട് വേറെന്തുണ്ട്?. ഒന്നും വിട്ടു കളയാതെ എല്ലാ കാര്യ ങ്ങളുടെയും വിശദീകരമായിട്ടാണ് ഖുർആൻ അവതരിപ്പിക്കപ്പെട്ടിട്ടുള്ളതെന്ന സത്യം നാംമനസ്സിലാ ക്കണം.വഴിയറിയാതെ നിൽക്കുന്ന മനുഷ്യന് നേരായ വഴി (صِرَا طُ الْمُسْتَقِيم )യും,ഇരുട്ടിൽ തപ്പി

ത്തടഞ്ഞു നടക്കുന്ന മനുഷ്യന് വെളിച്ച (نُورٌ )വും അവ്യക്തമായ കാര്യങ്ങൾക്ക് വ്യക്തത(تِبْيَان)യും ,ത നിക്ക് ആവശ്യമായ കാര്യങ്ങളിൽ ഒന്നും കൂട്ടാതെയും കുറക്കാതെയും (مِيزَان ) താൻ വിശ്വസിക്കുക യും പ്രവർത്തിക്കുകയും ചെയ്യുന്ന കാര്യങ്ങളിലെ യുക്തിജ്ഞാന (حِكْمَة ) വും ലഭിക്കുന്നു.എന്നാൽ ഖുർആൻ തിബ് യാൻ അഥവാ വിശദീകൃതമാണെന്നു പറഞ്ഞാൽ അല്ല എന്നും അത് ചൊവ്വായ വഴി അഥവാ സിറാത്തുൽമുസ്തക്കീം കാണിച്ചു തരുമെന്നു പറഞ്ഞാൽ തരില്ല എന്നും ശരിയായ വഴി കാണണമെങ്കിൽ ഖുർആൻ അല്ലാത്ത കളവുകളും,അർദ്ധസത്യങ്ങളും ഉൾക്കൊള്ളുന്ന ഒരുപാട് ഗ്രന്ഥങ്ങളെ ആശ്രയിക്ക ണം എന്നും ഖുർആൻ നിഷേധികൾ വാദിക്കുകയും ജനങ്ങളെ പഠിപ്പിക്കുകയും ചെയ്യുന്നു. മാത്രമല്ല ഖുർ ആൻ വായിച്ചാൽ ജനങ്ങളിൽ ഭിന്നതയുണ്ടാവുകയാണ് ചെയ്യുക എന്നും അത് തീർക്കണമെങ്കിൽ ഇ ത്തരം മനുഷ്യനിർമ്മിത ഗ്രന്ഥങ്ങളെ ആശ്രയിക്കാതെ രക്ഷയില്ല എന്നും ഇവർ ജൽപിക്കുന്നു. ഇതല്ലേ ഏറ്റവും വലിയ ഖുർആൻ നിഷേധം?. ഇവിടെ നാം മനസ്സിലാക്കേണ്ട സുപ്രധാനമായ കാര്യം ഒരു മുസ്ലിമിന് വിശ്വസിക്കാനും ആശ്രയിക്കാനും അല്ലാഹ അല്ലാത്ത മറ്റൊരു ഇലാഹ് ഇല്ലാത്തതുപോലെ ആ അല്ലാഹുവിന്റെ കിതാബായ ഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവുമില്ല എന്നതാണ്. ആ കാര്യമാണ് ഈ ആയത്തിലൂടെ അല്ലാഹ വ്യക്തമാക്കുന്നത്.

مَا لَهُمْ مِنْ دُونِهِ مِنْ وَلِيٍّ وَلَا يُشْرِكُ فِي حُكْمِهِ أَحَدًاوَاتْلُ مَا أُوحِيَ إِلَيْكَ مِنْ كِتَاب رَبِّكَ لَا مُبَدِّلَ لِكَلِمَاتِهِ وَلَنْ تَجِدَ مِنْ دُونِهِ مُلْتَحَدا

അവനല്ലാതെ ആർക്കും ഒരു രക്ഷകനില്ല. അവൻ തന്റെ വിധിയിൽ ഒരാളെയും പങ്കുചേർക്കുന്നുമില്ല. നിന്റെ നാഥന്റെ ഗ്രന്ഥത്തിൽനിന്നു നിന്നിലേക്കു ബോധനം നൽകപ്പെട്ടതു നീ വായിക്കുകയും ചെയ്യുക. അവന്റെ വചനങ്ങൾക്കു ഒരു ഭേദഗതി വരുത്തുന്നവനും ഇല്ല തന്നെ. അവനൊഴികെ ഒരു അവലംബവും നീ ഒരിക്കലും കണ്ടെത്തുകയുമില്ല.(അൽകഹ്ഫ്26;27

ഇവിടെ നബിക്ക് വഹ് യ് നൽകിയത് റബ്ബിൽനിന്നുള്ള കിതാബാണെന്നും അത് ഒരുപാട് കിതാബുകളില്ല എന്നും അവന്റെ വചനങ്ങൾക്കു പകരം മറ്റൊന്നില്ല എന്നും അതുപോലെ നബിക്ക് ആശ്രയിക്കാൻ അല്ലാഹുവും അവന്റെ കിതാബുമല്ലാതെ മറ്റൊന്നില്ല എന്നും വ്യക്തമാക്കുന്നു.

എന്നാൽ ഖുർആൻ നിഷേധികളായ അഹ് ലുൽ ഹദീസുകാർ റബ്ബിന്റെ കിതാബു മാത്രമല്ല നബിക്ക് വഹ് യ് നൽകിയിട്ടുള്ളു എന്നും അതിനു പുറമെ ബുഖാരി പോലെയുള്ള ഒരുപാട് ഗ്രന്ഥങ്ങൾ നൽകിയി ട്ടുണ്ടെന്നും ഖുർആനിക കൽപനകളെ ഈ ഗ്രന്ഥങ്ങളിലെ വാക്കുകൾ ഭേദഗതി ചെയ്യുമെന്നും നമുക്ക് ആ ശ്രയിക്കാൻ അല്ലാഹുവും അവന്റെ കിതാബും മാത്രമല്ല ഉള്ളതെന്നും ഇവർ വാദിക്കുന്നു.

എനിക്ക് ആശ്രയിക്കാൻ റബ്ബായും ഇലാഹായും അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നു പറയാൻ നബിയോട് അല്ലാഹ കൽപിക്കുന്നു. قُلْ إِنِّي لَنْ يُجِيرَنِي مِنَ اللَّهِ أَحَدٌ وَلَنْ أَجِدَ مِنْ دُونِهِ مُلْتَحَدًا "അല്ലാഹുവിനെ കൂടാതെ എന്നെ രക്ഷിക്കു ന്നവൻ ആരുമില്ലെന്നും അവനൊഴികെ ഒരു അവ ലംബവും ഞാൻ കണ്ടെത്തുകയില്ലെന്നും നീ പറയുക.(അൽജിന്ന്22)

തനിക്ക് അവലംബമായി അല്ലാഹുവും അവന്റെ ഖുർആനും മതി എന്ന് നബി പറഞ്ഞുവെങ്കിൽ ന മുക്കും എന്തുകൊണ്ട് അത് മതിയാക്കിക്കൂട?.അല്ലാഹുവിനെ മാത്രം തന്റെ രക്ഷിതാവായി മതിയാക്കുന്നവ നാണ് അവന്റെ യഥാർത്ഥ അടിമ. അവന് അല്ലാഹ പോരേ എന്ന് ഖുർആനിലൂടെ അല്ലാഹ ചോദിക്കു ന്നു.ഈ ചോദ്യമാകട്ടെ നിഷേധാത്മക(الاِسْتِفْهَام الاِنْكَارِي )രൂപത്തിലാണ് താനും. اَلَيْسَ اللَّهُ بِكَافٍ عَبْدَه(അസ്സുമർ 36)"അല്ലാഹ തന്റെ ദാസനു മതിയായവനല്ലയോ?"മതിയായവനല്ല എന്നാണ് അഹ് ലുൽ ഹദീസുകാർ പറയുന്നതെങ്കിൽ അവർ ഖുർനിനെ നിഷേധിച്ചുകൊള്ളട്ടെ. പക്ഷെ ഒരു മുസ്ലിമിന് അതു മതി. തനിക്ക് خَالِقُ ഉം رَازِق മായി അല്ലാഹ മതി എന്ന് ഒരു വിശ്വാസി അംഗീകരിക്കും എന്നാണ് ഖുർആൻ പറയുന്നത്. هَلْ مِنْ خَالِقٍ غَيْرُ اللَّهِ يَرْزُقُكُمْ مِنَ السَّمَاءِ وَالْأَرْضِ لَا إِلَهَ إِلَّا هُوَ فَأَنَّى تُؤْفَكُونَ "അല്ലാഹ അല്ലാതെ ആകാശത്തുനിന്നും ഭൂമിയിൽനിന്നും നൽകുന്ന വല്ല സൃഷ്ടാവുമു ണ്ടോ?" (അൽഫാത്വിർ 3)

എല്ലാ വസ്തുക്കളുടെയും സൃഷ്ടാവും രക്ഷിതാവുമായ അല്ലാഹുവിനെയല്ലാതെ മറ്റൊരാളെ ഞാൻ അന്വേഷിക്കുകയില്ലെന്നു പറയാൻ അല്ലാഹ കൽപിക്കുന്നു قُلْ أَغَيْرَاللَّهِ اَبْغِي رَبًّاوَهُوَ رَب كُلَّ شَيْء "നീ പറയുക , അവൻ എല്ലാ വസ്തുക്കളുടെയും രക്ഷിതാവായിരിക്കെ അല്ലാഹുവല്ലാത്ത ഒരു രക്ഷിതാവിനെയാണോ ഞാൻ അന്വേഷിക്കുന്നത്?" (അൽഅൻആം164).നോക്കൂ സർവ്വ വസ്തുക്കളുടെ യും രക്ഷിതാവായ( رَب كُلَّ شَيْء)അല്ലാഹുവിനെ കൂടാതെ മറ്റൊരു രക്ഷിതാവിനെ ഒരു മുസ്ലിം അന്വേ

ഷിക്കാത്തതുപോലെ സർവ്വ വസ്തുക്കളുടെയും വിശദീകരണമായ (تِبْيَانًا لِكُلِّ شَيْءٍ)ഖുർആനിനെ കൂടാതെ മറ്റുഗ്രന്ഥങ്ങളെ അവൻ അന്വേഷിക്കുന്നതുമല്ല.അല്ലാഹുവിനെ റബ്ബായി മതിയാക്കുന്ന കാലത്തോളം ഖുർആനിനെ തന്റെ കിതാബായി മതിയക്കുന്നവനാണ് ഒരു യഥാർത്ഥ മുസ്ലിം. أَوَلَمْ يَكْفِهِمْ أَنَّا أَنْزَلْنَا عَلَيْكَ الْكِتَابَ يُتْلَى عَلَيْهِمْ إِنَّ فِي ذَلِكَ لَرَحْمَةً وَذِكْرَى لِقَوْمٍ يُؤْمِنُونَ "അവരോട് പാരായണം ചെയ്യപ്പെടുന്ന വേദം നാം തന്നെ നിന്റെമേൽ ഇറക്കിയത് അവർ ക്ക് മതിയാട്ടില്ലേ? (അൽഅൻകബൂത്ത്51)

മുകളിൽ പറഞ്ഞ ആയത്തുകളിലൊക്കെത്തന്നെയും അല്ലാഹുവല്ലാത്ത ഒരു റബ്ബിനെ തേടുന്നതിനെയുംഖുർആനിനെ കൂടാതെയുള്ള ഒരു ഗ്രന്ഥത്തെ സ്വീകരിക്കുന്നതിനെയും എതിർക്കുന്ന നിഷേധാത്മക ചോദ്യരൂപത്തിലാണ് അല്ലാഹു ചോദിക്കുന്നത്.

ഒരു വിശ്വസിയോട് അല്ലാഹു മതിയായവനല്ലയോ? എന്ന് ചോദിച്ചാൽ മതി എന്നും അല്ലാഹുവിന്റെ കിതാബ് പോരേ? എന്ന് ചോദിച്ചാൽ മതിഎന്നും അല്ലാഹുവല്ലാതെ ഇലാഹായി മറ്റാരെങ്കിലുമുണ്ടോ?എന്ന ചോദിച്ചാൽ ഇല്ല എന്നുമായിരിക്കും ഉത്തരം. തന്നെയുമല്ല ഖുർആൻ മാത്രം മതിയക്കുന്നതിലും തൃപ്തിപ്പെടുന്നതിലും അവന് കാരുണ്ണ്യവും ഉപദേശവും ഉണ്ടെന്ന് അല്ലാഹു വ്യക്തമാക്കുന്നു.إِنَّ فِي ذَلِكَ لَرَحْمَةً وَذِكْرَى لِقَوْمٍ يُؤْمِنُونَ (അൽഅൻകബൂത്ത്51) " വിശ്വസിക്കുന്ന ജനതയ്ക്ക് ഒരു കാരുണ്ണ്യവും ഉപദേശവും അതിൽതന്നെയുണ്ട്"

പഠിക്കാനും മനസ്സിലാക്കാനും കഴിയുന്നതും വളരെ വ്യക്തമായതും തെറ്റുകളിൽ നിന്നും സംരക്ഷിക്കപ്പെട്ടതുമായ ഏകഗ്രന്ഥം മാത്രമേ മുഹമ്മദു നബിയിലൂടെ അല്ലാഹു നമുക്ക് നൽകിയിട്ടുള്ളു എന്നത് അവന്റെ അനുഗ്രഹമായി നാം മനസ്സിലാക്കണം. ആ ഗ്രന്ഥത്തിന് ഒരു തുടക്കവും ഒടുക്കവുമുണ്ട്. മറവിയും ഇച്ഛകളെ പിൻപറ്റുന്നവരും തെറ്റുകൾ സംഭവിക്കുന്നവരുമായ മനുഷ്യരാൽ എഴുതിയുണ്ടാക്കപ്പെട്ട മറ്റു പല ഗ്രന്ഥങ്ങളെ ആശ്രയിക്കേണ്ട ഒരു അവസ്ഥയിലേക്കു അല്ലാഹു നമ്മെ തള്ളി വിട്ടില്ല എന്നത് അവന്റെ അനുഗ്രഹമായി നാം കാണണം.ഇങ്ങിനെ എഴുതിയുണ്ടാക്കുന്നവർ ഭിന്നാഭിപ്രായക്കാരും അവരുടെഗ്രന്ഥങ്ങളിലാകട്ടെ ആശയത്തിലും വായനയിൽ പോലും ഭിന്നതയുള്ളവയുമാണ്.

## സംശയമില്ലാത്ത സത്യം ഖുർആൻ മാത്രം അതല്ലാത്തതൊക്കെ ഊഹ ങ്ങൾ മാത്രം അവ പിമ്പറ്റേണ്ടതില്ല. :-

സംശയങ്ങൾക്ക് ഇട നൽകാത്തതും വിശ്വസിക്കണമെങ്കിൽ ഉപാധികളില്ലാത്തതുമായ ഏകഗ്രന്ഥം ഖുർആൻ മാത്രമാണ് ذَلِكَ الْكِتَابُ لَا رَيْبَ فِيهِ هُدًى لِلْمُتَّقِينَ (അൽബഖറ 2) "അതാണ് സാക്ഷാൽ ഗ്രന്ഥം യാതൊരു സംശയവുമില്ല. സർവ്വ സൂക്ഷ്മാലുക്കൾക്കുമുള്ള മാർഗ്ഗ നിർദ്ദേശവും അതിലാണുള്ളത്."

ഖുർആനല്ലാത്ത ഗ്രന്ഥങ്ങൾ സത്യവും അസത്യവും കൂതിക്കലർന്നതും അവ വിശ്വസിക്കണമെങ്കിൽ ആരു പറഞ്ഞു?അവൻ കളവു പറയുന്നവനാണോ? അല്ലേ? അങ്ങിനെ പല ഉപാധികളോടുംകൂടി മാത്രമേ കഴിയൂ എന്ന് ഈ ഗ്രന്ഥങ്ങൾ എഴുതിയവർ തന്നെ സമ്മതിക്കുന്നു. മാത്രവുമല്ല ഇങ്ങിനെ സത്യങ്ങളും അസത്യങ്ങളും കൂടിക്കലർന്നവയെ ഊഹങ്ങളുടെ ഗണത്തിൽ മാത്രമെ ഉൾപ്പെടുത്താൻ പറ്റുകയുള്ളു എന്നും ഇവർ തന്നെ സമ്മതിക്കുന്നു. എന്നാൽ അല്ലാഹുവിനെതിരിൽ അന്ത്യദിനത്തിൽ മനുഷ്യർക്ക് ഒരു ന്യായവും പറഞ്ഞ് രക്ഷപ്പെടാൻ പറ്റാത്ത രൂപത്തിലുള്ള ഉറച്ച സത്യങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങമായിരിക്കും അല്ലാഹു നൽകുന്നത്.ആ ഗ്രന്ഥമാകട്ടെ തെറ്റുകളിൽനിന്നും തിരുത്ത ലുകളിൽ നിന്നും മുക്തമായതും അല്ലാഹുവിനാൽ സംരക്ഷിക്കപ്പെട്ടതുമായ ഗ്രന്ഥമായിരിക്കുകയും ചെയ്യും إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُ لَحَافِظُونَ "നാം തന്നെയാണ് ആ ذِكر നെ ഇറക്കിയത്. അതിനെ സംരക്ഷിക്കുന്നവനും നാം തന്നെയാണ്."(അൽഹിജ്ർ 9) وَإِنَّهُ لَكِتَابٌ عَزِيزٌ لايَأْتِيهِ البَاطِلُ مِن بينِ يَدَيْه وَلا مِن خَلْفِه تَنْزِيل مِن حكِيمٍ حمِيد
(فصلت- 41) "അതാണെങ്കിൽ തീർച്ചയായും അജയ്യമായ ഒരു ഗ്രന്ഥം. അതിന്റെ മുമ്പിലൂടെയോ പിമ്പിപിലൂടെയോ മിഥ്യകളൊന്നും പ്രവേശിക്കുകയില്ല. ന്യായാധിപനും സ്തുത്യർഹനുമായവന്റെ പക്കൽ നിന്നുള്ള ഒരു അവതരണമാണ്." ( ഫുസ്സിലത്ത് 41-42) .

അപ്പോൾ തെറ്റുകൾ വരാത്തതും അല്ലാഹുവിനാൽ സംരക്ഷിക്കപ്പെട്ടതുമായ ഏകഗ്രന്ഥം ഖുർആൻ

മാത്രമാണ്. മറ്റുഗ്രന്ഥങ്ങൾക്കൊന്നും ഈ വിഷേശണങ്ങളില്ല. മനുഷ്യനിർമ്മിത ഗ്രന്ഥങ്ങളിലും മതങ്ങളിലും സംശയങ്ങൾക്കും ഊഹങ്ങൾക്കും സാധ്യതകളുടുതലുള്ളവയാണ്. അതുകൊണ്ടാണ് ഊഹങ്ങളിലും സംശയങ്ങളിലുമധിഷ്ഠിതമായ വിശ്വാസങ്ങളിൽ നിന്ന് പിന്തിരിയാനും സംശയമില്ലാത്ത ഉറച്ച സത്യങ്ങൾ ഉൾക്കൊള്ളുന്നഗ്രന്ഥത്തെയും ദീനിനെയും പിൻപറ്റാനും അല്ലാഹു നമ്മോട് കൽപിക്കുന്നത്.

وَمَا يَتَّبِعُ الَّذِينَ يَدْعُونَ مِنْ دُونِ اللَّهِ شُرَكَاءَ إِنْ يَتَّبِعُونَ إِلَّا الظَّنَّ وَإِنْ هُمْ إِلَّا يَخْرُصُونَ

"അല്ലാഹു അല്ലാത്തവരെ വിളിക്കുന്നവർ ചില പങ്കാളികളെ പിൻപറ്റുകയില്ലെന്നും, അവർ ഊഹത്തെയല്ലാതെ പിൻപറ്റുന്നില്ലെന്നും അവർ അനുമാനിക്കുക മാത്രമാണ് ചെയ്യുന്നതെ ന്നും അറിയുവീൻ(യൂനുസ്66)

വീണ്ടും അല്ലാഹു പറയുന്നു :- سَيَقُولُ الَّذِينَ أَشْرَكُوا لَوْ شَاءَ اللَّهُ مَا أَشْرَكْنَا وَلَا آبَاؤُنَا وَلَا حَرَّمْنَا مِنْ شَيْءٍ كَذَٰلِكَ كَذَّبَ الَّذِينَ مِنْ قَبْلِهِمْ حَتَّىٰ ذَاقُوا بَأْسَنَا قُلْ هَلْ عِنْدَكُمْ مِنْ عِلْمٍ فَتُخْرِجُوهُ لَنَا إِنْ تَتَّبِعُونَ إِلَّا الظَّنَّ وَإِنْ أَنْتُمْ إِلَّا تَخْرُصُونَ

"ബഹുദൈവ വിശ്വാസികൾ ഉടനെ പറയും അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിൽ ഞങ്ങളോ ,ഞങ്ങളുടെ പിതാക്കൻമാരോ, പങ്കുചേർക്കുകയോ ,ഒന്നിനെയും നിഷിദ്ധമാക്കുകയോ ചെയ്യുമായിരുന്നില്ല. അപ്രകാരമായിരുന്നു അവരുടെ മുൻപുണ്ടായിരുന്നവർ വ്യാജമാക്കുകയും,നമ്മുടെ ശിക്ഷ രുചിക്കുകയും ചെയ്തത്.നീ പറയുക ഞങ്ങൾക്ക് വെളിപ്പെടുത്തിത്തരുവാൻവല്ല അറിവും നിങ്ങളുടെ പക്കലുണ്ടോ?. ഊഹത്തെ യല്ലാതെ നിങ്ങൾ പിൻപറ്റുന്നില്ല. നിങ്ങൾ അനുമാനിക്കുകയല്ലാതെ ഒന്നും ചെയ്യുന്നില്ല.(അൽഅൻആം148)

അപ്പോൾ വിരലിലെണ്ണാവുന്ന ഹദീസുകൾ ഒഴികെയുള്ളവയെല്ലാം ഊഹത്തെ(ظن) മാത്രമേ ഫലം ചെയ്യുകയുള്ളുവെന്ന് ഹദീസ് പണ്ഡിതന്മാരെല്ലാം ഏകോപിച്ച് സമ്മതിക്കുന്നു.അതുകൊണ്ട് അത്തരം ഹദീസുകളെ നാം എന്തിനു സ്വീകരിക്കണം?.സത്യം മാത്രം പിൻപറ്റിയാൽ പോരേ?.

സത്യത്തെ പിൻപറ്റുന്നവരെക്കുറിച്ചും ഊഹങ്ങളെ പിൻപറ്റുന്നവരെക്കുറിച്ചും അല്ലാഹു പറയുന്നത് നാം ഒന്ന് കാണുക:- وَمَا يَتَّبِعُ أَكْثَرُهُمْ إِلَّا ظَنًّا إِنَّ الظَّنَّ لَا يُغْنِي مِنَ الْحَقِّ شَيْئًا "അവരിൽ അധിക പേരും ഊഹത്തെയല്ലാതെ പിൻപറ്റുന്നില്ല. തീർച്ചയായും ഊഹം സത്യത്തിൽനിന്ന് യാതൊന്നിനും ഒരു പ്രയോജനവും ചെയ്യുന്നില്ല"(യൂനുസ്36)

ജനങ്ങളിലെ മഹാഭൂരിഭാഗവും സത്യത്തെ തള്ളിക്കളയുകയും ഊഹങ്ങളെ പിൻപറ്റുകയുമാണ് ചെയ്യുന്നതെന്ന് ഖുർആൻ വ്യക്തമാക്കുന്നു. :-

وَإِنْ تُطِعْ أَكْثَرَ مَنْ فِي الْأَرْضِ يُضِلُّوكَ عَنْ سَبِيلِ اللَّهِ إِنْ يَتَّبِعُونَ إِلَّا الظَّنَّ وَإِنْ هُمْ إِلَّا يَخْرُصُونَ

(അൽഅൻആം116)"ഭൂമിയിലുള്ളവരിൽ ഭൂരിഭാഗത്തിനു നീ അനുസരിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽനിന്നും അവർ നിന്നെ വഴി തെറ്റിക്കുന്നതാണ്. അവർ ഊഹത്തെയല്ലാതെ പിൻപറ്റുന്നില്ല. അവർ അനുമാനിക്കുകയല്ലാതെ ചെയ്യുന്നുമില്ല."(അൽഅൻആം116)ഇന്ന് നമ്മുടെ ഒരു സംശയമാണ് ഖുർആൻ വിശ്വാസികൾ കുറച്ച് പേർ മാത്രേമയുള്ളൂ.എന്നാൽ ഹദീസ് വിശ്വാസികളാണ് മഹാഭൂരിഭാഗവും എന്നത്.ഈആയത്തിൽ അല്ലാഹു വ്യക്തമാക്കുന്നത് നിങ്ങൾ ഭൂരിപക്ഷത്തിന്അനുസരിക്കാണ്ടതില്ല. മറിച്ച് പരമമായ സത്യത്തിനു الحَقّ അനുസരിച്ചാൽമതി.കാരണം മഹാഭൂരിഭാഗവും ഊഹങ്ങളെയും സങ്കൽപങ്ങളെയും,അനുമാനങ്ങളെയുമല്ലാതെ പിമ്പറ്റുന്നില്ല എന്ന കാര്യമാണ്.

ഇന്ന് മുസ്ലിംകൾ വിശ്വസിക്കുന്ന ഹദീസുകളിലെ മഹാഭൂരിഭാഗവും ഒറ്റയാൻമാരുടെ(خَبَر آحَاد ) വാർത്തകളാണെന്നും അവ ഊഹത്തെ മാത്രമെ ഫലം ചെയ്യുകയുള്ളുവെന്നും ഉറച്ചതും സത്യമായതു മായ അറിവി(عِلْمُ اليَقِين)നെ പ്രയോജനം ചെയ്യുകയില്ലെന്നും ഹദീസു പണ്ഡിതൻമാർ തന്നെഏകോപിച്ച് സമ്മതിക്കുന്നു.എന്നിട്ടും സത്യത്തിൽനിന്ന് യാതൊന്നിനും ഒരു പ്രയോജനവും ചെയ്യാത്ത അത്തരം ഊഹങ്ങളെ പിൻപറ്റാൻ അവർ നമ്മോട് കൽപിക്കുകയും ചെയ്യുന്നു. മാത്രമല്ല സത്യത്തോടുകൂടി ഇറങ്ങിയതും ഇറക്കപ്പെട്ടതുമായ ഖുർ ആനിനെ തള്ളിക്കളയാനും അവർ പറയുന്നു. وَبِالْحَقِّ أَنْزَلْنَاهُ وَبِالْحَقِّ نَزَلَ(الاسراء 105)"സത്യത്തോടുകൂടി അതിനെ നാം ഇറക്കുകയും സത്യത്തോടുകൂടി അത് ഇറങ്ങുകയും ചെയ്തിരിക്കുന്നു."(അൽഇസ്റാഅ105) ഇങ്ങിനെ അല്ലാഹു ഇറക്കിയ പരമമായ സത്യത്തനപ്പുറം വഴികേടല്ലാതെ മറ്റെന്തുണ്ട്. ഈ വിഷയത്തിലുള്ള ചില ഖുർആനിക വചനങ്ങൾകൂടി നമുക്കൊന്ന് പരിശോധിക്കാം:- وَالَّذِي أَوْحَيْنَا إِلَيْكَ مِنَ الْكِتَابِ هُوَ الْحَقُّ "ഈ വേദമായിട്ടു നാം നിന്നിലേക്ക് അറിയിച്ചത് എന്തോ അത് തന്നെയാണ് സാക്ഷാൽ സത്യം."(ഫാത്വിർ 31)അപ്പോൾ നബിക്ക് അല്ലാഹു വഹ് യ്

നൽകിയത് കിതാബാണെന്നും അത് ഖുർആനല്ലാതെ ഒന്നിലധികം കിതാബുകളില്ലെന്നും വ്യക്തമാകുന്നു .അങ്ങിനെയുള്ള ഈ പരമ സത്യങ്ങൾക്കപ്പുറം വഴികേടല്ലാതെ മറ്റെന്തുണ്ട്?.അല്ലാഹു ചോദിക്കുന്നു.

فَذَلِكُمُ اللَّهُ رَبُّكُمُ الْحَقُّ فَمَاذَا بَعْدَ الْحَقِّ إِلَّا الضَّلَالُ

"അപ്പോൾ ആ അല്ലാഹുവാണ് നിങ്ങളുടെ സത്യമായ രക്ഷിതാവ്.ഈ സത്യത്തിനു ശേഷം ദുർമാർഗ്ഗമല്ലാതെമറ്റെന്തുണ്ട്? فَذَلِكُمُ اللَّهُ رَبُّكُمُ الْحَقُّ فَمَاذَا بَعْدَ الْحَقِّ إِلَّا الضَّلَالُ (യൂനുസ്32)

ذَلِكَ بِأَنَّ اللَّهَ هُوَ الْحَقُّ وَأَنَّ مَا يَدْعُونَ مِنْ دُونِهِ الْبَاطِلُ(لقمان 30)

".........അതെന്തുകൊണ്ടെന്നാൽ അല്ലാഹു സത്യം തന്നെയാണെന്നതിനാലും അവനെയല്ലാ തെ അവർ വിളിക്കുന്നതെല്ലാം മിഥ്യയാണെന്നതിനാലും.......(ലുഖ്മാൻ30)

إِنَّ هَذَا لَهُوَ الْقَصَصُ الْحَقُّ (ال عمران 62)

"ഇതു തന്നെയാണ് സാക്ഷാൽസത്യമായ കഥാകഥനം"(ആലുഇംറാൻ62)

إِنَّ هَذَا لَهُوَ حَقُّ الْيَقِينِ (الواقعه 95)

തീർച്ചയായും ഇതുതന്നെയാണ് ദൃഢമായ സത്യം."(അൽവാഖിഅ 9")

وَإِنَّهُ لَحَقُّ الْيَقِينِ (الحاقه 51)

"തീർച്ചയായും അത് ദൃഢമായ സത്യം തന്നെയാണ്"(അൽഹാഖ 51)

ഇവിടെ അല്ലഹുവിനെക്കുറിച്ചും അവന്റെ ഗ്രന്ഥത്തെക്കുറിച്ചും അതിലെ വചനങ്ങളെക്കുറിച്ചുമാണ് الحقഎന്ന് പറഞ്ഞത്. ,ഖുർആൻ വളരെ ശക്തവും ഉറച്ചതുമായ ശൈലിയിലാണ് അല്ലാ ഹു ഇവിടെ പ റഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഇത്തരം ഉറച്ച സത്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥം അല്ലഹു നമുക്ക് നൽ കി ആദരിച്ചിരിക്കെ പിന്നെ എന്തിനാണ് ഊഹങ്ങളും സംശയങ്ങളും അസത്യങ്ങളും ഉൾക്കൊള്ളുന്ന ഗ്ര ന്ഥളുടെ പിന്നാലെ പോകണം?ഊഹങ്ങൾക്ക് സത്യദീനിൽ ഒരു സ്ഥാനമോ പ്രസക്തിയോ ഇല്ല താനും.

## വിശ്വസിക്കേണ്ട ഏക ഹദീസ് ഖുർആൻ മാത്രം

ഹദീസ് എന്ന പദം ഖുർആനിൽ അല്ലഹു തന്റെ ഗ്രന്ഥത്തിന്റ വിശേഷണത്തിനാണ് ഉപയോ ഗിച്ചിച്ചുള്ളത്.എന്നിട്ട് ആ ഖുർആൻ പോലെയുള്ള ഒരു ഹദീസ് കൊണ്ടുവരാൻ ബഹുദൈവ വിശ്വാസി കളെ അല്ലാഹു വെല്ലുവിളിക്കുകയും ചെയ്തു.

أَمْ يَقُولُونَ تَقَوَّلَهُ بَلْ لَا يُؤْمِنُون فَلْيَأْتُوا بِحَدِيثٍ مِثْلِهِ إِنْ كَانُوا صَادِقِينَ (الطور 34-33)

"ഇത് അവൻ കെട്ടിച്ചമച്ചതാണെന്ന് അവർ പറയുന്നുണ്ടോ? ഇല്ല പിന്നെയോ?അവർ വിശ്വസിക്കുന്നില്ല .എങ്കിൽ അവർ സത്യസന്ധരാണെങ്കിൽ അതുപോലുള്ള ഒരു ഹദീസു് കൊണ്ടുവരട്ടെ......"(അത്തൂർ 33-34) എന്തൊരു വിചിത്രമെന്നു പറയട്ടെ ബഹുദൈവ വിശ്വാസികളോടുള്ള വെല്ലുവിളി അഹ്ലുൽ ഹദീസു കാർ ഏറ്റെടുക്കുകയും കുറെ വാറോലകൾ എഴുതിയുണ്ടാക്കുകയും അവക്ക് ഖുർആനിനു അല്ലാഹു നൽകി യ നാമമായ ഹദീസ്എന്ന പേര് ഇവർനൽകുകയും ചെയ്തു .അവയാകട്ടെ "അഹ്സനുൽ ഹദീസ്:എന്ന് വിശേഷിപ്പിക്കപ്പെട്ട ഖുർആനിന്റെ അടുത്തു പോലും വെക്കാൻ പറ്റാത്തതും. അല്ലാഹു പറയുന്നു :-

اللَّهُ نَزَّلَ أَحْسَنَ الْحَدِيثِ كِتَابًا مُتَشَابِهًا مَثَانِيَ تَقْشَعِرُّ مِنْهُ جُلُودُ الَّذِينَ يَخْشَوْنَ رَبَّهُمْ ثُمَّ تَلِينُ جُلُودُهُمْ وَقُلُوبُهُمْ إِلَى ذِكْرِ اللَّهِ ذَلِكَ هُدَى اللَّهِ يَهْدِي بِهِ مَنْ يَشَاءُ (الزمر 23)

"അത്യുത്തമ ഹദീസിനെ പരസ്പര സദൃശവും ആവർത്തിതവുമായ ഒരുഗ്രന്ഥമായി അല്ലാഹു അവതരി പ്പി ച്ചിരിക്കുന്നു.അതു നിമിത്തം തങ്ങളുടെ നാഥനെ ഭയപ്പെടുന്നവരുടെ ചർമ്മങ്ങൾ രോമാഞ്ചിതമാവുകയും പിന്നീട് അവരുടെ ചർമ്മങ്ങളും ഹൃദയങ്ങളും അല്ലാഹുവിന്റെ അനുസ്മരണത്തിനു മൃദുലമാവുകയും ചെയ്യു ന്നു .അതാണ് ഉദ്ദേശിക്കുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനുള്ള അല്ലാഹുവിന്റെ മാർഗ്ഗനിർദ്ദേ ശം ."(അസ്സുമർ 23)

അത്യുത്തമ ഹദീസ് ഒരുഗ്രന്ഥമായി(كتابا)എന്ന പ്രയോഗത്തിൽ നിന്നും ഒരുഗ്രന്ഥമാകാനേ പറ്റുകയുള്ളൂ)ഏറ്റവും നല്ലത്(أَحْسَن ) അല്ലാഹു നമുക്ക് നൽകിയിരിക്കെ എന്തിനു ഏറ്റവും ചീത്തയായ ( أقبح ) ഹദീസുകൾ നാം തേടി പോകണം?ഹദീസ് എന്ന് വിശേഷിപ്പിക്കപ്പെട്ട ഖുർആനിലാണ് സത്യം മുഴുവൻ എന്ന് അല്ലാഹു വ്യക്തമാക്കുന്നു. وَمَنْ أَصْدَقُ مِنَ اللَّهِ حَدِيثًا (النساء 87)

ഖുർആനാകുന്ന ഈ ഹദീസിനെ നിഷേധിക്കുന്നവരെ അല്ലഹു ഭീഷണിപ്പെടുത്തു കയും താക്കിതു ചെയ്യുകയും ചെയ്യുന്നു. فَذَرْنِي وَمَنْ يُكَذِّبُ بِهَذَا الْحَدِيثِ سَنَسْتَدْرِجُهُمْ مِنْ حَيْثُ لَا يَعْلَمُونَ (القلم 44) "അതിനാൽ എന്നെയും ഈ ഹദീസിനെ വ്യാജമാക്കുന്നവരെയും നീ വിട്ടേക്കുക. അവരറിയാത്ത

വിധത്തിൽ അവരെ നാം ഇതാ അടുപ്പിക്കുകയാണ്.(അൽഖലം44)ഖുർആനാകുന്ന അല്ലാഹ്ഹവിന്റെ ഹദീ സല്ലാത്ത പുറമെയുള്ളവയിൽ വിശ്വസി ക്കേണ്ടതില്ലെന്ന് അല്ലഹുവ്യക്തമാക്കുന്നു:-

فَبِأَيِّ حَدِيثٍ بَعْدَهُ يُؤْمِنُونَ(المرسلات 50)

"അപ്പോൾ അതിനു ശേഷം ഏതൊരു ഹദീസിലാണ് അവർ വിശ്വസിക്കുന്നത്? "(അൽമുർസലാത്ത്50) ഇതേ ആശയം തന്നെ ഖുർആനിലെ പല വചനങ്ങളിലും വ്യക്തമാക്കുന്നുണ്ട്

فَبِأَيِّ حَدِيثٍ بَعْدَهُ يُؤْمِنُونَ (الاعراف 185)

فَبِأَيِّ حَدِيثٍ بَعْدَ اللَّهِ وَآيَاتِهِ يُؤْمِنُون (ا لجاثية 6)

"അപ്പോൾ അല്ലാഹ്ഹവിനും അവന്റെ അടയാളവാക്യങ്ങൾക്കും ശേഷം ഏതൊരു ഹദീസിലാണ് അവർ വിശ്വസിക്കുന്നത്?(അൽജാസിയ 6) അല്ലാഹ്ഹവിനെയല്ലാതെ ഇലാഹായി സ്വീകരിക്കേണ്ട തില്ലാത്തതുപോലെ ഖുർആൻ എന്ന ഹദീസിൽ മാത്രമല്ലാതെ നാം വിശ്വസിക്കേണ്ടതുമില്ല.അല്ലഹുവിനെ ഇലാഹായും റബ്ബായും മതിയാക്കുകഖുർആനാകു ന്ന ഹദീസുകൊണ്ടും മതിയാക്കുക. تِلْكَ آيَاتُ اللَّهِ نَتْلُوهَا عَلَيْكَ بِالْحَقِّ فَبِأَيِّ حَدِيثٍ بَعْدَ اللَّهِ وَآيَاتِهِ يُؤْمِنُون وَيْلٌ لِكُلِّ أَفَّاكٍ أَثِيمٍ(الجاثية 7 ) അവ സത്യത്തോടുകൂടി നിനക്കു നാം ഓതിത്തരുന്ന അല്ലാഹ്ഹവിന്റെ അടയാളവാക്യങ്ങളാകുന്നു. അപ്പോൾ" അല്ലാഹവിനും അവന്റെ അടയാളവാക്യങ്ങൾ ക്കും ശേഷം ഏതൊരു ഹദീസിലാണ് അവർ വിശ്വസിക്കുന്നത്?പാപികളായ സർവ്വനുണയന്മാ ർക്കും മഹാനാശം ഭവിക്കട്ടെ.."(അൽജാസിയ 7)

ഖുർആനിനു പുറമെയുള്ള ഹദീസുകളെ "വാർത്താവിനോദം"(لَهْوَالْحَدِيث)എന്നാണ് ഖുർആൻ വിശേഷിപ്പിച്ചിട്ടുള്ളത്.:- وَمِنَ النَّاسِ مَنْ يَشْتَرِي لَهْوَ الْحَدِيثِ لِيُضِلَّ عَنْ سَبِيلِ اللَّهِ بِغَيْرِ عِلْمٍ وَيَتَّخِذَهَا هُزُوًا أُولَئِكَ لَهُمْ عَذَابٌ مُهِينٌ(لقمان 6-7 )-എന്നാൽ യാതൊരു അറിവുമില്ലാതെ അല്ലാഹ്ഹവിന്റെ മാർഗ്ഗത്തിൽനിന്നും വ്യതിചലിപ്പിക്കാനും അതിനെ പരിഹാസമാക്കാനും വേണ്ടി വാർത്താവിനോദം (لهوالحديث) വിലക്കുവാങ്ങുന്ന ചിലർ മനുഷ്യരിൽ തന്നെയുണ്ട് അക്കൂട്ടർ ആരോ അവർക്കു തന്നെയാണ്നിന്ദിക്കുന്ന ശിക്ഷ. അവർക്ക് നമ്മുടെ അടയാളവാക്യങ്ങൾ ഓതിക്കൊടുത്താൽ തങ്ങളുടെ ഇരു ചെവികളിലുംവല്ല അടപ്പുമുള്ളതുപോലെ അതു കേട്ടിട്ടില്ലാത്തമട്ടിൽ അഹങ്കാരികളായി തിരിഞ്ഞുപോകും.അതിനാൽ അവർക്കു നീ കഠിനമായ ശിക്ഷയെക്കുറിച്ച് സന്തോഷം അറിയക്കുക. (ലുഖ്മാൻ6-7)

ദൂതന്റെമേൽ <u>ഇറക്കപ്പെട്ട എഴുതപ്പെടേണ്ട വഹ് യ് ഖുർആനിലെ സൂറത്തുകളും ആയത്തുകളും മാത്രം</u>:-ബഹുദൈവ വിശ്വാസികളെ ഖുർആനിലെ സൂറത്തുകൾക്കോ സൂക്തങ്ങൾ ക്കോ തുല്ല്യമായതൊന്നു കൊണ്ടുവരാൻ അല്ലാഹു വെല്ലുവിളിക്കുന്നു. وَإِنْ كُنْتُمْ فِي رَيْبٍ مِمَّا نَزَّلْنَا عَلَى عَبْدِنَا فَأْتُوا بِسُورَةٍ مِنْ مِثْلِهِ وَادْعُوا شُهَدَاءَكُمْ مِنْ دُونِ اللَّهِ إِنْ كُنْتُمْ صَادِقِينَ(البقرة 23 )

"നമ്മുടെ ദാസന്റെമേൽ നാം ഇറക്കിയതിനെക്കുറിച്ച് നിങ്ങൾ വല്ല സംശയത്തിലുമായാൽ നിങ്ങൾ സത്യസന്ധരാണെങ്കിൽ അതുപോലുള്ളതിൽനിന്ന് ഒരു സൂറത്ത് കൊണ്ടുവരികയും..........(അൽബഖര 23) ഖുർആനിലെ ഒരു സൂറത്തിന്റെ മാതിരിയിൽ നിന്നുപോലും ആർക്കും കൊണ്ടുവരാൻ കഴിയില്ലെ ന്നിരിക്കെ പിന്നെ നബി എങ്ങിനെ അതുപോലുള്ള ഒന്ന് എനിക്കു നൽകപ്പെട്ടിരി ക്കുന്നു എന്ന് പറയും? ഖുർആനിൽ ഖുർആനിനു مِثْلകൊണ്ടുവരാൻ കഴിയില്ലെന്ന് നബി വായിച്ചു കേൾപിക്കുക യും അതെ നബി തന്നെ "എനിക്ക് ഖുർആനും അതുപോലെ യുള്ള ഒന്നും(وَمِثْلُهُ مَعَهُ)നൽകപ്പെട്ടിരിക്കുന്നു"എന്നും പറയുക.എന്തൊരു വൈരുദ്ധ്യം? വീണ്ടും അല്ലഹു പറയുന്നു .

أَمْ يَقُولُونَ افْتَرَاهُ قُلْ فَأْتُوا بِسُورَةٍ مِثْلِهِ(يونس 38)

"അതല്ല അവൻ അത് കള്ളം ചമച്ചതാണെന്നു അവർ പറയുകയാണോ? നീ പറയുക ,എങ്കിൽ ഒരദ്ധ്യാ യംനിങ്ങൾ കൊണ്ടുവരികയും.........(യൂനുസ്38)

മേൽ പറഞ്ഞതും അതുപോലെയുള്ള ഒരുപാട് ആയത്തുകളിൽനിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് നബിയുടെമേൽ അവതരിപ്പിക്കപ്പെട്ടിരുന്നത് സൂറത്തുകളും ,ആയത്തുകളുമാണെന്നതാണ്. ആ സൂറത്തുകളും ആയത്തുകളുമാകട്ടെ ഖുർആനിനുള്ളിലാണു താനും. അതല്ല നബിക്ക് ഇറക്കപ്പെട്ടതിൽ അഹ് ലുൽ ഹദീസുകാർ വിശ്വസിക്കുന്ന ഹദീസുകളുമുണ്ടെങ്കിൽ അതുപോലുള്ള ആയിരക്കണക്കിന് ഹദീസുകൾ മനുഷ്യർക്ക് നിർമ്മിക്കാനുംകൊണ്ടുവരാനും കഴിയുമല്ലോ?കഴിയും എന്നതിനു ഇവർക്കുള്ള

തെളിവല്ലേ പത്ത് ലക്ഷം ഹദീസുകളിൽനിന്നും ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തോളം വ്യാജ ഹദീസകൾ ബുഖാരി തള്ളിക്കളഞ്ഞു എന്നത്.

മനുഷ്യരുടെയും ജിന്നുകളുടെയും എഴുന്നേൽപിന്റെ നാളിൽ ദൂതന്മാരുടെമേൽ ഇറ ക്കപ്പെട്ട ആയത്തുകളെക്കുറിച്ചും അവ വിശ്വസിച്ചതിനെക്കുറിച്ചും, നിഷേധിച്ചതിനെക്കുറിച്ചും മാത്രമെ ചോദ്യം ചെയ്യപ്പെടുകയുള്ളൂ.അല്ലാതെ ഖുർആനിനു പുറമെയുള്ള ഏതെങ്കിലുമൊരു ഹദീസ് നിഷേധിച്ചതിനെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുകയോ,ശിക്ഷിക്കപ്പെടുകയോ ഇല്ല തന്നെ. അല്ലാഹു പറയുന്നത് നോക്കുക:-

يَا مَعْشَرَ الْجِنِّ وَالْإِنْسِ أَلَمْ يَأْتِكُمْ رُسُلٌ مِنْكُمْ يَقُصُّونَ عَلَيْكُمْ آيَاتِي وَيُنْذِرُونَكُمْ لِقَاءَ يَوْمِكُمْ هَذَا

ഹേ ജിന്നിൻറേയും മനുഷ്യരുടെയും കൂട്ടമേ നിങ്ങൾക്കു നമ്മുടെ അടയാളവാക്യങ്ങൾ" (الانعام 130)
വിവരിച്ചുകൊണ്ടും നിങ്ങളുടെ ഈദിനത്തിലെ കൂടിക്കാഴ്ച്ചയെക്കുറിച്ച് മുന്നറിയിപ്പു നൽകി ക്കൊണ്ടും (നിങ്ങൾക്കു നിങ്ങളിൽനിന്നു തന്നെ ദൂതന്മാർ വന്നിരുന്നില്ലേ?....(അൽഅൻആം130

ദൂതന്മാർ ജനങ്ങൽക്ക് എത്തിച്ചു കൊടുക്കുന്ന ആയത്തുകൾ നിഷേധിച്ചതിന്റെ പേരിൽ നരകത്തിൽ പോയതിനെക്കുറിച്ചല്ലാതെ അഹ് ലുൽ ഹദീസുകാർ പറയുന്ന ഹദീ സ് നിഷേധിച്ചതിന്റെ പേരിൽ നരകത്തിൽ പോകുമെന്ന് എവിടെയും പറഞ്ഞിട്ടില്ല. അല്ലാഹു പറയുന്നത് ഒന്ന് നോക്കൂ:-

وَسِيقَ الَّذِينَ كَفَرُوا إِلَى جَهَنَّمَ زُمَرًا حَتَّى إِذَا جَاءُوهَا فُتِحَتْ أَبْوَابُهَا وَقَالَ لَهُمْ خَزَنَتُهَا أَلَمْ يَأْتِكُمْ رُسُلٌ مِنْكُمْ يَتْلُونَ عَلَيْكُمْ آيَاتِ رَبِّكُمْ (الزمر 71)

നിഷേധിച്ചിരുന്നവരെ പല കൂട്ടങ്ങളായി നരക" കുണ്ഡത്തിലേക്കു നയിക്കപ്പെടുയും അങ്ങിനെ അവർ അതിന്റെ അടുത്തെത്തിയാൽ അതിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും അതിന്റെ സൂക്ഷിപ്പുകാർ അവരോട് പറയുകയുംചെയ്യും . നിങ്ങളുടെ നാഥന്റെ ആയത്തുകൾ നിങ്ങൾ ക്ക് വായിച്ചു തന്നുകൊണ്ടും,നിങ്ങളുടെ ഇന്നത്തെ കൂടിക്കാഴ്ച്ചയെപ്പറ്റി നിങ്ങളോട് താക്കീതു നൽകിക്കൊണ്ടും നിങ്ങളിൽനിന്നുള്ള ചില ദൂതന്മാർ നിങ്ങളുടെ അടുത്ത് വന്നിരുന്നില്ലേ? (അസ്സുമർ 71) അതായത് ദൂതന്മാർ അവർക്ക് വായിച്ചു കേൾപ്പിച്ചിരുന്നത് ആയത്തുകളും സൂറത്തുകളുമാണെന്ന് വ്യക്തം.അതുപോലെ നബിക്ക് അല്ലാഹു അവതരിപ്പിച്ചു കൊടുത്തിരു ന്നത് മനു ഷ്യരുംജിന്നുകളും ഒരുമിച്ചു ശ്രമിച്ചാൽ പോലും കൊണ്ടുവരാൻകഴിയാത്ത ഖുർആ നാണെന്നുംവ്യക്തം. ആ ഖുർആൻ മനസ്സിലാക്കാതേയും അതനുസരിച്ച് ജീവിക്കാത്തവരെ യും അന്ധരായി എഴുന്നേൽപിക്കു കയുംചെയ്യുമെന്ന് ഖുർആൻവ്യക്തമാക്കുന്നു.

قَالَ رَبِّ لِمَ حَشَرْتَنِي أَعْمَى وَقَدْ كُنْتُ بَصِيرً اقَالَ كَذَلِكَ أَتَتْكَ آيَاتُنَا فَنَسِيتَهَا وَكَذَلِكَ الْيَوْمَ تُنْسَى وَكَذَلِكَ نَجْزِي مَنْ أَسْرَفَ وَلَمْ يُؤْمِنْ بِآيَاتِ رَبِّهِ (:-طه 125-127)

"അവർ പറയും എന്റെ നാഥാ ഞാനൊരു കാഴ്ച്ചയുള്ളവനായിരിക്കെ എന്തിനാണ് നീ എന്നെ അന്ധനായിഒരുമിച്ചുകൂട്ടിയത്? അവൻ പറയും ,നമ്മുടെ ആയത്തുകൾ അപ്രകാര മാ ണ് നീ മറന്നത്. അതുപോലെയാണിപ്പോൾ നീ മറക്കപ്പെടുന്നത്. തന്റെ നാഥന്റെ ആയത്തു കൾ വിശ്വസിക്കാതെ അമിതംപ്രവർത്തിക്കുന്നവർക്ക് അങ്ങിനെയും നാം പ്രതിഫലം നൽകുന്നുണ്ട്.(ത്വാഹാ125-127)ഈ ആയത്തുകളിൽനിന്നെല്ലാം നമുക്ക് മനസ്സിലാകുന്നത് ദൂതന്റെമേൽ ഇറക്കപ്പെട്ടിരുന്നത് ആയത്തുകളും സൂറത്തുകളുമാണെന്നും അവയാകട്ടെ ഖുർആനിനുള്ളിലാണു താനും .പുറത്തല്ല. ആ ഖുർആൻ മതി ഒരു വിശ്വാസിക്ക്.നബി ഉപേക്ഷിച്ചുപോയി (تَرَكَ)എന്നു പറയപ്പെടുന്ന ഹദീസുകൾ മാന്തി പുറത്തേക്ക് (اَخْرَجَه بُخَارِى)എടുക്കേണ്ട ആവശ്യമില്ല.

<u>അല്ലാഹുവിനു തുല്ല്യനായി ഒരാളും ഇല്ലാത്തതുപോലെ ഖുർആനിനു തുല്ല്യമായി മറ്റൊന്നില്ല</u>

. തന്റെ അത്യുന്നതമായ അസ്തിത്ത്വത്തെക്കുറിച്ച് അല്ലാഹു പറയുന്നത് കാണുക:-

( لَيْسَ كَمِثْلِه شَيْىء وَهُوَ السَّمِيع العَلِيم )".........അവന്റെ മാതൃക പോലെ ഒരു വസ്തുവും ഇല്ല...... (അശ്ശൂറാ11)ഖുർആനിന്റെ മാതൃകക്ക് പോലും തുല്ല്യമായി ഒരു വസ്തുവുമില്ല എന്നിരിക്കെഅവന്റെ ഖുർആനിനു തുല്ല്യമായി ഒന്നുമില്ല എന്നും അവൻ വ്യക്തമാക്കുന്നു. പിന്നെ എങ്ങിനെയാണ് ഖുർആനിനു തുല്ല്യമായ ഒന്നും എനിക്ക് നൽകപ്പെട്ടിരിക്കുന്നു എന്ന് നബി പറയുക?:-

قُلْ لَئِنِ اجْتَمَعَتِ الْإِنْسُ وَالْجِنُّ عَلَى أَنْ يَأْتُوا بِمِثْلِ هَذَا الْقُرْآنِ لَا يَأْتُونَ بِمِثْلِهِ

" നീ പറയുക ഈ ഖുർആനിനു തുല്ല്യമായതു കൊണ്ടുവരുന്നതിന്റെ പേരിൽ മനുഷ്യരും ജിന്നും സമ്മേളിച്ചു എന്നിരിക്കട്ടെ അവരിൽ ചിലർ ചിലർക്ക് സഹായിയായാൽ പോലും അവർ അതിന് തുല്ല്യമായത്

കൊണ്ടു വരുന്നതല്ല."(അൽ ഇസ്റാഅ് 88) അല്ലാഹുവിന്റെ മാതൃകക്ക് തുല്ല്യമായ ഒരു വസ്തുവുമില്ലാത്ത തുപോലെ ഖുർആനിനു തുല്ല്യമായി ഒന്നുമില്ല.മാത്രമല്ല ഖുർആനിലെ ഒരധ്യായത്തിനു തുല്ല്യമായിട്ടുപോലും ഒന്നുമില്ല. കൊണ്ടുവരാനും സാധ്യമല്ല.

فَأْتُوا بِسُورَةٍ مِن مِثْلِه ഇത്തരം ധാരാളം വചനങ്ങൾ വായിച്ച നബി പറയാത്ത കാര്യങ്ങൾ പറഞ്ഞു എന്ന് പറഞ്ഞ് അദ്ദേഹത്തിന്റെ പേരിൽ പച്ചക്കള്ളം ചമച്ചുണ്ടാക്കിയിരിക്കു കയാണ്. ഇത് പ്രചരിപ്പി ക്കു ന്നവർ സ്വർഗ്ഗാവകാശികളും ഖുർആൻ മാത്രം മതി എന്ന് പറയുന്നവർ നരകാവകാശികളും എന്തൊരു വിരോധാഭാസം?

<u>പരിശുദ്ധ ഖുർആനിൽ യാതൊന്നും വിട്ടു കളഞ്ഞിട്ടില്ല.</u>

ഖുർആനിന്റെ വിശദീകരണം ഖുർആനിനകത്തു തന്നെയാണ് അല്ലാതെ വിശദീകരണം നബി നാട്ടിൽ ഉപേക്ഷിച്ച് (تَرَكَ) പോയി . എന്നിട്ട് അവ മാന്തിയെടുക്കാൻ ഇരുനൂറിലധികം വർഷം കഴിഞ്ഞ് റഷ്യയിൽ നിന്നൊരു ആളെ കൊണ്ടുവരേണ്ട ഗതികേടിലേക്ക് ഖുർആനിനെ ,അല്ലാഹുവും അവന്റെ ദൂതനും ഉപേക്ഷിച്ചുപോകില്ല എന്നുറപ്പാണ്. ദൂതന്റെമേൽ ഒരു ഉത്തരവാദിത്വം ഉള്ള വ്യക്തി എന്ന നിലക്ക് അദ്ദേഹത്തെ ഏൽപിച്ച ദൗത്യം പൂർണ്ണമായും നിർവ്വഹിക്കുമല്ലോ? അപ്പോൾ ഖുർആനിന്റെ വിശദീകരണം ഖുർആനിൽ തന്നെയാണെന്ന് സാരം. അല്ലാഹു പറയുന്നു

(159 إِنَّ الَّذِينَ يَكْتُمُونَ مَا أَنْزَلْنَا مِنَ الْبَيِّنَاتِ وَالْهُدَى مِنْ بَعْدِ مَا بَيَّنَّاهُ لِلنَّاسِ فِي الْكِتَابِ

بقرة "മനുഷ്യർക്കു വേണ്ടി നാം വേദഗ്രന്ഥത്തിൽ വ്യക്തമാക്കിയ ശേഷം , തെളിവുകളും മാർഗ്ഗനിർദ്ദേശവുമായിനാം ഇറക്കിയതിനെ തീർച്ചയായും മറച്ചുവെക്കുന്നവർ ആരോ, അവരെ അല്ലാഹു ശപിക്കുന്നു.ശപിക്കുന്നവരെല്ലാം അവരെ ശപിക്കുകയും ചെയ്യുന്നു. പശ്ചാതപിക്കുകയും, പരിഷ്കരിക്കുകയും , വെളപ്പെടുത്തുകയും ചെയ്തിരുന്നവരൊഴികെ.അവരെ ഞാൻ അനുഗ്രഹിക്കുന്നതാണ്. ഞാൻ വളരെ അനുഗ്രഹിക്കുന്നവനും അതികാരുണികനു മല്ലേ? (അൽബഖറ 159)ഖുർആൻ വ്യക്തമാക്കുന്ന (كِتَابٌ مُبِين ) ഗ്രന്ഥമാണ്.അതിലെ വചനങ്ങൾ വിശദീകൃതവുമാണ്(آيَاتٌ بَيِّنَات ).ഖുർആൻ സ്വയം തന്നെ വിശദീകൃതമാണ്(تِبْيَان ) അങ്ങി നെയുള്ള ഗ്രന്ഥത്തെ ജനങ്ങൾക്ക് മൂടിവെക്കാതെ വായിച്ചുകേൾപി ക്കു ക എന്ന ജോലിയാണ് നബിക്കുള്ളത്.അല്ലാതെ ഇതിന് തഫ് സീർ എടുക്കാൻ നബിയോട് പറഞ്ഞി ട്ടില്ല. കാരണം ഖുർആനിനെ വിശദമാക്കുന്ന ഗ്രന്ഥമാക്കിയതും അതിലെആയത്തുകളെ വിശദീകൃത മാ ക്കിയതും അല്ലാഹവാണെന്നാണ് അല്ലാഹു പറയുന്നത്."ഗ്രന്ഥത്തിൽ നാം വിശദമാക്കിയ ശേഷം". مِنْ بَعْدِ مَا بَيَّنَّاهُ لِلنَّاسِ فِي الْكِتَابِനബിക്ക് ഇറക്കപ്പെടുന്ന ഖുർആൻ അദ്ദേഹം മൂടിവെക്കാതെ നമുക്ക് വായിച്ചു തരികയും നാം അവ ചിന്തിക്കുകയും മനസ്സിലാക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്താൽ മതി. ഖുർആൻ അല്ലാഹു വളരെ എളുപ്പമാക്കിയിട്ടാണല്ലോ അവതരിപ്പിച്ചിട്ടുള്ളത്. അല്ലാഹു പറയുന്നത് കാണുക:-وَلَقَدْ يَسَّرْنَا الْقُرْآنَ لِلذِّكْرِ فَهَلْ مِن مُدَّكِر"അപ്പോൾ നാം അത് നിന്റെ ഭാഷയിൽ ലളിതമാക്കിയത് നീ അതുകൊണ്ട് സൂക്ഷ്മാലുക്കൾ ക്ക് സന്തോഷം അറിയിക്കാനും എതിർ കക്ഷികളായ ജനതയ്ക്ക് നീ അതുകൊണ്ട് താക്കീതു നല്കുവാനും വേണ്ടി മാത്രമാണ്(മർയം 99) فَإِنَّمَا يَسَّرْنَاهُ بِلِسَانِكَ لِتُبَشِّرَ بِهِ الْمُتَّقِينَ وَتُنْذِرَ بِهِ قَوْمًا لُدًّا ( الدخان 58) "അത് നിന്റെ ഭാഷയിൽ ലളിതമാക്കിയത് അവർ ഒരുവേള ചിന്തിക്കാൻ വേണ്ടി മാത്രമാണ്(അദ്ദുഖാൻ58)

വിശദീകൃതമായ അവന്റെ വചനങ്ങൾ നാം വായിച്ചാൽ അവ നമ്മോട് സംസാരി ക്കും. അവ നാം ചിന്തിക്കുകയും മൂടിവെക്കാതെ ജനങ്ങൾക്ക് വെളവാക്കിക്കൊടുക്കുകയും ചെയ്യുക എന്നതാണ് നമ്മുടെബാധ്യത. വ്യക്തമാക്കുക അഥവാ വെളിവാക്കുക(بَيِّن ) എന്ന പദത്തിന്റെ വിപരീത പദമാണ് മൂടിവെക്കുക(كَتَمَ) എന്നത്. 2:159 ൽ വ്യക്തമാക്കപ്പെട്ടതും വിശദീകരിക്കപ്പെട്ടതുമായ അവന്റെ വചന ങ്ങളെ മൂടിവെക്കുന്നതിനെയാണ് അല്ലാഹു താക്കീതു ചെയ്തത്. മാത്രമല്ല അവ മൂടിവെക്കാതെ ജനങ്ങൾ ക്ക് വെളിവാക്കി കൊടുക്കണ മെന്നും പറയുന്നു. വേദം നൽകപ്പെട്ടവരുടെ ബാധ്യത അതു തന്നെയാണെ ന്നും അല്ലാഹു വ്യക്തമാക്കുന്നു. ( آل عمران 187)

"വേദം നൽകപ്പെട്ടവരിൽ നിന്നും തീർച്ചയായും നിങ്ങൾ അത് മൂടിവെക്കാതെ മനുഷ്യർക്ക് വെളിപ്പെടു ത്തി കൊടുക്കണമെന്ന് അല്ലാഹു ഉറപ്പ് വാങ്ങുകയും............"(ആലുഇംറാൻ 187 )കത് മാൻ (മൂടിവെക്കുക)എന്ന പദത്തിന്റെ വിപരീത പദമാണ് തിബ് യാൻ(വെളിവാക്കുക) എന്ന് ഈ ആയത്തി

ലും വ്യക്തമാകുന്നു.

നാം ഖുർആനിക വചനങ്ങൾ എപ്പോൾ വായിക്കുന്നുവോ അപ്പോൾ ആ വിശദീ കൃത വചനങ്ങൾ ചിന്തിക്കാൻ ഉദ്ദേശിക്കുന്നവരോട് സംസാരിക്കുന്നതാണ്. നമുക്ക് ആവശ്യമായ കാര്യങ്ങൾ വ്യക്തമാകുന്നഗ്രന്ഥമാണ് ഖുർആൻ. എന്നാൽ അഹ് ലുൽ ഹദീസുകാർ പറയുന്നത് ഖുർആൻ വിശദീ കൃത ഗ്രന്ഥമല്ല എന്നാണ്.മറിച്ച് അത് അവ്യക്തമാണ് അത് വായിച്ചാൽ ഭിന്നതയുണ്ടാകും .ആ ഭിന്നത തീർക്കാനാണത്രെ ഹദീസുകൾ. ഒരു വ്യാഖ്യാതാവിന്റെ ആവശ്യം ആ ഭിന്നത തീർക്കാനാണത്രെ. എന്നാൽ അല്ലാഹു അവന്റെ ഖുർആനിനെക്കുറിച്ച് പറയുന്നത് നോക്കൂ:- وَلا يَأْتُونَكَ بِمَثَلٍ إلاّ جِئْنَاكَ بِالحقِّ وأحسَنُ تَفْسيرًا ( الفرقان 33)"പരമ സത്യവും ഏറ്റവും നല്ല വ്യാഖ്യാനവും നാം നിനക്കു കൊണ്ടുവന്നു തന്നിട്ടില്ലാത്ത യാതൊരു രീതിയും അവർ നിന്റെ പക്കൽ കൊണ്ടുവരുന്നുമില്ല. (അൽഫുർഖാൻ 33) അപ്പോൾ ഖുർആനിന്റെ ഏറ്റവുംനല്ല വ്യാഖ്യാനം(أحْسَنُ تَفْسِير )അതിനുള്ളിൽ തന്നെയാണ്. നമുക്ക് അതു മതി. أحْسَنُ تَفْسِير നമുക്കെടുക്കാം أَقْبَحُ تَفْسِير അതായത് ഏറ്റവും ചീത്തയായ വ്യാഖ്യാനം അഹ് ലുൽ ഹദീസുകാർ മാന്തി പുറത്തെടുത്ത് വിശ്വസിക്കട്ടെ.

ഖുർആൻ ഒന്നും വിട്ടുകളഞ്ഞിട്ടില്ലെന്നും എല്ലാ കാര്യങ്ങളുടെയും വിശദീകരണ മായിട്ടാണ് അത് ഇറക്കപ്പെട്ടത് എന്നുംഅല്ലാഹു വ്യക്തമാക്കുന്നു ( مَا فَرَّطْنَا فِي الكِتَابِ مِنْ شَيء (الانعام38)
"ഈ ഗ്രന്ഥത്തിൽ ഒരു വസ്തുവും നാം കുറവു വരുത്തിയിട്ടില്ല.(അൻആം38)
(وَنَزَّلْنَا عَلَيْكَ الْكِتَابَ تِبْيَانًا لِكُلِّ شَيْءٍ وَهُدًى وَرَحْمَةً وَبُشْرَى لِلْمُسْلِمِينَ ( النحل 89
"...........നിന്റെ മേൽ എല്ലാ സംഗതിക്കുമുള്ള വിശദീകരണമായും അനുസരിക്കുന്നവർക്ക് ഒരു സന്തോഷവാർത്തയുമായും ഈ ഗ്രന്ഥം അവതരിപ്പിക്കുകയും................"(അന്നഹ്ൽ89) مَاكَانَ حَدِيثًا يُفْتَرَى وَلَكِنْ تَصْدِيقَ الَّذِي بَيْنَ يَدَيْهِ وَتَفْصِيلَ كُلِّ شَيْءٍ وَهُدًى وَرَحْمَةً لِقَوْمٍ يُؤْمِنُونَ (يوسف 111 "അത് കള്ളം ചമയ്ക്കുന്ന വാർത്തയായിരുന്നില്ല. പ്രത്യുത അതിന്റെമുൻപുള്ളതിനെ സത്യപ്പെടുത്തലും വിശ്വസിക്കുന്ന ജനതക്കുള്ള സർവ്വ സംഗതികളുടെ വിശദീകരണവും മാർഗ്ഗനിർദ്ദേശവും കാരുണ്ണ്യവുമായിരുന്നു."(യൂസുഫ്111)

അപ്പോൾ ഒരു ഖുർആൻ വിശ്വാസി ഒരിക്കലും അല്ലാഹുവിന്റെ ഗ്രന്ഥം വിശദീകരണം ആവശ്യമുള്ള രൂപത്തിൽ അവ്യക്തവും ,വ്യാഖ്യാനം ആവശ്യമുള്ള രൂപത്തിൽ മൊത്തത്തിലും ഇറക്കപ്പെട്ട ഗ്രന്ഥമാണെന്ന് പറയില്ല. മറിച്ചു ഖുർആൻ എല്ലാ സംഗതിക ളുടെയും വ്യാഖ്യാനമുള്ളതും (تَفْصِيل لِكُلِّ شَىء )മുഴുവൻ കാര്യങ്ങളുടെയും വിശദീകരണമുള്ളതും( تِبْيَانًا لِكُلِّ شَيْءٍ ) ഏറ്റവും നല്ല വ്യാഖ്യാനം ഉൾക്കൊള്ളുന്നതും(أحْسَن تَفْسِير )ഗ്രന്ഥമാണെന്നാണ് അവർ വിശ്വസിക്കുക. ഖുർആനിൽ അതെവിടെ? ഇതെവിടെ?മറ്റേതിവിടെ? എന്നിങ്ങിനെയുള്ള ഖുർആൻ നിഷേധികളുടെ ചോദ്യങ്ങൾക്കു മുൻപിൽപകച്ചു നില്ക്കുകയോ ,ഖുർആനിന്റെ സമ്പൂർണ്ണതയെ നിഷേധിക്കുകയോ ഇല്ല. ഖുർആനിൽ പല കാര്യങ്ങളും വിട്ടുകളഞ്ഞിരിക്കുന്നു എന്നു നാം വിശ്വസിക്കുന്നതിനു മുൻപ് ഖുർആൻ എന്തുകൊണ്ട് ആ കാര്യം ആ രൂപത്തിൽ പറഞ്ഞില്ല എന്നതിന്റെ നീതി ശാസ്ത്രം നാം മനസ്സിലാക്കുകയാണ് വേണ്ടത്.ഉദാഹരണത്തിന് ധനം നൽകേണ്ട ശതമാനം എന്തു കൊണ്ട് പറഞ്ഞില്ല എന്നു നാം വിശ്വസിക്കുന്നതിനു മുൻപ് അങ്ങിനെ പറയാത്തതിലുള്ള നീതി ശാസ്ത്രവും മനുഷ്യ സമൂഹത്തിനുണ്ടാവുന്ന നന്മയെകുറിച്ചും മനസ്സിലാക്കുകയാണ് വേണ്ടത്.ഇങ്ങിനെ ഖുർആൻ വിശദീകരിച്ചിട്ടില്ല എന്ന് നമുക്കു തോന്നുന്ന ഏതൊരു കാര്യവും നമ്മൾ ഒന്ന് ചിന്തിക്കുക. അപ്പോൾ മനസ്സിലാവും ഖുർആൻ പറഞ്ഞതാണോ ശരി അതല്ല ഹദീസ് പറഞ്ഞതാണോ ശരി എന്ന്. നമുക്ക് അത്യാവശ്യം അറിയേണ്ട ഒരു കാര്യവും ഖുർആൻ വിട്ടുകള ഞ്ഞിട്ടില്ല. എന്നു വേണ്ട പ്രത്യക്ഷത്തിൽ നമുക്ക് ആവശ്യമി ല്ലെ ന്നു തോന്നുന്ന കാര്യങ്ങൾ പോലുംഖുർആൻ വിശദീകരിച്ചിട്ടുണ്ട്. ഒരു നായ കിടക്കുന്ന രൂപം വരെ വിവരിച്ച ഖുർആൻ, മുസ്ലിംകൾ അത്യാവശ്യം ചെയ്യേണ്ട സുജൂദിൻറേയും റുകൂഇന്റെയും രൂപം വിവരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ട് എന്ന് നാം ചിന്തിക്കുകയാണ് വേണ്ടത് . അതു പോലെ അനന്തിരാവകാശം വീതിക്കുമ്പോൾ 1/3,1/2,2/3 , ........ഇങ്ങിനെ കണിശമായി കണക്കു പറഞ്ഞ ഖുർആൻ മുസ്ലിംകൾ അത്യാവശ്യം നൽകേണ്ട സകാത്തിന്റെ(ധനം നൽകലാണെങ്കിൽ) കണക്ക് പറഞ്ഞിട്ടി ല്ലെങ്കിൽ എന്തുകൊണ്ട് എന്ന്നാം ചിന്തിക്കുകയും അതിന്റെ നീതി ശാസ്ത്രം കണ്ടെത്തു ക യുമാണ് വേണ്ടത്. അല്ലാതെ മനുഷ്യ സമൂഹത്തിന് ഒരു ഗുണവും ചെയ്യാത്ത രണ്ടര ശതമാനം എന്ന മനുഷ്യ നിർമ്മിത കണക്കിന്റെ

പിന്നാലെ പോകുകയല്ല വേണ്ടത്. ഇങ്ങിനെ ധാരാളം ഉദാഹരണങ്ങൾ.ചുരുക്കത്തിൽ مَافَرَّطْنَا فِى الْكِتَابِ مِن شَيىء എന്ന ആയത്ത് നമുക്ക് വിശ്വസിക്കാം

ഭാവിയും ഭൂതവും വർത്തമാനവും ഒരുപോലെ അറിയുന്ന അല്ലാഹുവിന് തന്റെ സൃഷ്ടികൾ നേരിടുന്നപ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് അറിയില്ലേ? ആവശ്യമുള്ള കാര്യങ്ങ ൾ അല്ലാഹു തന്റെ ദാസന്മാർക്ക് നൽകാതിരിക്കില്ല. നീതിമാനായ അല്ലാഹു ഒന്നും കൂട്ടാതെയും കുറക്കാതെയും ഒരു ത്രാസ്സായിട്ടാണ് ഖുർആൻ അവതരിപ്പിച്ചിട്ടുള്ളത് . അല്ലാഹു പറയുന്നത് നോക്കൂ.اللَّهُ الَّذِي أَنْزَلَ الْكِتَابَ بِالْحَقِّ وَالْمِيزَانَ(الشورى 17 )"അല്ലാഹു ഈ വേദഗ്രന്ഥത്തെ സത്യത്തോടും ത്രാസ്സോടുകൂടിയും അവതരിപ്പിച്ചവനാ കുന്നു ."(അശ്ശൂറാ17)ഒരു അണു അളവ് കൂട്ടാതെയും കുറക്കാതെയും ത്രാസ്സുകണക്കെയാണ് അവൻ ഖുർആൻ അവതരിപ്പിച്ചിട്ടുള്ളത് എന്ന് സാരം.അതുപോലെ അവന്റെ ഗ്രന്ഥത്തിൽ കളിവാക്ക് ഉണ്ടാവുകയുമില്ല.إِنَّهُ لَقَوْلٌ فَصْلٌ وَمَا هُوَ بِالْهَزْلِ(الطارق 13 ,14 ) "തീർച്ചയായും ഇത് തരം തിരിക്കുന്ന വാക്കാകുന്നു, അതൊരു കളിവാക്കല്ല."(അത്ത്വാരിക്ക് 13-14) സ്വയം തിബ് യാനായ (വിശദീകരിക്കപ്പെട്ടതും വ്യക്തമാക്കപ്പെട്ടതും)ഗ്രന്ഥത്തെ വീണ്ടും വിശദീകരിക്കുക എന്നത് അനാവശ്യമായ സംസാരവും കളിയാക്കലുമാണ്. അല്ലാഹു അതിൽ നിന്നെല്ലാം ഉന്നതനാണല്ലോ? വിശദീ കരണം ആവശ്യമായ കാര്യങ്ങളുടെ വിശദീകരണമെല്ലാംഖുർആനിലുണ്ട്. വിശദീകരണം ആവശ്യമില്ലാത്തതോ, പിന്നെ വിശദീകരിക്കേണ്ടതുമില്ലല്ലോ?. ഖുർആനിന്റെവിശദീകരണം കൊണ്ട് മതിയാക്കുന്നതിൽ മുസ്ലിംകൾക്ക് കാരുണ്യവും സുവിശേഷവും മാർഗ്ഗനിർദ്ദേശവും ഉണ്ടെന്ന് അല്ലാഹു വ്യക്തമാകുന്നുണ്ട്.وَهُدًى وَرَحْمَةً وَبُشْرَى لِلْمُسْلِمِينَ(النحل 89 ) അതായത് അവ്യക്തതകളിൽ നിന്നും ആശയക്കുഴപ്പങ്ങളിൽ നിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗമന്വേഷിച്ചു നടക്കുന്നവർക്കുള്ള هُدًى യായും അവ്യക്തതകളിൽനിന്നും മോചനം കിട്ടിയതും അല്ലാഹുവിന്റെ കാരുണ്യത്തിന്റെയും സുരക്ഷിതത്ത്വത്തിന്റെയും തീരത്തേക്ക് താൻ എത്തിപ്പെട്ടത് رَحْمَة ആയും ഇങ്ങിനെ هُدًى യുംرَحْمَة ഉം കിട്ടിയത് بُشْرَى യായും ഒരു മുസ്ലിം കാണും.

വിശ്വസിക്കുന്ന ജനതക്ക് ഖുർആനിക വിശദീകരണം هُدًى യും رَحْمَة മാണെന്ന് ഖുർആൻവ്യക്തമാക്കുന്നു.وَلَقَدْ جِئْنَاهُمْ بِكِتَابٍ فَصَّلْنَاهُ عَلَى عِلْمٍ هُدًى وَرَحْمَةً لِقَوْمٍ يُؤْمِنُونَ (الاعراف 52 ) "അറിവിന്റെ അടിസ്ഥാനത്തിൽ വിശദീകരിച്ചതും വിശ്വസി ക്കുന്ന ജനതക്കുള്ള മാർഗ്ഗനിർദ്ദേശവും( هدى ) കാരുണ്യവുമായി( رحمة )ഒരു വേദം നാം അവരുടെഅടുത്ത് കൊണ്ടു ചെന്നിരുന്നു. (അൽ അഅ്റാഫ്52)ഖുർആനിൽ വിശ്വസിക്കാ ത്തവർക്ക് ഖുർആനിന്റെവിശദീകരണം هدىയായോ رحمة ആയോ അംഗീകരിക്കാൻ കഴിയില്ല.അവർക്ക് അല്ലാഹുവിന്റെ ഗ്രന്ഥം മാത്രം മതിയാകില്ല. അവർ നാട്ടുവർത്തമാനങ്ങൾ അന്വേഷിച്ചു പൊയ്ക്കൊള്ളട്ടെ.

അല്ലാഹവിന്റെ കലാം(സംസാരം) മനുഷ്യരുടെ സംസാരം പോലെയല്ല. അത് അനാവശ്യമായ വിശദീകരണങ്ങളിൽ നിന്നും ആവർത്തനങ്ങളിൽ നിന്നും മുക്തമായിരിക്കും .വളരെ ദൃഢമായ അറിവുമായി ബന്ധപ്പെട്ടതാണ് ഖുർആനിന്റെ വിശദീകരണംكِتَابٌ أُحْكِمَتْ آيَاتُهُ ثُمَّ فُصِّلَتْ مِنْ لَدُنْ حَكِيمٍ خَبِيرٍ.(هود 1 ) "ന്യായാധിപനും സൂക്ഷ്മജ്ഞനു മായവന്റെ പക്കൽനിന്നുള്ള അടയാള വാക്യങ്ങൾ സുദൃഢമാക്കപ്പെട്ടതും പിന്നെ വിശദീക രി ക്കപ്പെട്ടതുമായ ഒരു ഗ്രന്ഥമാണ്"ഹൂദ്1)

അറിവുള്ള(علم)ജനം ഖുർആനിന്റെ വിശദീകരണം അംഗീകരിക്കുന്നവരും അതുകൊണ്ട് മാത്രം മതിയാക്കുന്നവരുമാണ് كَذَلِكَ نُفَصِّلُ الْآيَاتِ لِقَوْمٍ يَعْلَمُونَ " അറിയുന്ന ജനതക്ക് അപ്രകാരമാണ് നാം ആയത്തുകൾ വിവരിച്ചു കൊടുക്കുന്നത്........."(അൽ അഅ്റാഫ് 32) ചിന്തിക്കുന്ന ജനങ്ങൾക്കും ഖുർആനിക വിശദീകരണം മതി. كَذَلِكَ نُفَصِّلُ الْآيَاتِ لِقَوْمٍ يَتَفَكَّرن"ചിന്തിക്കുന്ന ജനതക്ക് അപ്രകാരമാണ് നാം ആയത്തു കൾ വിവരിച്ചു കൊടുക്കുന്നത്"(യൂനസ് 24)(الروم 28) كَذَلِكَ نُفَصِّلُ الْآيَاتِ لِقَوْمٍ يَعْقِلُونَ ) "അറിയുന്ന ജനതക്ക് അപ്രകാരമാണ് നാം ആയത്തുകൾ വിവരിച്ചുകൊടു ക്കു ന്നത്(അറ് റൂം28)كِتَابٌ فُصِّلَتْ آيَاتُهُ قُرْآنًا عَرَبِيًّا لِقَوْمٍ يَعْلَمُونَ(فصلت 3 ) ) " അറിയുന്ന ഏതൊരു ജനതക്കും വേണ്ടി തന്റെ അടയാളവാക്യങ്ങൾ അറബി വായനയായി വിശദീകരിക്കപ്പെട്ട ഒരു മഹൽ ഗ്രന്ഥം.(ഫുസ്സിലത്ത്3) അറിവുള്ളവരും ചിന്തിക്കുന്നവരുമായ ജനങ്ങൾക്ക് ഖുർആനിൽ തന്നെ വിശദീ കരണമുണ്ടെന്ന്അല്ലാഹു പറയുന്നു.അറിയാനും മനസ്സിലാക്കാനും ശ്രമിക്കാതെ ഖുർആനി നോട് അന്ധത കാണിക്കുന്നവർ മനുഷ്യ നിർമ്മിത വാർത്തകളുടെപിറകെ

പോകട്ടെ. ഇത്തരം ആളുകൾ ഖുർആനിന്റെ സമ്പൂർണ്ണതയെയും വിവരണത്തെയും നിഷേധിക്കുകയും എന്നിട്ട് ഖുർആനിൽ സ്വലാത്തിന്റെ സമയമെവിടെ?റകഅത്തുകളുടെ എണ്ണമെവിടെ?രൂപം എവിടെ? നാം എങ്ങിനെ ഹജ്ജ് ചെയ്യും?ഉംറചെയ്യും? കല്ലെറിയും ?മൊട്ടയടിക്കും?..........?എന്നിങ്ങനെയുള്ള പല തരം ചോദ്യങ്ങളും പരിഹാസ രൂപേണ ചോദിക്കുകയും ഖുർആനിന്റെ ആശയ വിശാലതയെ തള്ളിപ്പറയുകയും ഖുർആനിൽ കാര്യമായി ഒന്നും വിശദീകരിച്ചിട്ടില്ല എന്ന് വാദിക്കുകയുംചെയ്യുന്നു. ഖുർആനിന്റെ വിശദീകരണം മതിയാകാതെ വായനയിൽ പോലും തർക്കം തീരാത്ത ബുഖാരിയുടെ വളരെ മ്ലേച്ചമായ വാക്കുകൾക്ക് പിന്നാലെ പോവുകയും ചെയ്യുന്നു. ഈ രൂപത്തിൽ അല്ലാഹുവിന്റെ വച നങ്ങളെ തോൽപി ക്കുവാൻ വേണ്ടി പ്രയത്നിക്കുന്നവരെക്കുറിച്ച് അല്ലാഹു പറയുന്നു.وَالَّذِينَ سَعَوْا فِي آيَاتِنَا مُعَاجِزِينَ أُولَئِكَ لَهُمْ عَذَابٌ مِنْ رِجْزٍ أَلِيمٌ (سبأ 5
)"നമ്മുടെ ദൃഷ്ടാന്തങ്ങളെ തോൽപിക്കുന്നവരായിക്കൊണ്ട് പ്രയത്നിച്ചിരുന്നവരാകട്ടെ അവർക്ക് തന്നെയായിരിക്കും വേദനാജനകമായ പീഡ ശിക്ഷ.(സബഅ്5) ഇവിടെ മുൻപ് പ്രയത്നിച്ചിരുന്നവരെ ക്കുറിച്ചാണ് പറയുന്നത് എന്നാണ് വാദമെങ്കിൽ ഭാവിയിൽ പ്രയത്നിക്കുന്ന വരെക്കുറിച്ചും അല്ലാഹു പറയുന്നുണ്ട്. وَالَّذِينَ يَسْعَوْنَ فِي آيَاتِنَا مُعَاجِزِينَ أُولَئِكَ فِي الْعَذَابِ مُحْضَرُونَ(سبأ 38 "എന്നാൽ നമ്മുടെ ആയത്തുകളെ തോൽപിക്കുന്നവരായിക്കൊണ്ട് പ്രയത്നിക്കുന്നവരാരോ, അവർ ശിക്ഷയിൽ ഹാജരാക്കപ്പെടുന്നവരായിരിക്കും (സബഅ്38)അല്ലാഹുവിന്റെ ഖുർആൻ മതിയാകില്ല. അത് വ്യക്തമല്ല. എല്ലാ കാര്യങ്ങളും അതിലില്ല. അത് പുണ്യത്തിനു വായിക്കാനേ പറ്റൂ.അത് വായിച്ചാൽ ഭിന്നതയുണ്ടാവുകയാണ് ചെയ്യുക. ആ ഭിന്നത തീർക്കണമെങ്കിൽ ഒരു വിഷയത്തിലും യോജിപ്പില്ലാത്ത ഹദീസുകൾ വേണം . .............ഇത്തരം വാദങ്ങളും പ്രവർത്തനങ്ങളുമൊക്കെതന്നെയല്ലേ ഖുർആനിനെ തോല്പിക്കൽ.

<u>നബിക്ക് ഇറക്കപ്പെട്ട" അദ്ദിക്ർ"( الذكر )ഖുർആൻ മാത്രമാണ്</u>

وَمَا أَرْسَلْنَا مِنْ قَبْلِكَ إِلَّا رِجَالًا نُوحِي إِلَيْهِمْ فَاسْأَلُوا أَهْلَ الذِّكْرِ إِنْ كُنْتُمْ لَا تَعْلَمُونَ بِالْبَيِّنَاتِ وَالزُّبُرِ وَأَنْزَلْنَا إِلَيْكَ الذِّكْرَ لِتُبَيِّنَ لِلنَّاسِ مَا نُزِّلَ إِلَيْهِمْ وَلَعَلَّهُمْ يَتَفَكَّرُونَ "നാം അവരി ലേക്ക് വഹ് യ് നൽകുമായിരുന്ന ചില പുരുഷന്മാരെയല്ലാതെ നിന്റെ മുൻപ് ദൂതിനയച്ചിട്ടേയില്ല. നിങ്ങൾ അറിയാത്തവരാണെങ്കിൽ വേദക്കാരോട് ചോദി ക്കുവീൻ തെളിവുകളും പ്രമാണങ്ങളും കൊണ്ട് തങ്ങളി ലേക്ക് ഇറക്കപ്പെട്ടതെന്തോ അത് നീ ജനങ്ങൾക്ക് വെളിവാക്കുകയും അവർ ചിന്തിക്കുകയും ചെയ്യേണ്ട തിനു നാം ഈ അദ്ദിക്ർ നിന്നിലേക്കു ഇറക്കുകയും ചെയ്തിരിക്കുന്നു.(അന്നഹ്ൽ 43-44) ഈ ആയത്തി ലെ وَأَنْزَلْنَا إِلَيْكَ الذِّكْرَ لِتُبَيِّنَ لِلنَّاسِ مَا نُزِّلَ إِلَيْهِمْ എന്ന ഭാഗം അടർത്തിയെടുത്ത് ഖുർആനിനു പുറമെ മറ്റൊരു പ്രമാണം നബിക്കുണ്ട് എന്നതിനു തെളിവായി ഉദ്ധരിക്കാറുണ്ട്.എന്നാൽ ആയത്തിന്റെ പൂർണ്ണ രൂപം ശ്രദ്ധിച്ചു വായിക്കുമ്പോഴാണ് ഇതിന്റെ ശരിയായ ആശയം നമുക്ക് മനസ്സിലാകുക. وَلَعَلَّهُمْ يَتَفَكَّرُونَ(അവർ ചിന്തിക്കാൻ വേണ്ടി) എന്നു പറഞ്ഞതിൽ നിന്നു തന്നെ ഒരു രണ്ടാം പ്രമാണത്തിന്റെ ആവശ്യത്തെക്കുറിച്ചല്ല പറയുന്നത്.കാരണം നബി വിശദീകരിച്ചാൽപിന്നെ നമുക്ക് ചിന്തിക്കേണ്ട ആവശ്യമില്ലല്ലോ.

വേദക്കാർക്ക് തെളിവുകളും പ്രമാണങ്ങളും കൊണ്ട് , പൂർവ്വ പ്രവാചകന്മാരെ അയച്ചു എന്ന് അല്ലാഹു പറഞ്ഞ ശേഷം അഭിസംബോധന നബിയിലാക്ക് മാറ്റുകയും എന്നിട്ട് നിനക്ക് ഈ "ദിക്ർ" ഇറക്കിത്തന്നിരിക്കുന്നത് പ്രസ്തുത വേദക്കാർക്ക് തെളിവുകളും പ്രമാ ണങ്ങളുമായി ഇറക്കിയിരുന്നത് എന്താണെന്ന് നീ വ്യക്തമാക്കി കൊടുക്കുവാൻ വേണ്ടിയാ ണെന്നും പറയുന്നു. കാരണം അവർക്ക് ഇറക്കപ്പെട്ട തെളിവുകളും പ്രമാണങ്ങളുമെല്ലാം അവർ മാറ്റിമറിക്കുകയും തിരുത്തലുകൾ വരുത്തുകയുംഭിന്നിക്കുകയും ചെയ്തിരിക്കുകയാണല്ലോ? ഇവിടെ لِتُبَيِّنَ لِلنَّاسِ എന്നതിലെ النَّاس എന്ന പദം , മുഴുവൻ മനുഷ്യരെയും ഉദ്ദേശിച്ചല്ല പറയുന്നത്.മറിച്ച് വേദക്കാരെയാണ് ഉദ്ദേശിക്കുന്നത്. ഇങ്ങിനെ الناسഎന്ന പദം ഏതെങ്കിലും പ്രത്യേക ജനവിഭാഗത്തെ ഉദ്ദേശിച്ചു കൊണ്ട് ഖുർആനിൽ പല സ്ഥലത്തുംവന്നിട്ടുണ്ട് .ഉദാഹരണത്തിന്::- الَّذِينَ قَالَ لَهُمُ النَّاسُ إِنَّ النَّاسَ قَدْ جَمَعُوا لَكُمْ فَاخْشَوْهُمْ فَزَادَهُمْ إِيمَانًا

. "അതായത് ജനങ്ങൾ നിങ്ങൾക്കുവേണ്ടി സംഘടിപ്പിച്ചിരിക്കുന്നു.അതിനാൽ നിങ്ങൾ അവരെ ഭയപ്പെടുവീൻ എന്ന് ജനങ്ങൾ അവരോട് പറഞ്ഞപ്പോൾ.........”ഈ ആയത്തിലെالناس എന്നതു കൊണ്ട് മുഴുവൻ മനുഷ്യരെയല്ല ഉദ്ദേശം അതെപോലെ لَعَلِّي أَرْجِعُ إِلَى النَّاسِ لَعَلَّهُمْ يَعْلَمُونَ(يوسف

46 )“ജനങ്ങൾ അറിയുവാൻ തക്ക വിധം ഞാൻ അവരിലേക്ക മടങ്ങി ചെല്ലുവാൻ.........(യൂസുഫ് 46)എന്ന ആയത്തിലും മുഴുവൻ മനുഷ്യരല്ല ഉദ്ദേശം. അതുപോലെ ഹജ്ജിന്റെ കല്പന പറഞ്ഞിടത്തെല്ലാം الناس എന്നാണ് ഉപയോഗിച്ചിട്ടുള്ളത്.കഅബത്തിലേക്ക് ഹജ്ജിന് മുഴുവൻ മനുഷ്യരേയും പ്രവേശിപ്പിക്കുമോ?അതോ മുസ്ലിംകളെ മാത്രമോ?

പൂർവ്വ പ്രവാചകന്മാരെക്കുറിച്ചും അവർക്ക് നൽകപ്പെട്ട തെളിവുകളെക്കുറിച്ചും പറയുന്നതിനിടയിൽ പറഞ്ഞ (لتبن للناس )അന്നാസ് എന്ന പദം അഹ് ലുൽ കിതാബു കാരെക്കുറിച്ചാണ് ഉദ്ദേശിക്കുന്നതെന്ന് വളരെ വ്യക്തമാണ്. അവർക്ക് നൽകപ്പെട്ട വേദ ത്തിലെ പലതും മറച്ചുവെച്ചും മൂടിവെച്ചും തിരുത്തലുകൾ വരുത്തിയതുമായ കാര്യങ്ങൾ വ്യക്തമാക്കിക്കൊടുക്കുകയും വെളിവാക്കിക്കൊടുക്കുകയും ചെയ്യുക എന്നതാണ്ഖുർആനിനു അവരോട് നിർവ്വഹിക്കാനുള്ള ജോലി. അതാണ് അല്ലാഹു പറയുന്നത്.يَا أَهْلَ الْكِتَابِ قَدْ جَاءَكُمْ رَسُولُنَا يُبَيِّنُ لَكُمْ كَثِيرًا مِمَّا كُنْتُمْ تُخْفُونَ مِنَ الْكِتَابِ وَيَعْفُو عَنْ كَثِيرٍ قَدْ جَاءَكُمْ مِنَ اللَّهِ نُورٌ وَكِتَابٌ مُبِينٌ(المايدة 15 )“ഹേ വേദക്കാരേ ,വേദത്തിൽ നിന്നും നിങ്ങൾ മറച്ചുവെച്ചിരുന്നതിലെ ധാരാളം നിങ്ങൾക്ക് വെളിപ്പെടുത്തിത്തന്നുകൊണ്ടും ധാരാളം കാര്യങ്ങളെപ്പറ്റി മാപ്പാക്കിക്കൊണ്ടുംനമ്മുടെ ദൂതൻ നിങ്ങൾക്ക് എത്തിക്കഴിഞ്ഞു.അതായത് അല്ലാഹുവിൽനിന്നുള്ള ഒരു പ്രകാശവും വ്യക്തമാ ക്കുന്ന(مُبِين) ഒരു ഗ്രന്ഥവും നിങ്ങൾക്ക് വന്നു കഴിഞ്ഞു"(അൽമാഇദ 15)

വേദക്കാരായ ഇസ്റാഈൽ സന്തതികൾ ഭിന്നിച്ച കാര്യങ്ങളിലെ സത്യം വെളി പ്പെടുത്തിക്കൊടുക്കുക എന്നതാണ് ഖുർആനിനു നിർവ്വഹിക്കാനുള്ള മറ്റൊരു ഉത്തരവാദി ത്ത്വം.അല്ലാഹു പറയുന്നു.إِنَّ هَذَا الْقُرْآنَ يَقُصُّ عَلَى بَنِي إِسْرَائِيلَ أَكْثَرَ الَّذِي هُمْ فِيهِ يَخْتَلِفُونَ(النمل 76 ) “ഈ ഖുർആൻ ഇസ്റാഈൽ സന്തതികൾക്കു തങ്ങൾ ഭിന്നിച്ചു കൊണ്ടിരുന്നതിൽബഹുഭൂരിഭാഗവും വിവരിച്ചുകൊടുക്കുക തന്നെയാണ് ചെയ്യുന്നത്.” (അന്നംല്76) ഖുർആൻ വേദക്കാരിലെഭിന്നത തീർക്കാൻ പര്യാപ്തമായ ഗ്രന്ഥമാണെന്നിരിക്കെ മുസ്ലിംകളിലെ ഭിന്നത തീർക്കാൻ അത് മതിയാകില്ലെന്നാണോ? അഹ് ലുൽ ഹദീസുകാർ പറയുന്നത്. നാം മുകളിൽ വിവരിച്ച അന്നഹ് ൽ43-44 വചനങ്ങളിലടങ്ങിയ ആശയം ഒന്നുകൂടി വിവരിക്കുകയാണ് ഇതേ അദ്ധ്യാത്തിലെ 63-64 വചനങ്ങളിൽ
اللَّهِ لَقَدْ أَرْسَلْنَا إِلَى أُمَمٍ مِنْ قَبْلِكَ فَزَيَّنَ لَهُمُ الشَّيْطَانُ أَعْمَالَهُمْ فَهُوَ وَلِيُّهُمُ الْيَوْمَ وَلَهُمْ عَذَابٌ أَلِيمٌ وَمَا أَنْزَلْنَا عَلَيْكَ الْكِتَابَ إِلَّا لِتُبَيِّنَ لَهُمُ الَّذِي اخْتَلَفُوا فِيهِ “ അല്ലാഹുവാണ് സത്യം നിനക്കു മുൻപ് ഞാൻ പല സമുദായങ്ങളിലേക്കും ദൗത്യം അയ ച്ചിരുന്നു.അനന്തരം പിശാച് അവർക്ക് അവരുടെ പ്രവർത്തനങ്ങൾ സുന്ദരമാക്കിക്കൊടുത്തു.അങ്ങിനെ അവനിപ്പോൾ അവരുടെ രക്ഷാധികാരിയാണ്. അവർക്കാകട്ടെ വേദനാജനകമായ ശിക്ഷയുമുണ്ട്. നീ അവർക്കു അവർ ഭിന്നിച്ചിരുന്നത് വ്യക്തമാക്കേണ്ടതിനും ,വിശ്വസിക്കുന്ന ജനതക്കുള്ള മാർഗ്ഗനിർദ്ദേശത്തിനും, ഒരു കാരുണ്യത്തിനുംവേണ്ടിയല്ലാതെ നാം നിന്റെ പേരിൽ ഈ ഗ്രന്ഥം അവതരിപ്പിച്ചിട്ടുമില്ല.(അന്നഹ്ൽ 63-64)

ഇവിടെإِلَّا لِتُبَيِّنَ لَهُم" എന്ന് 63-64 ലും لِتُبَيِّنَ لِلنَّاسِ എന്ന് 43-44 ലും ഒരേ ആശയം തന്നെയാണ് വ്യക്തമാക്കുന്നത് .ഖുർആനിന്റെ വിശദീകരണം മറ്റൊരു ഗ്രന്ഥത്തി ലൂടെ നൽകും എന്നല്ല. ഇവിടെ ഖുർആനിനെയാണ് "الذِّكر "എന്ന പദം കൊണ്ട് അർത്ഥ മാക്കുന്നത്. വേദക്കാർ ഏതെല്ലാം കാര്യങ്ങളിലാണ് ഭിന്നിച്ചിരുന്നത് എന്ന് വ്യക്തമാക്കാ നാണ് ഖുർആൻ (അദ്ദിക്ർ)ഇറക്കിയത് എന്നും നബിക്ക് ഒരേ ഒരു ഗ്രന്ഥം മാത്രമേ ഇറ ക്കപ്പെട്ടിട്ടൊള്ളൂ എന്നും അത് തന്നെയാണ് ദിക്റും , ഖുർആ നും ............ ,എന്നും അതിനു തുല്ല്യമായി ഒന്നുമില്ലെന്നും, അതിന്റെ കൂടെ വേറൊരു ഗ്രന്ഥമില്ലെന്നും നമുക്ക് മനസ്സിലായി.

ഇവിടെ വാദത്തിനുവേണ്ടി അന്നാസ് എന്ന പദം, മുഴുവൻ ജനങ്ങളെയുമാണ് ഉദ്ദേ ശിക്കുന്നതെന്ന് സമ്മതിച്ചാൽ പോലും "അദ്ദിക്ർ " ഖുർആനിനു പുറമെയാണെന്ന് ഒരിക്കലും കിട്ടില്ല.മറിച്ച് അത് ഖുർആൻ തന്നെയാണെന്ന് അല്ലാഹു വ്യക്തമാകുന്നു..ചില ആയ ത്തുകളൊന്ന് പരിശോധിക്കാം إِنَّانحن
نَزَّلْناالذِّكْرَ وإِنَّالَهُ لَحَافِظُونَ ) (الحجر 9
إِنْ هُوَ إِلَّا ذِكْرٌ لِلْعَالَمِينَ ) ( يوسف 104
وَهَذَا ذِكْرٌ مُبَارَكٌ أَنْزَلْنَاهُ (الانبياء 50 ) ഇവിടെ മനസ്സിലാക്കേണ്ട ഒരു കാര്യം നബിക്ക് ഖുർആൻ(ദിക്ർ) ഇറക്കപ്പെട്ടത് ജനങ്ങൾക്ക് എന്താണ് ഇറക്കപ്പെട്ടിരിക്കുന്നത് (مَا نُزِّلِ إِلَيْهِم )എന്ന് വ്യക്തമാക്കാനാണ്. നബിക്ക് എന്താണ് ഇറക്കപ്പെട്ടിരിക്കുന്നത്?ഖുർആൻ തന്നെ.ഇനി ഞാനൊന്ന്

ചോദിക്കട്ടെ .ഖുർആൻ വിശദീകരിക്കാനാണെങ്കിൽ സൂറത്തുൽ ഫാത്തിഹ മുതൽ സൂറത്തുന്നാസുവ രെ യുള്ള ഖുർആനിക വചനങ്ങളുടെ നബിയുടേതാണെന്ന് ഉറപ്പുള്ള വിശദീകരണങ്ങൾ ആർ ക്കെങ്കിലും കൊണ്ടുവരാൻ സാധിക്കുമോ?എന്തിനധികം പറയുന്നു.ഒരു الم (അലിഫ് ലാമീം)എന്നതിന്റെ അർത്ഥമെങ്കിലും നബിയുടേതാണെന്ന് ഉറപ്പുള്ളത് കൊണ്ടുവരാൻ കഴി യുമോ?ഇങ്ങിനെ ആയിരക്കണ ക്കിനു ആയത്തുകൾ ഞാൻ ചോദിച്ചപ്പോൾ ചില പണ്ഡിതന്മാർ എന്നോട് മറുപടി പറഞ്ഞത് കർമ്മ പരമായ കാര്യങ്ങൾ മാത്രമേ നബി വിശദീകരി ച്ചിട്ടൊള്ളൂ എന്നാണ്.ഞാൻ ചോദിക്കട്ടെ ഇങ്ങിനെചില ആയത്തുകൾ മാത്രം വിശദീകരി ച്ചാൽ മതി എന്ന് ഏത് ആയത്തിൽ നിന്നാണ് കിട്ടുക?.

അല്ലാഹ്വിനെക്കുറിച്ച് പ്രസ്താവിക്കുകയും പഠിപ്പിക്കുകയും ചെയ്യേണ്ടത് ഖുർആ നിലൂ ടെ മാത്രമാണെന്നും അല്ലാഹു പറയുന്നു.وَإِذَا قَرَأْتَ الْقُرْآنَ جَعَلْنَا بَيْنَكَ وَبَيْنَ الَّذِينَ لَا يُؤْمِنُونَ بِالْآخِرَةِحِجَابًا مَسْتُورًاو جَعَلْنَا عَلَى قُلُوبِهِمْ أَكِنَّةً أَنْ يَفْقَهُوهُ وَفِي آذَانِهِمْ وَقْرًا وَإِذَاذَكَرْتَ رَبَّكَ فِي الْقُرْآنِ وَحْدَهُ وَلَّوْا عَلَى أَدْبَارِهِمْ نُفُورً (الاسراء 45-46 “ഈ ഖുർആൻ നീ വായിച്ചാൽ നിന്റെയും അന്തിമ ജീവിതത്തിൽ വിശ്വസിക്കാത്തവരുടെയും ഇടയിൽ നാം ഒരു വിരി മറയുണ്ടാക്കുന്നതാണ് .അവരത് ഗ്രഹിക്കുന്നതിനെതിരായി അവ രുടെഹൃദയങ്ങൾക്ക് ചില മൂടികളും അവരുടെ ചെവികളിൽ ഒരു ബാധിര്യവും ഉണ്ടാക്കുക യായി. ഇനി നീ നിന്റെ നാഥനെ ഖുർആനിൽ മാത്രം പ്രസ്താവിക്കുകയാണെങ്കിൽ അവർ വൈമനസ്സ്യത്തോടെ പിന്തിരിഞ്ഞു പോവുകയും ചെയ്യും.(അൽഇസ്റാഅ്45-46)

ഈ ആയത്തിൽ നിന്നും ,നബി അവർക്ക് വായിച്ചു കൊടുത്തിരുന്നത് ഖുർആനാ ണെന്നും ആ ഖുർആനിലൂടെ മാത്രം അല്ലാഹുവിനെക്കുറിച്ചു പ്രസ്താവിക്കുമ്പോൾ അന്തിമ ജീവിതത്തിൽ വിശ്വാസ മി ല്ലാത്തവർ പിന്തിരിഞ്ഞു പോകുമെന്നും വ്യക്തമാകുന്നു.നബിക്ക് ഖുർആനല്ലാത്ത ഗ്രന്ഥമോ,ഗ്രന്ഥങ്ങളോ നൽകപ്പെട്ടതായി ഖുർആനിലെ ഒരായത്തിലും നമുക്ക് കാണാൻ കഴിഞ്ഞിട്ടില്ല.അല്ലാഹുവിനെയും അവ ന്റെ ഗ്രന്ഥത്തെയും കുറിച്ചു പറയു മ്പോൾ അല്ലാഹുവിനേയും അവന്റെ കിതാബിനെയും ഉദ്ദേശിക്കാൻ പറ്റുന്ന രൂപത്തിൽ ഏകവചനത്തിൽ പല സ്ഥലങ്ങളിലും വന്നതായി നമുക്ക് കാണാൻ കഴിയും. അങ്ങിനെയുള്ള ഒരു ശൈലിയാണ് ഇവിടെ പ്രയോഗിച്ചിട്ടുള്ളത്.“വഹ്ദഹു "(وحده)എന്നതിലെ "ഹു" എന്ന തുകൊണ്ട് അല്ലാഹുവിനെക്കുറിച്ച് "ഖുർആനിലൂടെ മാത്രം "എന്നാണ് ഉദ്ദേശിക്കുന്നത്. "വഹ്ദഹു " എന്നതിന്റെ തൊട്ടുമുൻപുള്ള നാമം ഖുർആനാണെങ്കിലും അല്ലാഹുവിനെയും ഉദ്ദേശിക്കാവുന്നതാണ് .അങ്ങിനെ വരുമ്പോൾ അല്ലാഹുവിനെപ്പറ്റി മാത്രം ഖുർആനിലൂടെ മാത്രം പ്രസ്താവിച്ചാൽ എന്നും മന സ്സിലാക്കാം. മുകളിൽ ഞാൻ ഉന്നയിച്ച ഒരു സംശയം ഞാൻ ഇവിടെ ചോദിക്കട്ടെ.അതായത് ഈ ആയത്തിലെ "ഹു"എന്നതുകൊണ്ട് അല്ലാഹുവാണോ , കിതാബാണോ,അതല്ല രണ്ടുംഉദ്ദേശിക്കുന്നുണ്ടോ? എന്ന് നബി വിശദീകരിച്ച വല്ല ഹദീസുമുണ്ടോ?.ചുരുക്കത്തിൽ ഒരു വിശ്വാസിക്ക് അല്ലാഹുവും അവന്റെ ഖുർആനും മതി.നിഷേധികൾക്കോ ഒരുപാട് ഇലാഹുകളും ഗ്രന്ഥങ്ങളും ഉണ്ടങ്കിലേമതിയാകൂ.!അല്ലാഹുവിനോട് നമുക്ക് സന്മാർഗ്ഗം ചോദിക്കാം.

ഖുർആൻ സമ്പൂർണ്ണമാണ് കൂടെ മറ്റൊന്നിന്റെ ആവശ്യമില്ല.

അല്ലാഹു പറയുന്നത് നോക്കൂ وَتَمَّتْ كَلِمَتُ رَبِّكَ صِدْقًا وَعَدْلًا لَا مُبَدِّلَ لِكَلِمَاتِهِوَهُوَ السَّمِيعُ الْعَلِيمُ ) (الانعام 115 “എന്നാൽ നിന്റെ നാഥന്റെ വചനം സത്യംകൊണ്ടുംനീതി കൊണ്ടും പരിപൂർണ്ണമായിരിക്കുന്നു.അവന്റെ വചനങ്ങൾ ഭേതഗതി വരുത്തുന്ന ഒരുവനുമില്ല. അവൻ സർവ്വം കേൾക്കുന്ന വനും സർവ്വജ്ഞനുമാകുന്നു.” (അൽ അൻആം115) അപ്പോൾ അല്ലാഹുവിന്റെ വചനങ്ങൾ സത്യത്താലും നീതിയാലും പരിപൂർണ്ണമായിരിക്കുന്നു എന്നു പറഞ്ഞാൽ അത് കേവലം അക്ഷരത്തിലുള്ള പൂർണ്ണത മാത്രമല്ല.മറിച്ച് അക്ഷരത്തി ലും ആശയത്തിലും അതിന് പൂർണ്ണതയുണ്ട്.അല്ലാതെ അക്ഷരങ്ങളുടെ വള്ളിപുള്ളികൾ മാറ്റുന്നതിലോ ,അവയുടെ കൂട്ടലിലോ കുറക്കിലിലോ മാത്രമല്ല പൂർണ്ണത.ഈ ആയ ത്തിൽ അവന്റെ വചനം പരിപൂർണ്ണമായിരിക്കുന്നു എന്നു പറഞ്ഞ ശേഷം അല്ലാഹു അവന്റെ രണ്ടു വിശേഷണങ്ങൾ കാരണമായി പറഞ്ഞു.അതായത് അവൻ എല്ലാം "കേൾ ക്കുന്നവനും സർവ്വജ്ഞനും" മായവനാമെണെന്ന്. അങ്ങിനെയുള്ള അല്ലാഹുവിന് തന്റെ ദാസന്മാർക്ക് അവരുടെ രക്ഷിതാവിന് വഴിപ്പെട്ട് ജീവിക്കാൻ പറ്റുന്ന രൂപത്തിലുള്ള പരിപൂർണ്ണമായ ഒരു ഗ്രന്ഥം നൽകാൻ കഴിയില്ലേ? അതിനെ പൂർണ്ണമാക്കാൻ നബി മരിച്ച് ഇരുനൂറിലധികം വർഷം കഴിഞ്ഞ് റഷ്യയിൽ നിന്നും സമീപ പ്രദേശങ്ങളിൽ നിന്നും കുറച്ച് ആളുകൾ പുറ പ്പെട്ട് നബി വലിച്ചെറിഞ്ഞ് പോയി എന്ന് പറയപ്പെടുന്ന

ഹദീസുകൾ മാന്തിയെടുക്കേണ്ട ഗതികേടുണ്ടോ ഇസ്ലാമിന്?

എല്ലാം കേൾക്കുന്നവനും സർവ്വജ്ഞനുമായ അല്ലാഹു തന്റെ ദാസന്മാർ ഭാവിയിൽ അവർ എന്തെല്ലാം പ്രശ്നങ്ങളാണ് അഭിമുഖീകരിക്കാൻ പോകുന്നത് എന്ന് മനസ്സിലാക്കി അതിനാവശ്യമായ രൂപത്തിൽ അവർക്ക് അവരുടെ മതം പൂർത്തിയാക്കി കൊടുത്തു.الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا (المادة 3 ) "ഇപ്പോൾ ഞാൻ നിങ്ങൾക്ക് നിങ്ങളുടെ ദീൻ പൂർത്തീകരിക്കുകയും നിങ്ങൾക്ക് എന്റെ അനുഗ്രഹത്തെ സമ്പൂർണ്ണമാക്കുകയും അതനുസരിക്കൽ ഒരു ദീനായി നിങ്ങൾക്ക് തൃപ്തി പ്പെ ടുകയും ചെയ്തിരിക്കുന്നു.(അൽമാഇദ 3) അല്ലാഹു അവന്റെ വചന വും ദീനും(تمام ) പൂർ ത്തിയാക്കി തന്നു എന്നു പറഞ്ഞാൽ പിന്നെ നാം എന്തിനു മറ്റുള്ളവർ പൂർത്തി യാക്കുന്ന തി നെതേടിപ്പോകണം? ഒരിക്കലും മനുഷ്യർക്ക് കണ്ടെത്താൻ കഴിയാത്തത്ര വചനങ്ങളാണ് അല്ലാഹുവിന്റെ അടുക്കലുള്ളത് അതൊന്നും നൽകി അവൻ നമ്മെ ബുദ്ധിമുട്ടിച്ചില്ല.നമുക്ക് ഉൾകൊള്ളാനും മനസ്സിലാക്കാനും കഴിയുന്ന വചനം തരികയും അത് പൂർത്തിയാക്കി ത്ത രുകയും ചെയ്തു.അല്ലാഹു പറയുന്നത് കാണുക.وَلَوْ أَنَّمَا فِي الْأَرْضِ مِنْ شَجَرَةٍ أَقْلَامٌ وَالْبَحْرُ يَمُدُّهُ مِنْ بَعْدِهِ سَبْعَةُ أَبْحُرٍ مَا نَفِدَتْ كَلِمَاتُ اللَّهِ"ഭൂമിയിൽ വൃക്ഷമായുള്ളതെല്ലാം പേനകളും അതിന്റെ ശേഷം സമുദ്രമാകട്ടെ ഏഴ സമുദ്ര ങ്ങ ളാവുകയും,അത് മഷിയാവുകയുമാണെന്നിരിക്കെ അല്ലാഹുവിന്റെ വചനങ്ങൾ ഒടുങ്ങുകയില്ല ............(ലുഖ്മാൻ27)

ഖുർആനിലെ ചില വചനങ്ങൾ സ്വയം വിശദീകരിക്കുന്നവയും(مُحْكَمَات ) മറ്റു ചില വചനങ്ങൾ അവക്ക് സദൃശമായ( مُتَشَابِهَات ) വചനങ്ങളിലൂടെ ആശയങ്ങൾ വിശദീകരിക്കുന്നവയും വേറെ ചില വചനങ്ങൾ അവ ആവർത്തിച്ച് പറഞ്ഞുകൊണ്ട് ആശ യം വ്യക്തമാക്കുന്നവയുമാണ്. ചിലപ്പോൾ ഒരിക്കൽ പറഞ്ഞ കാര്യം തന്നെ ഒന്നുകൂടി ഉറ പ്പിക്കാൻ വേണ്ടി നബിയോട് പറയൂ(قُلْ ) എന്ന് കൽപിച്ചുകൊണ്ട് ആശയം വ്യക്തമാ ക്കും .അങ്ങിനെ പ്രവാചകനോട് ഇടക്കിടെ നീ പറയൂ(قُلْ ) എന്ന് കല്പിച്ചു കൊണ്ട് പറയിക്കും . അങ്ങിനെ പറയുന്ന ഖുർആനാണ് ദൂതന്റെ വാക്കുകൾ. ആ വാക്കുകൾ ഖുർആനിനക ത്താ ണ്.അല്ലാതെ നബി വലിച്ചെറിഞ്ഞു പോയിരിക്കുകയല്ല. ബുഖാരിക്ക് മാന്തിയെടുക്കാൻ.

അല്ലാഹു അവന്റെ ഒരിക്കലും തീരാത്ത വചനങ്ങൾ നമുക്ക് നൽകാതെ ഒരൊറ്റ ഗ്രന്ഥം നൽകിയതിലൂടെ അവന്റെ കാരുണ്യം നമ്മുടെ മേൽ വർഷിച്ചിരിക്കുകയാണ്.ആ ഗ്രന്ഥത്തിനാകട്ടെ ഒരു തുടക്കവും ഒടുക്കവുമുണ്ട്.അത് സമ്പൂർണ്ണവും വ്യക്തവും വിശദീകൃതവു മാണ്. ആ ഒരൊറ്റ ഗ്രന്ഥംകൊണ്ട് മതിയാക്കാനും തൃപ്തിപ്പെടാനും അല്ലാഹു കൽപിക്കുന്നു.أَوَلَمْ يَكْفِهِمْ أَنَّا أَنْزَلْنَا عَلَيْكَ الْكِتَابَ يُتْلَى عَلَيْهِمْ إِنَّ فِي ذَلِكَ لَرَحْمَةً وَذِكْرَى لِقَوْمٍ يُؤْمِنُونَ "നിശ്ചയം നാം തന്നെ, അവരോട് പാരായണം ചെയ്യ പ്പെടുന്ന ഒരു ഗ്രന്ഥം നിന്റെ മേൽ ഇറക്കിയത് അവർക്ക് മതിയായിട്ടില്ലേ? കാരുണ്യവും വിശ്വസിക്കുന്ന ജനതക്കുള്ള ഒരു ഉപദേശവും തീർച്ചയായും അതിൽ തന്നെയുണ്ട്."വീണ്ടും അല്ലാഹു പറയുന്നു.قُلْ كَفَى بِاللَّهِ بَيْنِي وَبَيْنَكُمْ شَهِيدًا يَعْلَمُ مَا فِي السَّمَاوَاتِ وَالْأَرْضِ وَالَّذِينَ آمَنُوا بِالْبَاطِلِ وَكَفَرُوا بِاللَّهِ أُولَئِكَ هُمُ الْخَاسِرُونَ നീ പറയുക എന്റെയും നിങ്ങളുടെയും ഇടക്ക് ഒരു സാക്ഷിയായിട്ട് അല്ലാഹു തന്നെ മതി.ആകാശങ്ങളിലും ഭൂമിയിലുള്ളതുമെല്ലാം അവൻ അറി യുന്നുണ്ട്. മിഥ്യയിൽ വിശ്വസിക്കു കയും അല്ലാഹുവിൽ അവിശ്വസിക്കുകയും ചെയ്തിരുന്നവർ ആരോ അവർ തന്നെയാണ് പരാജിതർ. (അൻകബൂത്ത്51-52)

അല്ലാഹുവിനെ സാക്ഷിയാക്കിക്കൊണ്ട് നബിയോട് അത് മതി എന്നു പറയാൻ പറഞ്ഞ സ്ഥിതിക്ക് നമുക്കും അത് മതി. ഈ ആയത്തിൽ പറഞ്ഞ بَاطِل ൽ വിശ്വസിച്ച് പരാജയപ്പെടുന്നവരുടെ കൂട്ടത്തിൽ നാം ഉൾപ്പെടാതിരിക്കാൻ ശ്രമിക്കാം.

"<u>സ്വിറാത്തുൽമുസ്തഖീം ഖുർആൻ തന്നെയാണ്</u>.":- പ്രരംഭ ത്തിലെ അദ്ധ്യായത്തിൽ ചൊവ്വായ മാർഗ്ഗംനിർദ്ദേശിച്ചു(صِرَاطُ الْمُسْتَقِيم) തരുവാൻ നാം അല്ലാഹുവിനോട് ആവശ്യപ്പടുന്നു.ആ صِرَاطُ الْمُسْتَقِيم ആണ് പരിശുദ്ധഖുർആൻ. അല്ലാഹു പറയുന്നത് നോക്കൂ.

وَهَذَا صِرَاطُ رَبِّكَ مُسْتَقِيمًا قَدْ فَصَّلْنَا الْآيَاتِ لِقَوْمٍ يَذَّكَّرُونَ

"ഇതാണ് ചൊവ്വായി നിൽക്കുന്ന നിലക്കുള്ള നിന്റെ നാഥന്റെ മാർഗ്ഗം.പാഠം ഉൾക്കൊള്ളുന്ന ജനതക്കു നാം വചനങ്ങൾ വിവരിച്ചു കഴിഞ്ഞു.(അൽഅൻആം126) ആ നേരായ മാർഗ്ഗ (صراط

(المستقيم)മായഖുർആനിനെ പിൻപറ്റാനും മറ്റൊന്നിനേയും പിൻപറ്റരുതെന്നും അല്ലാഹു നമ്മോട് കൽപിക്കുന്നു.
وَأَنَّ هَذَا صِرَاطِي مُسْتَقِيمًا فَاتَّبِعُوهُ وَلَا تَتَّبِعُوا السُّبُلَ فَتَفَرَّقَ بِكُمْ عَنْ سَبِيلِهِ ذَٰلِكُمْ وَصَّاكُمْ بِهِ لَعَلَّكُمْ تَتَّقُونَ "ഇതു തന്നെയാണ് എന്റെ നേരായ മാർഗ്ഗം .അതിനാൽ നിങ്ങൾ മറ്റുള്ള മാർഗ്ഗങ്ങളെ പിമ്പറ്റാതെ ഇതിനെ പിമ്പറ്റുവീൻ.കാരണം അപ്പോൾ അവ നിങ്ങളെ അവന്റെ മാർഗ്ഗത്തിൽ നിന്നും വിട്ടുപിരിക്കുന്നതാണ്.അവൻ തന്നെ നിങ്ങളോട് ഉപദേശിച്ചിരിക്കുന്നത് നിങ്ങൾ സൂക്ഷിക്കാൻ വേണ്ടിയാണ്(അൻആം153)

മുസ്ലിംകൾ ഭിന്നിക്കാതിരിക്കുവാനും അല്ലാഹുവിന്റെ മാർഗ്ഗത്തിൽനിന്നും അകലാതിരിക്കുവാനും അവന്റെ സ്വിറാത്തുൽ മുസ്തക്കീമായ ഖുർആനിനെ പിമ്പറ്റാനും അല്ലാഹു ഈ വചനത്തിലൂടെ നമ്മെ ഉപദേശിക്കുന്നു. എന്നാൽ അഹ് ലുൽ ഹദീസുകാരുടെ ജോലി അല്ലാഹു എന്ത് ചെയ്യരുത് എന്ന് പറഞ്ഞുവോ അതു തന്നെ ചെയ്യുക എന്നതാണ്.ഇവിടെ അല്ലാഹു നിങ്ങൾ വ്യത്യസ്ത വഴികളിലൂടെ( سُبلُ ) പോകരുതെന്നും പിമ്പറ്റരുതെന്നും കൽപിച്ചു .എന്നാൽ ഇവർ ഒരുപാട് ഹദിസുകൾ നബിയിലേക്ക് ചേർത്തു പറയുകയും അവക്ക് സനദുക ൾ എന്ന പേരിൽ വിവിധ വഴികൾ ( طُرُق ) ഉണ്ടാക്കുകയും അവയിൽ ഇവർ ഭിന്നിക്കു കയും ചെയ്തപ്പോൾആ ഭിന്നത തീർക്കാൻ ഹദീസിന് ഒരു നിദാനശാസ്ത്രവും( أُصُولُ الحَدِيث )ഉണ്ടാക്കി. ഇവിടെ അല്ലാഹു وَلَا تَتَّبِعُوا السُّبُلَ എന്ന് പറഞ്ഞപ്പോൾ ആ "സുബുല് "എന്ന പദത്തിന്റെ നേരെ പര്യായപദമായ"طُرُق"ഉണ്ടാക്കുകയും ആ വഴികളിലൂടെ പോവുകയും ചെയ്തു .ഒരു ഹദീസിനെക്കുറിച്ച് ഇത് ഈവഴിയിലൂടെ(طريق )വന്നതാണ് അത് ആ വഴിയിലൂടെ വന്നതാണ് എന്നാണ് എഴുതാറുള്ളതും പറയാറുള്ളതും.ഇത്തരം ഭിന്നതയുണ്ടാ ക്കുന്ന ആളുകളിൽ നിന്നും മാറി നിൽക്കാനാണ് അല്ലാഹു നബിയോട് കൽപിക്കുന്നത്.
إِنَّ الَّذِينَ فَرَّقُوا دِينَهُمْ وَكَانُوا شِيَعًا لَسْتَ مِنْهُمْ فِي شَيْءٍ "തീർച്ചയായും തങ്ങളുടെ മതത്തെ വിഭജിക്കുകയും വിവിധ കക്ഷികളായിത്തീരുകയും ചെയ്തവർ ആരോ താങ്കൾ അവ രിൽ ഒന്നിലുമില്ല.(അൽഅൻആം159) അല്ലാഹു ഒരു തെളിവും അവതരിപ്പിക്കാത്ത വിശ്വാ സങ്ങളുടെയും പ്രമാണങ്ങളുടെയുംപിറകെ പോവുകയും അവന്റെ ഗ്രന്ഥത്തെ പിറകോട്ട് വ ലിച്ചെറിയുകയും ചെയ്തവരിൽ നിന്നും ദൂതൻ തന്റെ നിരപരാധിത്വം പറഞ്ഞ് ഒഴിഞ്ഞുമാറു ന്നതാണ്.وَقَالَ الرَّسُولُ يَا رَبِّ إِنَّ قَوْمِي اتَّخَذُوا هَذَا الْقُرْآنَ مَهْجُورًا“ദിവ്യ ദൂതൻ പറയുകയും ചെയ്തു രക്ഷിതാവേ എന്റെ ജനത ഈ ഖുർആനിനെ ഉപേക്ഷിക്കപ്പെട്ടതാക്കുകയും ചെയ്തു. (അൽഫുർഖാൻ30) മാർഗ്ഗ ദർശകനായും സഹായിയായും അല്ലാഹു മതി എന്നും തുടർന്ന് പറയുന്നു.സിറാത്തുൽമുസ്തകീം ഖുർആൻ മാത്രമാണ് . കാരണം രണ്ടു ബിന്ദുക്കൾക്കിടയിൽ ഒരു നേർരേഖ മാത്രമേ വരക്കാൻ കഴിയൂ എന്നത് ഒരു ഗണിതശാസ്ത്ര സത്യമാണ്.ഒന്നിലധികം രേഖകൾ വരക്കാൻ കഴിയില്ല.അതുകൊണ്ട് തത്ത്വ പൂർണ്ണവും സമ്പൂർണ്ണവും യുക്തിഭദ്രവുമായ അല്ലാഹുവിന്റെ ഖുർആനല്ലാതെ സിറാത്തുൽ മുസ്തകീമായി വേറെ ഗ്രന്ഥങ്ങളുണ്ടാവുകയില്ല.

ചൊവ്വായ മാർഗ്ഗം കാണിച്ചുതരുവാൻ അല്ലാഹുവിനോട് നാം ആവശ്യപ്പെടുമ്പോൾ തന്നെ നാം അതിനെത്തൊട്ട് അശ്രദ്ധരാണ്.കാരണം പിശാച് നമ്മെ സിറാത്തുൽമുസ്ത ക്കീ മിൽ നിന്നും തെറ്റിക്കാനും അകറ്റാനും വിവിധങ്ങളായ പ്രമാണങ്ങളിലേക്കും മാർഗ്ഗങ്ങ ളി ലേക്കും നമ്മെ കൊണ്ടെത്തിക്കാനും പ്രയത്നിച്ചുകൊണ്ടിരിക്കുകയാണ്.അത് അവന്റെ ഉത്തരവാദിത്തവുമാണല്ലോ?.
قَالَ فَبِمَا أَغْوَيْتَنِي لَأَقْعُدَنَّ لَهُمْ صِرَاطَكَ الْمُسْتَقِيمَ
“അവൻ പറഞ്ഞു അപ്പോൾ നീ എന്നെ വഴിതെറ്റുകാരനാക്കിയതുകൊണ്ട് തീർച്ചയായും നിന്റെ നേർമാർഗ്ഗത്തിൽ ഞാൻ അവരെ കാത്തിരിക്കും.”(അൽഅഅ്റാഫ്16)നമുക്ക് അല്ലാഹുവിന്റെ صِرَاطُ الْمُسْتَقِيم ആയ ഖുർആനിലൂടെ പോകാം.പിശാചുക്കളുടെ വഴികൾ നമുക്ക് വേണ്ട.

## ഖുർആൻ അതുതന്നെയാണ് ഹിക് മത്തും

هُوَ الَّذِي بَعَثَ فِي الْأُمِّيِّينَ رَسُولًا مِنْهُمْ يَتْلُو عَلَيْهِمْ آيَاتِهِ وَيُزَكِّيهِمْ وَيُعَلِّمُهُمُ الْكِتَابَ وَالْحِكْمَةَ
ഖുർആൻ നിഷേധികൾ മുസ്ലിംകളെ രണ്ടാംപ്രമാണം സ്വീകരിക്കാൻ പ്രേരിപ്പിക്കാൻ വേണ്ടി ഉപയോഗിക്കുന്ന ഒരു വചനമാണിത്. ഇവിടെ الْكِتَابَ وَالْحِكْمَةَഎന്നു പറഞ്ഞതിൽ നിന്നും"കിതാബും ഹിക്മത്തും " ഒന്നല്ല,അവ രണ്ടാണെന്നും അതുകൊണ്ടാണ്وَഎന്ന അക്ഷരം അവക്കിടയിൽ ഉപയോഗിച്ചിരിക്കുന്നത് എന്നാണ് ഇവരുടെ വാദം. എന്നാൽ ഖുർആനിൽ "വ"എന്ന അക്ഷരം ഉപയോഗിച്ച

എല്ലാ സ്ഥലങ്ങളിലും അവ രണ്ടും വ്യത്യസ്ഥ ങ്ങ ളാണെന്ന് ഇവർക്ക് വാദിക്കാൻ കഴിയില്ല.ഒരു വ്യക്തി യിലോ,വസ്തുവിലോ തന്നെയുള്ള പ്രധാനപ്പെട്ട കാര്യത്തെ ഒന്ന് എടുത്തുപറയാൻ വേണ്ടി ഇങ്ങിനെ "വ"എന്ന അക്ഷരം ഉപയോഗിക്കുന്നു.ഉദാഹരണത്തിന് جَاءَالقَوْمُ وَمُحَمَّد എന്നു പറഞ്ഞാൽ ജനങ്ങളും മുഹമ്മദും വന്നു എന്നു പറഞ്ഞാൽ ആ ജനങ്ങളിൽ തന്നെയല്ലേ മുഹമ്മദ്? ഇത് ഭാഷായിൽ നിന്നുള്ള ഉദാഹരണമാണെങ്കിൽഇനി ഖുർആനിൽനിന്നും നമുക്ക് പരിശോധിക്കാം .അല്ലാഹു പറയുന്നു:-

وَلَقَدْ آتَيْنَا مُوسَى وَهَارُونَ الْفُرْقَانَ وَضِيَاءً وَذِكْرًا لِلْمُتَّقِينَ

“മൂസാക്കും ഹാറൂനിനും നാം സത്യാസത്യ വിവേചനവും,പ്രഭയും,സൂക്ഷ്മാലുക്കൾക്കുള്ള അനു സ്മരണവും( ذِكرا )നൽകുകയും ചെയ്തിരുന്നല്ലോ?”(അൽഅമ്പിയാഅ് 48)ഇവിടെ فُرْقَان, ضِيَاء, ذِكْر, എന്നീ മൂന്ന് പദങ്ങളുടെയും ഇടയിൽ "വ"എന്ന അക്ഷരം ഉപയോഗിച്ചതു കൊ ണ്ട് അതു മൂന്നും മൂന്ന് ഗ്രന്ഥമാണെന്ന് വാദിക്കാൻപറ്റുമോ?. മറിച്ച്സത്യാസത്യവിവേചന മായും മനുഷ്യർക്ക് വെളിച്ചമായും സൂക്ഷ്മാലുക്കൾക്ക് ഉപദേശമായും നൽകപ്പട്ട തൗറാത്തുത ന്നെയല്ലേ ഉദ്ദേശം?

( 117 الصافات) وَآتَيْنَاهُمَا الْكِتَابَ الْمُسْتَبِينَ ഈപറഞ്ഞ" കിതാബുൽ മുസ്തബീൻ "തന്നെയല്ലേ തൗറാത്തും?. ഈസാ നബിയോട് അല്ലാഹു പറയുന്നത് കാണുക. وَإِذْ عَلَّمْتُكَ الْكِتَابَ وَالْحِكْمَةَ وَالتَّوْرَاةَ وَالإِنْجِيلَ“.........ഞാൻ നിനക്കു വേദവും ന്യായവും തൗറാത്തും ഇഞ്ചീലും പഠിപ്പിച്ചു തന്നപ്പോഴും.......”(അൽമാഇദ 110)

وَيُعَلِّمُهُ الْكِتَابَ وَالْحِكْمَةَ وَالتَّوْرَاةَ وَالْإِنْجِيلَ

അവൻ അദ്ദേഹത്തിന് 'വേദവും ന്യായവും തൗറാത്തും ഇഞ്ചീലും പഠിപ്പിച്ചുകൊണ്ടും.........(ആലുഇംറാൻ 48) മേൽ പറഞ്ഞ ആയത്തുകളിൽ ഓരോ പദങ്ങൾക്കിടയിലും "വ"ഉപയോ ഗിച്ചതുകൊണ്ട് ഈസാ നബിക്ക് നാല് ഗ്രന്ഥങ്ങൾ നൽകപ്പട്ടിരുന്നു എന്ന് ഇവർക്ക് വാദി ക്കാൻ കഴിയുമോ?ഇവിടെ പറഞ്ഞ ഇഞ്ചീലും ,കിതാബും, ഹിക്മത്തും ഒക്കെ ഒന്നുതന്നെയ ല്ലേ.?”വ"എന്ന അക്ഷരം വേറെ ഒന്ന് ഉദ്ദേശി ക്കാൻ മാത്രമല്ല മറിച്ച വിശദീകരണത്തിനും അതു ഉപയോഗിക്കും.ഒരു വസ്തുവിലെ മുഖ്യമായ കാര്യം എന്താണോ അത് വ്യക്തമാക്കി തരാനാണ്ഇങ്ങിനെ അല്ലഹു ഉപയോഗിക്കുന്നത്.ഖുർആനിലെ ഒരു മുഖ്യ ഭാഗമാണ് അതിലെ ന്യായവും,യുക്തിയും.(ഹിക് മത്ത്).അതുപോലെ മറ്റൊന്നാണ് ഏറ്റക്കുറവില്ല ( مِيزَان )എന്നത്.അതുകൊണ്ടാണ്الْكِتَاب وَالْمِيزَان എന്ന്അല്ലാഹു ഖുർആനിൽ പറഞ്ഞ ത്.അല്ലാതെ ഗ്രന്ഥവും പിന്നെ ഒരു ത്രാസ്സും നബിക്ക് കൊടുത്തു എന്നല്ല.മുമ്പിൽ ഇരുട്ട്മൂടി വഴിയറിയാതെനിൽക്കുന്ന മനുഷ്യന് വെളിച്ചവും( نُور )പഠിച്ചു മനസ്സിലാക്കി അല്ലാഹുവി നെ അനുസ്മരിക്കാനുള്ള ഗ്രന്ഥമായതു കൊ ണ്ട് "അദ്ദിക്ർ"എന്നും വായിക്കപ്പെടുന്ന ഗ്രന്ഥമായതുകൊണ്ട് ഖുർആൻ എന്നും..........ഇങ്ങിനെ പല വിശേഷണങ്ങളും വിശദീകരണങ്ങളും ഖുർആനിന് അല്ലാഹു നൽകിയിട്ടുണ്ട്.ഇതെല്ലാം ഓരോ ഗ്രന്ഥങ്ങ ളല്ല.മറിച്ച് ഒറ്റ ഗ്രന്ഥമേ ഉള്ളൂ.

അന്ത്യപ്രവാചകനായ മുഹമ്മദ് നബിയുമായി ബന്ധപ്പെട്ട് സൂറത്ത് ഇസ്റാഇൽ ഒരുപാട് കൽപനകൾ തുടർച്ചയായി വന്നതു കാണാം. وَلَا تَقْتُلُوا أَوْلَادَكُمْ خَشْيَةَ إِمْلَاقٍ نَحْنُ نَرْزُقُهُمْ وَإِيَّاكُمْ إِنَّ قَتْلَهُمْ كَانَ خِطْئًا كَبِيرًاوَلَا تَقْرَبُوا الزِّنَا إِنَّهُ كَانَ فَاحِشَةً وَسَاءَ سَبِيلًاوَلَا تَقْتُلُوا النَّفْسَ الَّتِي حَرَّمَ اللَّهُ إِلَّا بِالْحَقِّ وَمَنْ قُتِلَ مَظْلُومًا فَقَدْ جَعَلْنَا لِوَلِيِّهِ سُلْطَانًا فَلَا يُسْرِفْ فِي الْقَتْلِ إِنَّهُ كَانَ مَنْصُورًا

ഇത്തരം കൽപനകൾക്കു ശേഷം അല്ലാഹു പറയുന്നു ذَلِكَ مِمَّا أَوْحَى إِلَيْكَ رَبُّكَ مِنَ الْحِكْمَةِ“...............അത് നിന്റെ നാഥൻ ഹിക്മത്തിൽ നിന്ന് നിന്നിലേക്കയച്ച രഹ സ്യ സന്ദേശ ( وَحْى )ത്തിൽ നിന്നുള്ളതാകുന്നു.”(അൽ ഇസ്റാഅ 39)ഇവിടെ ذلك എന്ന് ചൂണ്ടിക്കൊണ്ട് പറഞ്ഞത് മുകളിൽ പറഞ്ഞ ഖുർആനിക വചനങ്ങളിലേക്കല്ലാതെ പുറത്തു ള്ള ഒരു ഗ്രന്ഥത്തിലേക്കാകാൻ പറ്റില്ലല്ലോ?.ഖുർആനിക വചനത്തെയാണ് ഉദ്ദേശം എന്നുള്ളതുകൊണ്ട് തന്നെ ഹിക്മത്ത് ഖുർആൻ തന്നെയാണ് .ഇവിടെ ഹിക്മത്ത് എന്ന് പറയാൻ മറ്റൊരു കാരണവും കൂടിയുണ്ട്.അത് ഓരോ കൽപനകൾ പറഞ്ഞ ശേഷവും അതെന്തുകൊണ്ട് ചെയ്യരുത് എന്ന ന്യായവും( حِكْمَة ) അവിടെ തന്നെ

അല്ലാഹു വ്യക്ത മാ ക്കുന്നു.ഉദാഹരത്തിന് വ്യഭിചാരത്തോട് അടുക്കരുത് എന്ന് പറഞ്ഞ ശേഷംഎന്തുകൊണ്ട് എന്ന ന്യായവും അല്ലാഹു വ്യക്തമാക്കി.അതായത് إِنَّهُ كَانَ فَاحِشَةً وَسَاءَ سَبِيلًا "അത് ഒരു ദുഷ്കൃതിയയും നീചമാർഗ്ഗവും തന്നെയാണ്."ഇങ്ങിനെ ഓരോ കൽപനകൾക്കും ശേഷമുള്ള കാരണങ്ങൾ പറയുന്നത് ഒന്ന് പരിശോധിക്കുക.അപ്പോൾ خَبِيرഉംحَكِيم ഉം عَزِيز മായ അല്ലാഹു അവന്റെ കലാമിനെ "കിതാബുൻ മുഹ്കമ്"ആക്കിയിരിക്കുന്നു എന്ന് സാരം.

كِتَابٌ أُحْكِمَتْ آيَاتُهُ ثُمَّ فُصِّلَتْ مِنْ لَدُنْ حَكِيمٍ خَبِيرٍ"ന്യായാധിപനും സൂക്ഷ്മജ്ഞനുമാ യ വന്റെ പക്കൽനിന്നുള്ള അടയാള വാക്യങ്ങൾ സുദൃഢമാക്കപ്പെട്ടതും പിന്നെ വിശദീകരി ക്കപ്പെട്ടതുമായ ഒരു ഗ്രന്ഥമാണ്"

ചുരുക്കത്തിൽഖുർആൻ തന്നയാണ് ഹിക്മത്തും,നൂറും, ഫുർഖാനും ,,.......മെല്ലാം .ഖുർആൻ നിഷേധികളുടെ" വ " എന്ന അക്ഷരത്തിന്റെ പ്രശ്നം തീർന്നിരിക്കും എന്നു വിചാരിക്കുന്നു.وَلَقَدْ آتَيْنَاكَ سبعا من المثاني والقرآن العظيم എന്ന ആയത്തിലെ سبعا من المثاني എന്നത് والقرآن العظيم ൽ പെട്ടതല്ല എന്ന് ഇവർ വാദിക്കമോ?കാരണം "വ"എന്ന അക്ഷരം അതിന്റെ നടുവിൽ ഉള്ളതുകൊണ്ട് ഇവർ വാദിച്ചാലോ?.

ഖുർആനും ഹിക്മത്തും ഒന്നു തന്നെയാണെന്ന് വ്യക്തമാക്കുന്ന ഒരായത്തു കൂടി പരിശോധിക്കാം. وَاذْكُرُوا نِعْمَتَ اللَّهِ عَلَيْكُمْ وَمَا أَنْزَلَ عَلَيْكُمْ مِنَ الْكِتَابِ وَالْحِكْمَةِ يَعِظُكُمْ بِهِ "................അവൻ നിങ്ങളെ ഉണദോഷിച്ചുകൊണ്ട് കിതാബുംഹിക്മത്തും നിങ്ങളുടെ പേരിൽ ഇറക്കി യതും........."(അൽബഖറ 231) ഈആയത്തിലെ കിതാബ് എന്നത് ഒരു സംഗതിയും ഹിക് മത്ത് കൊണ്ട് മറ്റൊരു സംഗതിയുമാണ്ഉദ്ദേശിക്കുന്നതെങ്കിൽ يَعِظُكُمْ بِهِ എന്നല്ല മറിച്ച് يَعِظُكُمْ بِهِمَا എന്നാണ് പറയുക.ഒരായത്തുകൂടി പരിശോധിക്കാം.

സാധാരണ تِلاوَةُ الْقُرْآن എന്നല്ലാതെ تِلاوَةُ الْحَدِيث എന്ന് പറയാറില്ലല്ലോ?.അതായത് ഖുർആൻ ഓത്തല്ലാതെ ഹദീസ് ഓത്ത് ഉണ്ടാകാറുണ്ടോ?നബിയുടെ കാലത്ത് നബിയുടെ ഭാര്യമാർക്ക് ഇരുന്ന് ഓതാൻ പാകത്തിൽ ഹദീസുകൾഎഴുതപ്പെടുകയും ക്രോഡീകരി ക്കപ്പെടുകയും ചെയ്തിരുന്നോ?وَاذْكُرْنَ مَا يُتْلَى فِي بُيُوتِكُنَّ مِنْ آيَاتِ اللَّهِ وَالْحِكْمَةِ إِنَّ اللَّهَ كَانَ لَطِيفًا خَبِيرًا "അല്ലാഹുവിന്റെ വചനങ്ങളും ഹിക്മത്തുമായി നിങ്ങളുടെ വീടുകളിൽ പാരായണം ചെയ്യുന്നതു നിങ്ങൾ ഓർമ്മിക്കുകയും ചെയ്യുവിൻ .......(അൽഅഹ്സാബ് 34)അപ്പോൾ ഈ ആയത്തിലും ഹിക് മത്തുകൊണ്ട് ഹദീസല്ല ഉദ്ദേശം.

## ഭാഗം2

## പ്രവാചകനും ദൂതനും نَبِي وَرَسُول

ആരാണ് റസൂൽ?ആരാണ് നബി? റസൂലിനെ പിൻപറ്റുക,അനുസരിക്കുക.എന്നാൽ എന്താണ്? റസൂലിനെ അനുസരിക്കുക എന്നതാണ് ഖുർആൻ നിഷേധികൾ രണ്ടാം പ്രമാ ണത്തിന് തെളിവായി പറയുന്ന കാര്യം.റസൂലിനെ അനുസരിക്കുക,പിൻപറ്റുക എന്നീ കല്പനകൾ നാം വേണ്ട വിധത്തിൽ മനസ്സിലാക്കാത്തതോ അല്ലെങ്കിൽ മനസ്സിലാക്കിയതിൽ വന്ന പിഴവോ ആകാം കാരണം.ആരാണ് നബി ,ആരാണ് റസൂൽ എന്നു മനസ്സിലായാലേ ദൂതനെ പിമ്പറ്റു അനുസരിക്കു എന്നീ കൽപനകൾ കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് നമുക്ക് പൂർണ്ണമായും മനസ്സിലാകുകയുള്ളൂ .തന്റെ സന്ദേശമറി യിക്കാൻ വേണ്ടി മനുഷ്യരിൽനിന്നും തിരഞ്ഞെടുക്കുന്ന വ്യക്തിയാണ് നബി.അദ്ദേഹത്തിന് ഒരു മനുഷ്യ ൻ എന്ന നിലക്ക് ഭാര്യമാരോടും ,കുടുംബങ്ങളോടും ,സുഹൃ ത്തുക്കളോടും, സമൂഹത്തോടും ബന്ധങ്ങളും ,സംസാരങ്ങളും,ഇടപെടലുകളുമുണ്ടാകും.മേൽ പറഞ്ഞവരോടെല്ലാം മനുഷ്യരായ നമുക്കും തമാശ പറയ ലും സംസാരവും,ബന്ധങ്ങളും ഇട പാടുകളമെല്ലാം ഉണ്ടാകുമല്ലോ?.ഇങ്ങിനെയുണ്ടാകുന്ന നബിയുടെ ഇട പാടുകളിലും സംസാര ങ്ങളിലും വല്ല പിഴവും സംഭവിക്കുകയാണെങ്കിൽ അദ്ദേഹം തിരുത്തപ്പെടുകയും ചെയ്യും.ഈ നബിയെ അനുസരിക്കാൻ ഖുർആനിലെവിടെയും അല്ലാഹു പറഞ്ഞിട്ടില്ല.ഖുർആനിൽ നബിയെ അല്ലാഹു തിരുത്തുന്നത് ഒന്നുനോക്കു.يَا أَيُّهَا النَّبِيُّ لِمَ تُحَرِّمُ مَا أَحَلَّ اللَّهُ لَكَ تَبْتَغِي مَرْضَاتَ أَزْوَاجِكَ "ഓ പ്രവാചകാ,അല്ലാഹു താങ്കൾക്കായി അനുവദിച്ചു തന്നിട്ടു ള്ളതിനെ നിന്റെ ഭാര്യമാരുടെ പ്രീതി തേടിക്കൊണ്ട് എന്തിനു നീ നിഷിദ്ധമാക്കുന്നു?.

ഇനി ബന്ധികളുടെ വിഷയത്തിൽ അല്ലാഹു പറയുന്നത് നോക്കൂ.مَا كَانَ لِنَبِيٍّ أَنْ يَكُونَ لَهُ أَسْرَى حَتَّى

يُثْخِنَ فِي الْأَرْضِ تُرِيدُونَ عَرَضَ الدُّنْيَا وَاللَّهُ يُرِيدُ الْآخِرَةَ "ഭൂമിയിൽ അതിലംഘിക്കുമാർ തനിക്കു കുറെ ബന്ദികളുണ്ടാക്കുവാൻ ഒരു പ്രവാചകനും പാടുണ്ടായിരുന്നില്ല.(അൽ അൻഫാൽ 67 وَمَا كَانَ
لِنَبِيٍّ أَنْ يَغُلَّ وَمَنْ يَغْلُلْ يَأْتِ بِمَا غَلَّ يَوْمَ الْقِيَامَةِ "ഒരു നബിക്കും ചൂഷണം ചെയ്യാവതല്ല. ആരെങ്കിലും ചൂഷണം ചെയ്താൽ എഴുന്നേൽപ് ദിനത്തിൽ താൻ ചൂഷണം ചെയ്തത് കൊണ്ടുവരികയും..........
(ആല്യഇംറാൻ 161)
مَا كَانَ لِلنَّبِيِّ وَالَّذِينَ آمَنُوا أَنْ يَسْتَغْفِرُوا لِلْمُشْرِكِينَ وَلَوْ كَانُوا أُولِي قُرْبَى مِنْ بَعْدِ مَا تَبَيَّنَ لَهُمْ أَنَّهُمْ أَصْحَابُ الْجَحِيمِ "ഉറ്റബന്ധക്കാരായാൽ പോലും ബഹുദൈവവിശ്വാസികൾക്ക് അവർ നരകക്കാരാണെന്ന് വ്യക്തമായശേഷം പാപപൊറുതിക്കുവേണ്ടി പ്രവാചകനോ,വിശ്വാസികൾക്കോ പ്രാർത്ഥിക്കാവതല്ല. (അത്തൗബ 113 لَقَدْ تَابَ اللَّهُ عَلَى النَّبِيِّ وَالْمُهَاجِرِينَ وَالْأَنْصَارِ الَّذِينَ اتَّبَعُوهُ فِي سَاعَةِ الْعُسْرَةِ مِنْ بَعْدِ مَا كَادَ يَزِيغُ قُلُوبُ فَرِيقٍ مِنْهُمْ "പ്രവാചകനും,ഒഴിച്ചുപോയവരിൽ നിന്നും സഹായികളിൽനിന്നും ഒരു വിഭാഗത്തിൽ ഹൃദയങ്ങൾ വ്യതിചലിക്കാറായ ശേഷം അദ്ദേഹത്തെ പിമ്പറ്റിയവർക്കും അല്ലാഹു അനുഗ്രഹിച്ചിരുന്നതാണ്.(അത്തൗബ 117).

മുകളിൽ വിവരിച്ച ആയത്തുകളിലെല്ലാം തന്നെ തിരുത്തുന്നതും,നിർദ്ദേശങ്ങൾ കൊടുക്കുന്നതും ,തെറ്റു പൊറുത്ത് അനുഗ്രഹിക്കുന്നതും,എന്തിനു നീ അതു ചെയ്തു എന്നു ചോദിക്കുന്നതും നബിയോടാണ് .റസൂലിനോടല്ല.റസൂലിന്റേയുമല്ല.ഇനി അല്ലാഹുവിനെ സൂക്ഷിക്കുവാനും,വഹ്‌യ് പിൻപറ്റാനും അല്ലാഹുവിൽ ഭരമേൽപിക്കുവാനും ,ബഹുദൈവവിശ്വാസികളെ അനുസരിക്കരുതെന്നു കൽപിക്കുന്നതുമെല്ലാം നബിയോടാണ്.റസൂലിനോടല്ല.

يَا أَيُّهَا النَّبِيُّ اتَّقِ اللَّهَ وَلَا تُطِعِ الْكَافِرِينَ وَالْمُنَافِقِينَ إِنَّ اللَّهَ كَانَ عَلِيمًا حَكِيمًا وَاتَّبِعْ مَا يُوحَى إِلَيْكَ مِنْ رَبِّكَ إِنَّ اللَّهَ كَانَ بِمَا تَعْمَلُونَ خَبِيرًا وَتَوَكَّلْ عَلَى اللَّهِ
തന്റെ ഭാര്യമാരോടുള്ള ബന്ധങ്ങളും ഇടപാടുകളും പരാമർശിക്കുമ്പോഴും നബിയോടാണ് അഭിസംബോധന. يَا أَيُّهَا النَّبِيُّ قُلْ لِأَزْوَاجِكَ إِنْ كُنْتُنَّ تُرِدْنَ الْحَيَاةَ الدُّنْيَا وَزِينَتَهَا فَتَعَالَيْنَ أُمَتِّعْكُنَّ وَأُسَرِّحْكُنَّ سَرَاحًا جَمِيلًا "ഹേ പ്രവാചകാ നീ നിന്റെ ഭാര്യമാരോടു പറയുക. നിങ്ങൾ ഐഹിക ജീവിതത്തെയും അതിന്റെ അലങ്കാരത്തെയും ഉദ്ദേശിക്കുന്നവരാണെങ്കിൽ നിങ്ങൾ വരുവിൻ നിങ്ങൾക്ക് ജീവിതവിഭവം നൽകി സുന്ദരമായ മോചനം മോചിപ്പിച്ചു തരാം(അൽഅഹ്സാബ്28 وَإِذْ أَسَرَّ النَّبِيُّ إِلَى بَعْضِ أَزْوَاجِهِ حَدِيثًا

വിശ്വാസികളുടെ മാതാക്കളായ നബിയുടെ ഭാര്യമാരെ വിളിക്കുമ്പോഴും ഖുർആൻ يا نساء النبي എന്നല്ലാതെ
يا نساء الرَّسُول എന്നു വിളിച്ചിട്ടേയില്ല. يَا نِسَاءَ النَّبِيِّ مَنْ يَأْتِ مِنْكُنَّ بِفَاحِشَةٍ مُبَيِّنَةٍ
يَا نِسَاءَ النَّبِيِّ لَسْتُنَّ كَأَحَدٍ مِنَ النِّسَاءِ

ഇനി നബിയുമായി ബന്ധമുള്ള മറ്റുള്ളവരോട് പറയൂ എന്ന് പറയുമ്പോഴും ഓ പ്രവാചകാ എന്നു തന്നെയാണ് അല്ലാഹു അഭിസംബോധന ചെയ്യുന്നത്. يَا أَيُّهَا النَّبِيُّ قُلْ لِأَزْوَاجِكَ وَبَنَاتِكَ وَنِسَاءِ الْمُؤْمِنِينَ يُدْنِينَ عَلَيْهِنَّ مِنْ جَلَابِيبِهِنَّ "ഹേ പ്രവാചകാ ,അല്ലാഹു വളരെ പൊറുക്കുന്നവനും പരമകാരുണികനുമായിരിക്കെ നിന്റെ ഭാര്യമാരോടും നിന്റെ പുത്രിമാരോടും വിശ്വാസികളുടെ ഭാര്യമാരോടും തങ്ങളുടെ തട്ടങ്ങളിൽ നിന്ന് തങ്ങളുടെമേൽ താഴ്ത്തുവാൻ പറയുക...(അഹ്സാബ്59 النَّبِيُّ أَوْلَى بِالْمُؤْمِنِينَ مِنْ أَنْفُسِهِمْ وَأَزْوَاجُهُ أُمَّهَاتُهُمْ "പ്രവാചകൻ വിശ്വാസികളോട് അവരുടെ സ്വാത്മാക്കളേക്കാൾ ഉറ്റവനും അദ്ദേഹത്തിന്റെ ഭാര്യമാർ അവരുടെമാതാക്കളമാകുന്നു(അൽ അഹ്സാബ് 6)
يَا أَيُّهَا الَّذِينَ آمَنُوا لَا تَدْخُلُوا بُيُوتَ النَّبِيِّ إِلَّا أَنْ يُؤْذَنَ لَكُمْ
"ഹേ വിശ്വസിച്ചവരെ,നിങ്ങൾക്ക് അനുവാദം ലഭിക്കുന്നതുവരെ പ്രവാചകന്റെ ഭവനങ്ങളിൽ പ്രവേശിക്കരുത്(അഹ്സാബ്53)

ഇത്രയും ആയത്തുകൾ ഞാൻ പറഞ്ഞതിൽ നിന്നും നബിയുടെ ഭാര്യമാർ ,മക്കൾ, വീടുകൾ . ....എന്നിങ്ങനെയല്ലാതെ റസൂലിന്റെ ഭാര്യമാർ ,മക്കൾ,വീടുകൾ.....എന്ന് എവിടെയും പറഞ്ഞതായി നമുക്ക് കാണാൻ കഴിയില്ല.
وَيَسْتَأْذِنُ فَرِيق منهم النبي يقولون ان بيوتنا عورة "അവരിൽ നിന്ന് മറ്റൊരു കൂട്ടർ തങ്ങളുടെ വീടുകൾ അഭംഗുരമാണെന്നു പറഞ്ഞുകൊണ്ട് നബിയോട് അനുവാദം ചോദിക്കുകയായിരുന്നു."

ചുരുക്കത്തിൽ  ഒരു ഭർത്താവ്, പിതാവ്, കുടുംബനാഥൻ,അയൽവാസി,..എന്നീ നിലക ളിലും ജീവിതത്തിന്റെ വിവിധ രംഗങ്ങളിലുള്ള തന്റെ ഇടപാടുകളിലും മനുഷ്യനായ മുഹമ്മദ് എന്ന വ്യക്തിയാണ് നബി.അദ്ദേഹത്തോട് വഹ് യ് പിൻപറ്റാൻ നിർദ്ദേശിക്കപ്പെട്ടും ,മാർ ഗ്ഗ നിർദ്ദേശങ്ങൾ നൽകപ്പെട്ടും, തെറ്റുകൾ തിരുത്തപ്പെട്ടും.

താൻ പിൻപറ്റാൻ കൽപിക്കപ്പെട്ട വഹ് യ് പിൻപറ്റുകയും ആ,സന്ദേശം അദ്ദേഹം ജനങ്ങളോട് സംസാരിക്കുകയും ചെയ്യുമ്പോഴാണ് അദ്ദേഹം ദൂതനാകുന്നത്.അങ്ങിനെ ആ ദൂത് സംസാരിക്കുന്ന ദൂതനെയാണ് നാം അനുസരിക്കേണ്ടത്.ആ ദൂതനെ അനുസരിക്കലാ കട്ടെ അല്ലാഹുവിനെ അനുസരിക്ക ലാണ്. കാരണം ആറസൂൽ സംസാരിക്കുന്ന രിസാലത്ത്അല്ലാഹുവിന്റേതാണല്ലോ?.അല്ലാഹു പറയുന്നു. مَنْ يُطِعِ الرَّسُولَ فَقَدْ أَطَاعَ اللَّهَ "ആരെങ്കിലും ദൈവദൂതനെ അനുസരിച്ചാൽ അവൻ അല്ലാഹുവിനെ അനുസരിച്ചു കഴിഞ്ഞു .....”(അന്നിസാഅ്80)

وَمَا أَرْسَلْنَا مِنْ رَسُولٍ إِلَّا لِيُطَاعَ بِإِذْنِ اللَّهِ

“അല്ലാഹുവിന്റെ അനുമതിയോടുകൂടി അനുസരിക്കപ്പെടുവാനായിട്ടല്ലാതെ നാം ഒരു ദൂതനേ യും അയച്ചിട്ടേയില്ല.”(അന്നിസാഅ്64)അല്ലാഹുവിന്റെ ആ അനുമതി പരിശുദ്ധ ഖുർആനാണെന്ന് അല്ലാഹു വ്യക്തമാക്കുന്നു.

كِتَابٌ أَنْزَلْنَاهُ اِلَيْكَ لِتُخْرِجَ النَّاسَ منَ الظُّلُمَات إِلَى النُّورِ بِإِذْنِ رَبِّهِم إِلَى صِرَاطِ الْعَزِيز الْحَمِيد“മനുഷ്യ വംശത്തെ തങ്ങളുടെ നാഥന്റെ അനുമതിയോടുകൂടി അന്ധകാരങ്ങളിൽ നി ന്നെല്ലാം വെളിച്ചത്തിലേക്ക് നീ ആനയിക്കേണ്ടതിനു നാം നിന്നിലേക്ക് അവതരിപ്പിച്ചൊരു ഗ്രന്ഥമാണത് .അതായത് പ്രതാപവാനും സ്തുത്യർഹനുമായ ഒരുവന്റെ വഴിയിലേക്ക്.(ഇബ്രാഹീം1)

മാനുഷികമായ വിശേഷണങ്ങൾക്ക് അർഹനായ മുഹമ്മദ് എന്ന നബിയാണ് ഖുർആൻ ആദ്യം പിൻപറ്റുന്നവനും അനുസരിച്ച് ജീവിക്കുന്നവനും.താൻ പിൻപറ്റാൻ കൽ പിക്കപ്പെട്ട വഹ് യാകുന്ന ഖുർആൻ അദ്ദേഹം ജനങ്ങളോട് സംസാരിക്കുമ്പോൾ ആ ദൂതനെ അനുസരിക്കൽ അവരുടെ ബാധ്യതയാണ്.أَطِيعُوا اللَّهَ وَأَطِيعُوا الرَّسُولَ  قُلْ أَطِيعُوا اللَّهَ وَأَطِيعُو ا النَّبِيّ  .  എന്നാൽ  എന്ന് എവിടെയും അല്ലാഹു പറഞ്ഞിട്ടില്ല.പിന്നെ എന്തിനാ ണ് നാം നബിയെ അനുസരിക്കണം എന്ന് അഹ് ലുസ്സുന്നത്തുകാർ വാദിക്കുന്നത്?നബിയെ അനുസരിക്കണം എന്ന് പറയാതിരിക്കാനുള്ള കാരണം  അനു സരണം ഒരു വ്യക്തിക്കല്ല. മറിച്ച് റിസാലത്തിനാണ് അഥവാ റസൂലിനാണ്.ഒന്നു കൂടി വ്യക്തമാക്കിയാൽ നബിയുടെ മേൽ ഇറക്കപ്പെട്ട അല്ലാഹുവിന്റെ കലാമിനെയാണ് അനുസരിക്കേണ്ടത്.ആ കലാം നബി സംസാരിക്കുമ്പോൾ അദ്ദേഹത്തെ അനുസരിക്കണം.അതുകൊണ്ടാണ് ആ ദൂതനെ അനുസരിച്ചവൻ അല്ലാഹുവിനെ അനുസരിച്ചു കഴിഞ്ഞു എന്ന് അല്ലാഹു പറഞ്ഞത് .ഖുർആൻ നിഷേധികളുടെ വാദ പ്രകാ രം അല്ലാഹുവിനെ അനുസരിക്കുക എന്ന് പറഞ്ഞാൽ ഖുർആൻ അനുസരിക്കുക.ദൂതനെ അനുസരിക്കുക എന്നാൽ ഹദീസ് അനുസരിക്കുകഅപ്പോൾ 4-80 പ്രകാരം ഒരാൾ ഹദീസ് അനുസരിച്ചാൽ ഖുർആൻ അനുസരിച്ചു കഴിഞ്ഞു എന്നു വരും അർത്ഥം.അഹ് ലുൽ ഹദീസുകാരുടെ ലക്ഷ്യവും അതു തന്നെയാ ണ ല്ലോ?ഖുർആനിനെ സമൂഹത്തിൽ നിന്നും മാറ്റി നിർത്തുക എന്നത്.  നബി എന്ന വിശേഷണത്തെ പിഴവുകൾ വരുമ്പോൾ അല്ലാഹു  തിരുത്തുകയും ആക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ റസൂൽ എന്ന വിശേഷണത്തെ ആക്ഷേപിച്ചിട്ടേയില്ല.

തന്റെ സന്ദേശമറിയിക്കാനും നൽകാനും വേണ്ടി മനുഷ്യരിൽനിന്നും അല്ലാഹു  തെരഞ്ഞെ ടുക്കുന്ന വ്യക്തി എന്ന പരിമിതമായ ഒരർത്ഥമാണ് നബി എന്ന പദത്തിനുള്ളത് .എന്നാൽ റസൂൽ എന്ന പദത്തിന് ഖുർആനിൽ ധാരാളം അർത്ഥങ്ങളുണ്ട്.ജിബ് രീൽ എ ന്ന അർത്ഥത്തിന് إِنَّهُ لَقَوْلُ رَسُولٍ كَرِيم മനുഷ്യരുടെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്ന മലക്കുകൾ എന്ന അർത്ഥത്തിനും റസൂൽ എന്ന പദം ഖുർആൻ ഉപയോഗിച്ചിട്ടുണ്ട്.أَمْ يَحْسَبُونَ أَنَّا لَا نَسْمَعُ سِرَّهُمْ وَنَجْوَاهُمْ بَلَى وَرُسُلُنَا لَدَيْهِمْ يَكْتُبُونَ“അവരുടെ രഹസ്യവും രഹസ്യമായ കൂടിയാലോചനയും നാം കേൾക്കുന്നില്ലെന്നു അവർ ധരിക്കുന്നുണ്ടോ? അതെ നമ്മുടെ ദൂതന്മാർ അവരുടെ പക്കൽ എഴുതുകയാണ്(അസ്സുഖ്റുഫ് 80) മരിപ്പിക്കുന്ന മലക്കുകൾ എന്ന അർത്ഥത്തിനും വന്നിട്ടുണ്ട്. حَتَّى إِذَا جَاءَتْهُمْ رُسُلُنَا يَتَوَفَّوْنَهُمْ قَالُوا أَيْنَ مَا كُنْتُمْ تَدْعُونَمِنْ دُونِ اللَّهِ "അങ്ങിനെ അവരുടെഅടുത്ത് അവരെ മരിപ്പിച്ചുകൊണ്ട് നമ്മുടെ ദൂത ന്മാർ ചെന്നാൽ പറയും അല്ലാഹുവിനെക്കൂടാതെ നിങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരുന്നവരൊക്കെ എവിടെ?

(അൽഅഅ്റാഫ്37)ഏതെങ്കിലുമൊരു സന്ദേശവുമായി ഒരാളെ മറ്റൊരാളിലേക്ക് അയക്കുകയാണെങ്കിൽ അയാളെക്കുറിച്ചും റസൂൽ എന്ന് പറയാം.وَقَالَ الْمَلِكُ ائْتُونِي بِهِ فَلَمَّا جَاءَهُ الرَّسُولُ قَالَ ارْجِعْ إِلَى رَبِّكَ“ആ രാജാവു പറയുകയും ചെയ്തു.നിങ്ങൾ അവനെ എന്റെ അടുത്ത് കൊണ്ടു വരികയും ചെയ്യുവീൻ അങ്ങിനെ ആദൂതൻ അവന്റെ അടുത്ത് ചെന്നപ്പോൾ..........(യൂസുഫ്)

ഖുർആൻ എന്ന അർത്ഥത്തിനും റസൂൽ എന്ന പദം ഖുർആനിൽ വന്നതായി നമുക്ക് കാണാം. وَكَيْفَ تَكْفُرُونَ وَأَنْتُمْ تُتْلَى عَلَيْكُمْ آيَاتُ اللَّهِ وَفِيكُمْ رَسُولُه وَمَنْ يَعْتَصِمْ بِاللَّهِ فَقَدْ هُدِيَ إِلَى صِرَاطٍ مُسْتَقِيمٍ“നിങ്ങളുടെ കൂട്ടത്തിൽ തങ്ങളുടെ ദൂതനുണ്ടായിരിക്കെ അല്ലാഹുവിന്റെ വചനങ്ങൾ നിങ്ങൾക്ക് ഓതിക്കേൾപിക്കപ്പെടുകയും ചെയ്യുമ്പോൾ നിങ്ങൾ എങ്ങിനെയാണ് നിഷേധിക്കുക?ആരെങ്കിലും അല്ലാഹുവിനെ അവലംഭിച്ചാൽ അവൻ നേർമാർഗ്ഗത്തിലേക്ക് വഴിതിരിക്കപ്പെട്ടു കഴിഞ്ഞു.(ആലുഇംറാൻ 101)

അപ്പോൾ നമുക്ക് അല്ലാഹുവിന്റെ വചനങ്ങൾ ഓതിക്കേൾപിക്കപ്പെടുന്ന കാലത്തോളം നമുക്കിട യിൽ ഖുർആൻ ഒരു ദൂതനായി നിലനിൽക്കുകയും അവ മുറുകെ പിടിച്ച് ജീവിക്കു ന്നിടത്തോളം നാം നേരായ മാർഗ്ഗത്തിലേക്ക് വഴിതിരിക്കപ്പെടുകയും ചെയ്തിരിക്കുന്നു എന്ന് സാരം.ഖുർആൻ സംരക്ഷിക്ക പ്പെടുന്ന കാലത്തും,പ്രദേശത്തും ഈ സത്യം യാഥാർത്ഥ്യമാവും .പരലോകത്ത് വെച്ച് മനുഷ്യർക്ക് അല്ലാഹുവിനെതിരിൽ ഒരു ന്യായവും പറയാതിരിക്കാൻ അത് സംരക്ഷിക്കപ്പെടുകയും ചെയ്യുമല്ലോ? മറ്റൊരായത്തുകൂടി പരിശോധിക്കാം.وَمَنْ يَخْرُجْ مِنْ بَيْتِهِ مُهَاجِرًا إِلَى اللَّهِ وَرَسُولِهِ ثُمَّ يُدْرِكْهُ الْمَوْتُ فَقَدْ وَقَعَ أَجْرُهُ عَلَى اللَّهِ“ഒരാൾ തന്റെ വീട്ടിൽ നിന്നും അല്ലാഹുവിലേക്കും തന്റെ ദൂതനിലേക്കും വെടി ഞ്ഞുകൊണ്ട് പുറപ്പെടുകയും എന്നിട്ട് മരണം അയാളെ പിടികൂടുകയുമാണെങ്കിൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെ ബാധ്യതയായി കഴിഞ്ഞു.(അന്നിസാഅ് 100)

ഒരായത്തുകൂടി നോക്കാം لِتُؤْمِنُوا بِاللَّهِ وَرَسُولِهِ وَتُعَزِّرُوهُ وَتُوَقِّرُوهُ وَتُسَبِّحُوهُ بُكْرَةً وَأَصِيلًا “....അത് എന്തിനാണെന്നാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവാ നും അവനെ നിങ്ങൾ മാത്രമല്ലാതെ ചെയ്യാനും പറ്റില്ലല്ലോ?.അല്ലാഹുവിനേയും അവന്റെ കലാമിനേയും രണ്ടായി കാണാതെ ഒന്നായി കണ്ടുകൊണ്ട് تُعَزِّرُوهُ وَتُوَقِّرُوهُ وَتُسَبِّحُوهُ എന്ന ഏകവചനത്തിലൂടെ അല്ലാഹ വിശദീകരിക്കുകയാണ് ചെയ്തിരിക്കുന്നത്.ചുരുക്കത്തിൽ تُعَزِّرُوهُمَا وتُوَقِّرُوهُمَا تُسَبِّحُوهُمَا എന്ന ദ്വിവചന രൂപത്തിലല്ല ഖുർആനിലുള്ളത് എന്നതുകൊണ്ടും, തസ്ബീഹ് അല്ലാഹുവിന് മാത്രമെ പാടുള്ളൂ എന്നതു കൊണ്ടും ഈ ആയത്തിലെرَسُول എന്ന പദം കൊണ്ട് മുഹമ്മദ് എന്ന വ്യക്തിയല്ല ഉദ്ദേശം മറിച്ച് ഖുർആനാണെന്ന് വ്യക്തമായി .ഒരായ ത്തുകൂടി നോക്കാം

يَحْلِفُونَ بِاللَّهِ لَكُمْ لِيُرْضُوكُمْ وَاللَّهُ وَرَسُولُهُ أَحَقُّ أَنْ يُرْضُوهُ

“...........തൃപ്തിപ്പടുത്താൻ ഏറ്റവും അവകാശപ്പട്ടത്അല്ലാഹുവും അവന്റെ ദൂതനുമായിരിക്കെ ..........”(അത്തൗബ 62)ഈ ആയത്തിലും റസൂൽ എന്ന പദം കൊണ്ട് ഖുർആനിനെയാണ് ഉദ്ദേശിക്കുന്നത്. കാരണം മുഹമ്മദ് നബിയെയാണ് ഉദ്ദേശമെങ്കിൽ اَنْ يَرْضُوهُمَا എന്നാണ് പറയേ ണ്ടിയിരുന്നത്.കാരണം അല്ലാഹുവുംറസൂലും രണ്ട് വ്യക്തിത്വങ്ങളാണല്ലോ?.അപ്പോ ൾ أَنْ يُرْضُوهُ എന്ന് ഏകവചനത്തിൽ പറഞ്ഞത് അല്ലാഹുവിനെയും അവന്റെ വിശേഷ ണം തന്നെയായ ഖുർആനിനെയും ഒന്നായി കണ്ടുകൊണ്ടാണ്.

ഭാര്യമാരോട്,മക്കളോട്, സുഹൃത്തുക്കളോട്,സമൂഹത്തോട്......എന്നു വേണ്ട ജീവിതത്തിന്റെ വിവിധ രംഗങ്ങളിൽ താൻ ബന്ധപ്പെടുന്നവരോട് സംസാരങ്ങളും ഇടപാടു കളും തമാശപറയലും വിവരങ്ങൾ അന്വേഷിക്കലും......ഒക്കെയുള്ള ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് നബി.എന്നാൽ റസൂലിനാകട്ടെ തനിക്കു കിട്ടിയ വഹ് യ് ജനങ്ങളോട് പറയലുംഅത് മറച്ചുവെക്കാതെ ജനങ്ങളിലേക്ക് എത്തിക്കുക എന്ന ബാധ്യതയും മാത്രമേയുള്ളൂ .അല്ലാഹു പറയുന്നു.

يَا أَيُّهَا الرَّسُولُ بَلِّغْ مَا أُنْزِلَ إِلَيْكَ مِنْ رَبِّكَ "ഹേ ദൂതാ,നിന്റെ നാഥനിൽനിന്ന് ഇറ ക്കപ്പെട്ടതെന്തോ?അത് നീ എത്തിച്ചുകൊടുക്കുക.(അൽമാഇദ 67)റസൂലിനോട് റിസാലത്ത് എത്തിക്കാനാണ് അല്ലാഹു കൽപിക്കുന്നത്.നബി ആജനങ്ങൾക്കിടയിൽ ഒരുപാട് വർഷം ജീവിച്ചിട്ടും ഒരിക്കൽ പോലും അവരോട് നബിയെ അനുസരിക്കാൻ അല്ലാഹു കൽപിച്ചില്ല എന്നത് നാം മനസ്സിലാക്കണം മറിച്ച് റസൂലിനെ അഥവാ റിസാലത്തിനെ അനുസരിക്കാ നാണ് അവരോട്

കൽപിച്ചത്.റസൂലിന്റെ ബാധ്യത റിസാലത്ത് എത്തിക്കലല്ലാതെ മറ്റൊ ന്നമില്ല എന്ന് അല്ലാഹ തറപ്പിച്ച പറയുന്നു.مَا عَلَى الرَّسُولِ إِلَّا الْبَلَاغُ "ദൂതന്റെമേൽ എത്തിച്ചുകൊടുക്കലല്ലാതെ ബാധ്യത ഇല്ല. (അൽമാഇദ 99)

إِلَّا ..............مَا എന്ന പറഞ്ഞാൽ "അതല്ലാതെ ഇല്ല "എന്നാണ് നമുക്ക് അത് വിശ്വ സിക്കാം

## റസൂലിന്റെ സംസാരവും ദൂതന്റെ സംസാരവും

ഒരുഭർത്താവായും,പിതാവായും,അയൽവാസിയായും, അദ്ധ്യാപകനായും ഭരണാധി കാരിയായും..............................ചിന്തയും വികാരവുമുള്ള ഒരു മനുഷ്യൻ എന്ന നിലക്കും അപ്പപ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളോട് പ്രതികരിക്കുന്ന വ്യക്തി എന്ന നിലക്കുമുള്ള സംസാ രമാണ് മുഹമ്മദ് എന്ന വ്യക്തിയുടേത്.എന്നാൽ ജനങ്ങളിലേക്ക് എത്തിക്കാൻ വേണ്ടി തന്റെമേൽ ഇറക്കപ്പെട്ട സന്ദേശമാണ് അദ്ദേഹം സംസാരിക്കുന്നതെങ്കിൽ അതാണ് ദൂതന്റെ സംസാരം.ഒന്നു കൂടി വിശദമാക്കിയാൽ നബി തന്റെ ഭാര്യയോട് വീട്ടാവശ്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയോ? അന്വേഷിക്കുകയോ?തന്റെ കിടപ്പു മുറിയിൽ വെച്ചുണ്ടാകുന്ന സംസാര ങ്ങളോ? അതുപോലെ മക്കളുടെ ആവശ്യങ്ങൾ ചോദിച്ചറിയുകയോ, പഠന കാര്യങ്ങൾ അ ന്വേഷിക്കലോ,സ്നേഹത്തോടുകൂടി ഒന്നു കൊഞ്ചുകയോ തലോടുകയോ ചെയ്യുക പോലെയു ള്ള അദ്ദേഹത്തിന്റെ സംസാരങ്ങളാണ് മുഹമ്മദ് എന്ന നബിയുടേത്.എന്നാൽ ഇതേ ഭാര്യ തന്നെ അനാഥ സംരക്ഷണവുമായി ബന്ധപ്പെട്ട് ഒരു സംശയം ചോദിച്ചാൽ ഖുർആനി ൽ നിന്ന് ഒരു വചനം അദ്ദേഹം ഭാര്യയോട് പറഞ്ഞാൽ ആസംസാരമാണ് റസൂലിന്റേത് .ചോദിച്ച വിഷയവുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന് ഒന്നുമറിയില്ലെങ്കിൽ നബി സ്വന്ത മാ യി മെനഞ്ഞുണ്ടാക്കി ഒന്നും പറയില്ല .മറിച്ച് ആ വിഷയത്തിലുള്ള അല്ലാഹുവിന്റെ വചനം വരുന്നതുവരെ കാത്തിരിക്കും.

ദൂതൻ എന്ന നിലക്കുള്ള മുഹമ്മദു നബിയുടെ സംസാരത്തെയാണ് നിഷേധികളും ബഹുദൈവ വിശ്വാസികളും എതിർത്തതും,ഭേദഗതി വരുത്താൻ ആവശ്യപ്പെട്ടതും പകരം കൊണ്ടുവരാൻ ആവശ്യ പ്പെട്ടതുമെല്ലാം.എന്നാൽ നബിക്ക് അല്ലാഹുവിൽനിന്നുണ്ടാകുന്ന ശിക്ഷയെക്കുറിച്ചുള്ള ഭയം അവരുടെ ഈ ആവശ്യത്തെ തള്ളിക്കളയാൻ പ്രേരകമായി .മാത്രമല്ല എനിക്ക് സ്വയം ഒന്നും ആകാര്യത്തിൽ ചെയ്യാൻ കഴിയില്ല എന്നും അദ്ദേഹം മറുപടി പറഞ്ഞു.കാരണം ഖുർആൻ അദ്ദേഹത്തിന്റെ സ്വന്തമായ സംസാരമല്ലല്ലോ?.وَإِذَا تُتْلَى عَلَيْهِمْ آيَاتُنَا بَيِّنَاتٍ قَالَ الَّذِينَ لَا يَرْجُونَ لِقَاءَنَا ائْتِ بِقُرْآنٍ غَيْرِ هَذَا أَوْ بَدِّلْهُ قُلْ مَا يَكُونُ لِي أَنْ أُبَدِّلَهُ مِنْ تِلْقَاءِ نَفْسِي إِنْ أَتَّبِعُ إِلَّا مَا يُوحَى إِلَيَّ إِنِّي أَخَافُ إِنْ عَصَيْتُ رَبِّي عَذَابَ يَوْمٍ عَظِيمٍ قُلْ لَوْ شَاءَ اللَّهُ مَا تَلَوْتُهُ عَلَيْكُمْ وَلَا أَدْرَاكُمْ بِهِ فَقَدْ لَبِثْتُ فِيكُمْ عُمُرًا مِنْ قَبْلِهِ أَفَلَا تَعْقِلُونَ "പലതെളിവുകളായി നമ്മുടെ വാക്യങ്ങൾ അവ ർക്ക് ഓതിക്കൊടുത്താൽ നമ്മുടെ കൂടിക്കാഴ്ച പ്രതീക്ഷിക്കാത്തവർ പറയും നീ ഇതല്ലാത്തൊ രു ഖുർആൻ കൊണ്ടു വരികയോ അത് മാറ്റു കയോ ചെയ്യുക എന്ന്.നീ പറയുക:-എനിക്കു അത് സ്വമേധയാ മാറ്റുവാനാവില്ല.എന്നിലേക്കിറക്കപ്പെടുന്ന സന്ദേശത്തെയല്ലാതെ ഞാൻ പിൻപറ്റുന്നില്ല.ഞാൻ എന്റെ നാഥനെ ധിക്കരിച്ചാൽ ഒരു മഹാ ദിനത്തി ലെ ശിക്ഷയെ തീർച്ചയായും ഞാൻ ഭയപ്പെടുകയാണ്.നീ പറയുക:-അല്ലാഹു ഉദ്ദേശിച്ചാൽ ഞാനത് നിങ്ങ ൾക്ക് ഓതിത്തരികയോ നിങ്ങൾക്ക് അതിനെപ്പറ്റി ഞാൻ അറിയിക്കുകയോ ചെയ്യുമായിരുന്നില്ല .ഞാൻ ഇതിനു മുമ്പ് നിങ്ങൾക്കിടയിൽഒരു നീണ്ട കാലഘട്ടം കഴിച്ചു കൂട്ടിയിട്ടുണ്ട ല്ലോ?അപ്പോൾ നിങ്ങൾ വിവേചിക്കുന്നില്ലേ?(യൂനുസ് 15-16)ഈമേൽ പറഞ്ഞ വചന ങ്ങളാണ് ദൂതന്റെ സംസാരവും വാക്കുകളും.ഒന്നുകൂടി വിശദമാക്കിയാൽ مُتَّفَقٌ عَلَيْهِ യായ ഹദീസ്.അതായത് അല്ലാഹുവുംറസൂലും ഒരുമിച്ച പറഞ്ഞ വചനം.അല്ലാതെ ബുഖാരിയും മുസ്ലിമും ഒരുമിച്ച പറഞ്ഞ പച്ചക്കള്ളമല്ല.

എന്നാൽ മുശ് രിക്കുകൾ ഈ മറുപടിയിൽ നിരാശപ്പെട്ടില്ല.അവർ പ്രവാചകനെ ചതിയിൽ പെടുത്താനും വഞ്ചിക്കാനും അവരുടെ പ്രലോഭനത്തിൻ കീഴിൽ കൊണ്ടുവരാനും ശ്രമം തുടങ്ങി.അത് സൂക്ഷിക്കണമെന്ന് നബിക്ക് അല്ലാഹു മുന്നറിയിപ്പ് നൽകി.ആ കാര്യം കൂടി ഖുർആൻ പറഞ്ഞു.وَإِنْ كَادُوا لَيَفْتِنُونَكَ عَنِ الَّذِي أَوْحَيْنَا إِلَيْكَ لِتَفْتَرِيَ عَلَيْنَا غَيْرَهُ وَإِذًا لَاتَّخَذُوكَ خَلِيلًا وَلَوْلَا أَنْ ثَبَّتْنَاكَ لَقَدْ كِدْتَ تَرْكَنُ إِلَيْهِمْ شَيْئًا قَلِيلًا إِذًا لَأَذَقْنَاكَ ضِعْفَ الْحَيَاةِ وَضِعْفَ الْمَمَاتِ ثُمَّ لَا تَجِدُ لَكَ عَلَيْنَا نَصِيرًا "നാം നിന്നിലേക്കയച്ച സന്ദേശ ത്തിൽ നിന്നും അവർ നിന്നെ തിരിക്കുവാൻ വേണ്ടി നീ അതല്ലാത്തതു കള്ളം ചമയ്ക്കുവാനും അന്നേരം അവർ നിന്നെ ഒരു സുഹൃത്താക്കുവാനും തയ്യാറാവുക തന്നെ ചെയ്തിരി ക്കുന്നു.നാം നിന്നെ സ്ഥിരപ്പെടുത്തിയില്ലായിരുന്നുവെങ്കിൽ നീ അവരിലേക്കു കുറച്ചൊക്കെ ചായുവാൻ

തയ്യാറാവുക തന്നെ ചെയ്യുമായിരുന്നു.അന്നേരം നാം നിനക്കു ജീവിതത്തിന്റെ ഇരട്ടിയും മരണത്തിന്റെ ഇരട്ടിയും ആസ്വദിപ്പിക്കുകയും പിന്നീട്ട നമുക്കെതിരിൽ നിനക്കൊരു സഹായി യെയും കിട്ടാതാവുകയും ചെയ്യുമെന്നെ.(അൽ ഇസ്റാഅ് 73-75(فَلا تُطِعِ الْمُكَذِّبِينَ وَدُّوا لَوْ تُدْهِنُ فَيُدهِنُون മുകളിൽ പറഞ്ഞ ആയത്തുകളിലടങ്ങിയ ആശയം തന്നെയാണ് ഇന്നത്തെ അഹ് ലുൽ ഹദീസുകാർ ഖുർആൻ വിശ്വാസി കളോടാവശ്യപ്പെടുന്നത്.അതായത് ഖുർആനല്ലാത്ത മറ്റെന്തെങ്കിലും പറയുകയാണെങ്കിൽ അവർ നമ്മെ സുഹൃത്തുക്കളാക്കും, അംഗീകരിക്കും.ഖുർആനിനു പുറമെയുള്ള കാര്യങ്ങൾ മതത്തിനുവേണ്ടി സംസാരി ക്കാൻ വേണ്ടി നബിയെ പ്രേരിപ്പിച്ചതിന്റെ ആഴം എത്രമാത്രമുണ്ടായിരുന്നുവെന്ന് നാം മനസ്സിലാക്കി .ഇതുതന്നെയാണ് ഇന്നത്തെ അഹ് ലുൽ ഹദീസുകാരുടെ ആവശ്യവും.വീട് വിലക്കിയും ബഹിഷ്ക്ക രണ ങ്ങൾ നടത്തിയും വാഗ്ദാനങ്ങൾനൽകിയും ഖുർആനല്ലാത്തത് വിശ്വസിപ്പി ക്കാ നും പറയിപ്പിക്കാനും വധഭീഷണി മുഴക്കിയും ഇവർ നമ്മെ പ്രേരിപ്പിക്കുന്നു.എന്നാൽ ഖുർ ആനല്ലാത്തത് ഒന്നും മതത്തിനു വേണ്ടി ഞാൻ പറയുകയില്ലെന്നും ,പുതുതായി ഒന്നും ഞാൻ ഉണ്ടാക്കുകയില്ലെന്നും നബിയെക്കൊണ്ട് അല്ലാഹു പറയിപ്പിച്ചുകൊണ്ട് ബഹുദൈവ വിശ്വാ സികളുടെ തന്ത്രങ്ങൾക്കെതിരിൽ ഖുർആനിനെ സംരക്ഷിക്കുകയും, നബിയെ ഉറപ്പിച്ചു നിർത്തുകയും ചെയ്തു.تَنْزِيلٌ مِنْ رَبِّ الْعَالَمِينَ وَلَوْ تَقَوَّلَ عَلَيْنَا بَعْضَ الْأَقَاوِيلِ لَأَخَذْنَا مِنْهُ بِالْيَمِينِ "സർവ്വ ലോക പരിപാലകനിൽനിന്നുള്ള അവതരണ മാകുന്നു .വാക്യങ്ങളിൽ ചിലതു അദ്ദേഹം നമ്മുടെ പേരിൽ കള്ളം ചമച്ചാൽ തീർച്ചയായും അദ്ദേഹത്തിന്റെ വലം കൈ നാം പിടിക്കുകയും പിന്നീട്ട അദ്ദേഹത്തിൽ നിന്നു തന്റെ ജീവനാഡി നാം മുറിക്കുക തന്നെ ചെയ്യുമെന്നെ"(അൽഹാഖ 43-44)

അല്ലാഹു പറയാത്ത എന്തെങ്കിലും ദൂതൻ പറഞ്ഞിരുന്നുവെങ്കിൽ അതിനുള്ള ശിക്ഷ അദ്ദേഹ ത്തിനു കിട്ടേണ്ടതായിരുന്നു.പക്ഷെ അങ്ങിനെ ഉണ്ടായതായി എവിടെയും അല്ലാഹു പറഞ്ഞിട്ടില്ല .അതുകൊണ്ടു തന്നെ ഖുർആനല്ലാത്ത ഒന്ന് ദൂതന്റെ വാക്കായി(قَوْلُ رَسُول )ഉണ്ടാവില്ല. തനിക്കു കിട്ടി യ സന്ദേശത്തിൽ ഒന്നും കൂട്ടാതെ കുറയ്ക്കാതെ ജനങ്ങ ളിലേക്ക് എത്തിക്കുക എന്ന ജോലിയാണ് അദ്ദേഹത്തിനുള്ളത്.69:43-47 ൽ അല്ലാഹു വി ന്റെ മതത്തിൽ മനുഷ്യ വചനങ്ങൾ ചേർക്കുന്നതിൽ നിന്നും നബിയെ അല്ലാഹു തടയുന്ന താണ്.ഖുർആനല്ലാത്ത ഒന്ന് മതത്തിന്റെ പേരിൽപറയരുത് എന്ന വിലക്ക് നിലനിൽ ക്കുമ്പോൾ തന്നെ നീ പറയൂ( قُلْ )എന്ന് പറഞ്ഞുകൊണ്ട് നബിയെക്കൊണ്ട് അല്ലാഹു 322 സ്ഥലങ്ങളിൽ പറയിപ്പിക്കുന്നു.ഈവാക്യങ്ങളാണ് അല്ലാഹുവും റസൂലും ഒരുമിച്ച് പറഞ്ഞ വചന ങ്ങൾ.വിവിധങ്ങളായ കാര്യങ്ങൾ വ്യത്യസ്ഥ ജനങ്ങളോട് പറയാൻ വേണ്ടി قُلْ എന്ന പദം ഖുർആനിൽ വന്നിട്ടുണ്ട്.ചില ഉദാഹരണങ്ങൾ മാത്രം പറയാം.قُلْ سِيرُوا فِي الأَرْضِ فَانْظُرُوا كَيْفَ كَانَ عَاقِبَةُ ( الرُّوم 42 .......... ഇനി വേദക്കാരോട്:-قُلْ تَعَالُوا إِلَي كَلِمَةٍ سَوَاءٌ بَيْنَنَا الَّذِينَ مِن قَبل ).........وَبَيْنَكُمْ .( آل عِمْرَان 64 മുനാഫിക്കുകളോട് പറയാൻ കൽപിക്കുന്നു(,قُلْ لا تُقْسِمُوا طَاعَةٌ مَعْرُفَة ................ ( النُّور

ഇനി വിശ്വാസികളോട് ( 151 قُلْ تَعَالَوا اَتْلُ مَاحَرَّمَ رَبُّكُم عَلَيْكُم .....................................( الانعا م

എല്ലാ ജനങ്ങളോടും(قُلْ يَاأَيُّهَاالنَّاس إِنِّي رَسُولُ اللّهِ الَيْكُم جَمِيعا ..............................( الاعْراف

ചോദ്യത്തിനുത്തരമായി:-يَسْأَلُونَكَ مَاذَا يُنْفِقُونَ قُل العَفْوَ ...............................(.البَقَرَة

വിശ്വാസവും പ്രാർത്ഥനയും قُلْ هُوَ اللّهُ أحد........,قُلْ اعُوذُ بِرَبِّ الفَلَق .................. (الفلق

قُلْ انّي هَدانِي رَبِّي الى صِرَاطٍ مُسْتَقِيم. ................................................(الانعام 161

قُلْ أغَيْر اللّه اتَّخِذُ وَلِيًّا............. قُلْ إِنِّي اُمِرْتُ اَنْ اَكُونَ اوَّلُ مَنْ اَسْلَمَ

ഒരായത്തിൽ ഒരാശയം പറയുകയും പിന്നീട് അതൊന്ന് ശക്തിപ്പെടുത്താൻ വേണ്ടി.

يَاايُّهاالنَّاس اتَّقُوا رَبَّكُم وَخْشَوايَوْمًا

يَسْأَلُونَكَ عَنِ السَّاعَةِ أَيَّانَ مُرْسَاهَا قُلْ اِنَّمَا عِلْمُهَا عِنْدَ رَبِّي لايُجَلِّيهَالِوَقْتِهَا إلاَّ
الاعراف.................. هُوَ
ഇങ്ങിനെ നീളുന്ന ഇതിന്റെ പട്ടിക.ഇത്രയും സൂചിപ്പിച്ചത് സമൂഹത്തിലെ എല്ലാവരോടും "നീ പറയൂ"എന്ന് പറഞ്ഞു കൽപിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കാൻ വേണ്ടിയാണ്.

قُلْ എന്ന പദം വന്ന ആയത്തുകൾ നാം ഓരോന്നും പരിശോധിക്കുകയാണെങ്കിൽ ഖുർ ആൻ നബിയുടെ പിറകെ നടന്ന് ആവശ്യമായ സന്ദർഭങ്ങളിലെല്ലാം നബിയോട് നീ പറയൂ എന്ന് കൽപിച്ച് പറയിക്കുകയും നബിക്ക് സ്വയം എന്തെങ്കിലും നിർമ്മിക്കാനുള്ള അനുവാദമോ അവസരമോ നൽകാതിരിക്കുകയും ചെയ്യുന്നതായി നമുക്ക് കാണാം.അഹ് ലു ൽ ഹദീസുകാർ പറയുന്നതുപോലെ നബിയുടെ വായയിൽ യഥേഷ്ടം ഹദീസുകളാണെങ്കിൽ ആവശ്യാനുസരണം നബിക്ക് സ്വയം തന്നെ പറഞ്ഞാൽ പോരെ?നീപറയൂ എന്ന് അല്ലാഹു പറഞ്ഞു നബിയെക്കൊണ്ട് പറയിക്കേണ്ട ആവശ്യം ഇല്ലല്ലോ?അപ്പോൾ قُلْ എന്ന ദൈവി ക കൽപനയുള്ളതു കൊണ്ട് മതപരമായി നബിയുടെ സംസാര ങ്ങളും വാക്കുകളുമെല്ലാം ഖുർആനിൽ തന്നെയാണുള്ളത്.നാട്ടിലൂടെ കുഴിച്ചുനടക്കേണ്ട ഗതികേടില്ല. നബിക്കും മുസ്ലിംകൾക്കും ആവശ്യമായതെല്ലാം ഖുർആനിൽ തന്നെയുണ്ട്.റസൂൽ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകിയിരുന്നത് ഖുർആൻ കൊണ്ടു തന്നെയായിരുന്നുഎന്നു നമുക്ക് കാണാം.وَأَنْذِرْ بِهِ
الَّذِينَ يَخَافُونَ اَنْ يحْشَرُوا إِلَى رَبِّهِم ...................... ( الانْعَام 51
“ഇതു കൊണ്ട് തങ്ങൾ തങ്ങളുടെ രക്ഷിതാവിങ്കലേക്കു ഒരുമിച്ചു കൂട്ടപ്പെടുമെന്നു ഭയപ്പെടുന്നവരോട് അവർ സൂക്ഷിക്കാൻ വേണ്ടി നീ മുന്നറിയിപ്പ് നൽകുക.(അൽ അൻആം 51) ഇവിടെയും بِهِ എന്നേ ഉള്ളൂ بِهِمَا എന്നില്ല.

ഉത്ബോധനവും ഖുർആൻ കൊണ്ട് തന്നെ;(-فَذَكِّرْ بِالْقُرْ آنِ مَنْ يَخَافُ
وَعِيد ................. (ق 45“എന്റെ ഭീഷണിയെ ഭയപ്പെടുന്നവരോട് ഈ ഖുർആൻ കൊണ്ട് ഉപദേ ശിക്കുക.(കാഫ് 45)ഇവിടെയും بِالْقُرْ آنِ وَالحديث എന്നില്ല .നരകത്തെ ക്കുറിച്ചും ഖബറിനെക്കുറിച്ചും അവിടങ്ങളിലുണ്ടാകുന്ന കാര്യങ്ങളെക്കുറിച്ച് ഭയപ്പെടേണ്ടതുഖുർആൻ പറഞ്ഞ കാര്യങ്ങളിൽ മാത്രം.അവിടെ പൂച്ച വരും, ദണ്ഡുകൾ കൊണ്ട് മലക്കുകൾ വരും...........................,എന്നീ കാര്യങ്ങൾ ഖുർആനിലുണ്ടെങ്കിൽ വിശ്വസിക്കാം.

സന്തോഷ വാർത്ത അറിയിക്കേണ്ടതും ഖുർആൻ കൊണ്ടു തന്നെ فَانَّمَايَسَّرْنَاهُ بِلِسَانِكَ لِتُبَشِّرَ بِهِ
الْمُتَّقِينَ وَلِتُنْذِرَبِهِ قَوْمًا لُدًّا ........................ ( مَرْيَم 7 9
“അപ്പോൾ അത് നാം നിന്റെ ഭാഷയിൽ ലളിതമാക്കിത്തു നീ അതുകൊണ്ട് സൂക്ഷ്മാലുക്കൾക്ക് സന്തോഷമറിയിക്കാനും എതിർ കക്ഷികളായ ജനതക്കു നീഅതുകൊണ്ട് താക്കീതു നൽ കാനും വേണ്ടിയാണ്"(മർയം97)ഇവിടെയും بِهِഎന്നേ ഉള്ളൂ എന്ന് ശ്രദ്ധിക്കണേ!

ജിഹാദും ഖുർആൻ കൊണ്ടു തന്നെ( ..... فَلا تُطِعِ الْكَافِرِينَ وَجَاهِدْهُم بِهِ جِهَادًا كَبِيرًا
( الفُرْقَان 52 )“അതിനാൽ നിഷേധികൾക്കു നീ വഴങ്ങരുത്. ഇതു മുഖേന അവരോട് നീ വലിയ ഒരു സമരവും ചെയ്യുക"(ഫുർഖാൻ52)

റസൂലിന്റെ സ്വഭാവവും ഖുർആൻ തന്നെوَإِنَّكَ لَعَلَى خُلُقٍ രിസാലത്ത് എന്ന ഫ്രെയിനപ്പുറമുള്ള നബിയുടെ സംസാരങ്ങൾ,ഇടപെടലുകൾ,നിർദ്ദേശങ്ങൾ ഇവയൊക്കെ മതത്തിന്റെ ഭാഗമാണോ?അല്ലേ?അത്തരംസംസാരങ്ങളിലുംഇടപെടലുകളിലും, നിർദ്ദേശങ്ങളിലുമെല്ലാം അദ്ദേഹത്തിന്റെ ബുദ്ധി വൈഭവംകൊണ്ടും വിവേചന കഴിവുകൊണ്ടും അദ്ദേഹം വിജയിച്ചതായി നമുക്ക് കാണാൻ കഴിയും.ഇങ്ങിനെചെയ്ത ചില കാര്യങ്ങളിൽ അല്ലാഹു പ്രശംസിക്കുകയും മറ്റു ചില കാര്യങ്ങളിൽ നീ എന്തിനു അങ്ങിനെ പറഞ്ഞു? അല്ലെങ്കിൽ ചെയ്തു?എന്ന് അല്ലാഹു ചോദ്യം ചെയ്യുകയും ചെയ്തിട്ടുണ്ട്.ഉദാഹരണത്തിന് ഒരു സമരത്തിന് വളരെ കുറച്ച് ആളുകളെയും കൊണ്ട് നബി പുറപ്പെട്ടപ്പോൾ സ്വഹാബികൾക്കത് ഇഷ്ടപ്പെട്ടില്ല.എന്നാൽ നബിയുടെ തീരുമാനത്തെ
അല്ലാഹു സ്തുതിച്ചു. . . . الَنْ يَكْفِيكُم انْ يُمِدَّكُم رَبُّكُم بِثَلاثَةِ ءالفٍ مِنَ الْمَلا ئكَةِ مُنْزِلِين
آل عمران 124

യാത്രാ സൗകര്യങ്ങളില്ലാത്ത ദരിദ്രരായ മുസ്ലിംകൾ നബിയോട് സമരത്തിൽ നിന്ന് വിട്ടുനിൽക്കാൻ അനുവാദം ചോദിക്കുകയും ചെയ്തപ്പോൾ ആകാര്യത്തെയും അല്ലാഹു പ്രകീർത്തിച്ചു .ഇങ്ങിനെ കാലികവും പ്രാദേശികവുമായ പ്രശ്നങ്ങളിൽ നബി പറഞ്ഞ അഭിപ്രായങ്ങളെ അല്ലാഹു അംഗീകരിച്ചും എതിർത്തും പറഞ്ഞിട്ടുണ്ട്.

19

لَيْسَ عَلَى الضُّعَفَاءِ...........................مَايُنْفِقُون ( التَّوْبَة 91-92

عَفَااللّه عَنْكَ لِمَ أَذِنْتَ لَهُم حَتَّى يَتَبَيَّنَ لكَ الَّذِينَ صَدَقُوا وَتَعْلَمَ الْكاذِبِين.............................
التَّوْبَة 43.)"നിനക്ക് അല്ലാഹു മാപ്പാക്കിയിരിക്കുന്നു.സത്യം പറഞ്ഞവരെ നിനക്കു വ്യക്തമാകുകയും കള്ളം പറഞ്ഞവരെ നീ തിരിച്ചറിയുകയും ചെയ്യുംവരെ അവർക്ക് എന്തിനു നീ അനുവാദം നൽകി? (അത്തൗബ 43)

ഇത്തരം ധാരാളം സംഭവങ്ങളുണ്ട്.അതെല്ലാം ഇവിടെ ഉദ്ദരിക്കുന്നില്ല.ഇങ്ങിനെ ഏതൊരു മനുഷ്യനും തന്റെ ജീവിതകാലത്ത് ബന്ധപ്പെടുന്ന ആളുകളോട് സംസാരിക്കുക യും ,കാലികവും പ്രാദേശികവുമായ പ്രശ്നങ്ങളിൽ ഇടപെടുകയുംഅഭിപ്രായങ്ങൾ പറയുകയും ,നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും .അതിൽ ഗുണപാഠങ്ങളും,ഉപദേശങ്ങളുമുണ്ടാകും.
അത്തരം ചരിത്രങ്ങളിൽസത്യവും അസത്യവുമുണ്ടാവാം.അവയൊന്നും അല്ലാഹുവിന്റെ ദീനിൽ പ്രവേശിപ്പിക്കപ്പെടേണ്ടകാര്യങ്ങളല്ല.അത്തരം ചരിത്രങ്ങൾക്ക് ഒരു ചരിത്രത്തിന്റെ സ്ഥാനം എന്നതിലുപരി ഒന്നുമില്ല.അല്ലാഹുവിന്റെദീൻഅസത്യങ്ങൾ കൂടിക്കലരാത്ത പരമവും ഉറച്ചതുമായ സത്യമായിരിക്കണം.നബിയുടെ വാക്കുകൾ ഖുർആനിക വഹ് യിന്റെ അപ്പുറത്താണ്.നബിയുടെ മരണത്തിനു ശേഷം നബിയുടെ വാക്കുകൾ എന്ന് പറയപ്പെടുന്ന വ ചരിത്രകാരന്മാർ എഴുതിയുണ്ടാക്കിയതാണ്.അതിൽ ശരിയും തെറ്റും വരാം.അത് ദീനി ന്റെ ഭാഗമല്ല.

എന്നാൽ റസൂലിന്റെ വാക്ക് അതാണ് രിസാലത്ത് അഥവാ ഖുർആൻ.അതാണ് അല്ലാഹുവിന്റെ ദീൻ.അത് കൂട്ടാതെ കുറക്കാതെ നബി നമുക്ക് എത്തിച്ചു തന്നു.അല്ലാഹു അതിന്റെ സംരക്ഷണവും ഉറപ്പു തന്നു.അതിൽ വിശദീകരണമുണ്ട് വ്യാഖ്യാനമുണ്ട് ,വ്യക്ത തയുണ്ട്.അത് ആദ്യമായി അനുസരിക്കുന്നവൻ നബിയാണു താനും.

<u>റസൂലിന് രിസാലത്ത് എത്തിക്കലല്ലാതെ മറ്റൊരു ബാധ്യതയുമില്ല.</u>

"مَاعَلَى الرَّسُولِ الاَّالْبَلاغ" എന്ന ഖുർആനിക വചനം ഭാഷാ പണ്ഡിതന്മാർ قَصْر,حَصْر (ചുരുക്കുക, പരിമിതപ്പെടുത്തുക)എന്നിവക്ക് ഉദാഹരണമായി ഉപയോഗിക്കു ന്ന തിലപ്പുറം ആരും ഈ ആയത്തിനെ കാണാറില്ല.എന്താണ് ദൂതന്റെ ബാധ്യത അഥവാ ഉ ത്തരവാദിത്വം എന്ന് വ്യക്തമാക്കുകയാണ് അല്ലാഹു ഈആയത്തിലൂടെചെയ്യുന്നത്. ( فَانْ تَوَلَّيْتُمْ فَاعْلَمُوا انَّمَا عَلَى رَسُولِنَاالبَلاغُ المُبِين"...............ഇനി നിങ്ങൾ പിന്തിരിയുകയാണെങ്കിൽ നമ്മുടെ റസൂലിന്റെ ബാധ്യത വ്യക്തമാക്കുന്ന എത്തിക്കൽ മാത്രമാണെന്ന് നിങ്ങൾ അറിയുകയും ചെയ്യുവീൻ (അത്തൗ ബ 92) ( المائدة 92

مَاعَلَى الرَّسُولِ الاالبَلاغ......(المَائِدَة 99 ")

"ദൂതന്റെ മേൽ എത്തിച്ചു കൊടുക്കലല്ലാതെ ബാധ്യതയില്ല."അൽമാഇദ 99)ان عليْكَ الاَّالبَلاغ "എത്തിച്ചു കൊടുക്കലല്ലാതെ നിന്റേമേൽ ബാധ്യതയില്ല."

തന്റെ ദൂതന്റെ ബാധ്യത എന്താണെന്ന് അല്ലാഹു മേൽ പറഞ്ഞ ആയത്തുകളിലൂടെ നമുക്ക് വിവരിച്ചു തന്നു.

مَا..........الاّ എന്നീ പ്രയോഗത്തിലൂടെ ദൂതന്റെ ഉത്തരവാദിത്തം ഈസന്ദേശം എത്തിച്ചു കൊടുക്കുക എന്നതിൽ പരിമിതമാണെന്ന് അല്ലാഹു വ്യക്തമാക്കുന്നു.പിന്നീട് ഇവർ ചോദിക്കാറുള്ളത് നബി ഇതിന്റെ പ്രയോക്താവ് ആകേണ്ടതില്ലേ എന്നതാണ്.അതിനു നമു ,ക്ക് പറയാനുള്ളത് ഖുർആനിന്റെ പ്രയോക്താവല്ലെ നബി ആവുക? എന്നാണ് അല്ലാതെ ഹദീസിന്റേതല്ലല്ലോ?നബിക്ക് ചെയ്യാൻ പറ്റുന്ന കാര്യങ്ങളിൽ ഒന്നാമതായി ചെയ്യുക നബിയായിരിക്കും എന്നതിൽ ആർക്കും സംശയമില്ല .ഇപ്പോൾ മാതാപിതാക്കൾക്ക് നന്മ ചെയ്യണം എന്ന കൽപന നബി എങ്ങിനെപ്രയോഗിച്ചു കാണിക്കും?സ്ത്രീകൾ അവരുടെ ശിരോവസ്ത്രം മാറിലൂടെ താഴ്ത്തിക്കൊള്ളട്ടെ എന്ന കൽപന നബി ഒരു പർദ്ദകൊണ്ടു വന്ന് ധരിച്ചു കാണിക്കണോ? വിവാഹ മോചിതകളായ സ്ത്രീകൾക്ക് നൽകേണ്ട അവകാശങ്ങളെ ക്കുറിച്ച്പറയുന്ന

കാര്യങ്ങൾ പ്രയോഗവൽക്കരിക്കാൻ നബി ഭാര്യയെ വിവാഹ മോചനം നടത്തണോ? "നിങ്ങളുടെ സ്ത്രീകൾനിങ്ങളുടെ വിളനിലമാണ്.അതുകൊണ്ട് നിങ്ങളുടെ വിള നിലത്ത് നിങ്ങൾ യഥേഷ്ടം ചെല്ലുകയും........"എന്ന കൽപന എങ്ങിനെയാണ് നബി പ്ര യോഗിച്ചു കാണിച്ചു കൊടുക്കുക?ഇങ്ങിനെ ധാരാളം ഉദാഹരണങ്ങൾ.ചുരുക്കത്തിൽ ഖുർആൻവായിച്ചു കേൾപിച്ചാൽ തന്നെ മതി അനുസരിക്കുന്നവർക്ക് .ധിക്കാരികൾക്കും അഹങ്കാരികൾക്കും എന്ത് കാണിച്ചു കൊടുത്തിട്ടും കാര്യമില്ല.അവർ ഖുർആനിക വെളിച്ചം കാണില്ല.

ഖുർആനിനകത്തുള്ള വെളിച്ചവും ,സന്തോഷവും, താക്കീതും,മാർഗ്ഗ ദർശനവുമെല്ലാം ജനങ്ങൾക്കു എത്തിച്ചു കൊടുക്കുക എന്നതാണ് നബിയുടെ ബാധ്യത.يَاأَيُّهَاالنَّبِيُّ انَّا أَرْسَلْنَاكَ شَاهِدًا وَمُبَشِّرًا وَنَذِيرًا
وَدَاعِيًا الى اللّهِ بِإِذْنِهِ وَسِرَاجًامُنِيرًا ( الاحْزَاب 45- 46 "ഹേ പ്രവാചകാ,തീർച്ചയായും നിന്നെ നാം അയച്ചിരിക്കുന്നത് ഒരു സാക്ഷിയായും ഒരു സന്തോഷമറിയിക്കുന്നവനായും ,മുന്നറിയിപ്പുകാര നായും,തന്റെ അനുവാദത്തോടുകൂടി അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവനായും ഒരു ദീപവുമായിട്ടുമാണ്. (അൽഅഹ്സാബ്45-46)ഇവിടെ "'ശഹീദ്'"شَهِيد(അല്ലെങ്കിൽ "ശാഹിദ് "എന്നൊക്കെ നബിയെക്കുറി ച്ച് പറയുന്നത് ,തനിക്കു ലഭിച്ച സന്ദേശം ജനങ്ങൾക്ക് ഞാൻ എത്തിച്ചു എന്നും,പിന്നീട്അതി നെ അവർ അവഗണിച്ചതോ, തള്ളിക്കളഞ്ഞതോ തനിക്കറിയില്ല എന്നും,അന്ത്യനാളിൽ അല്ലാഹുവിന്റെ കോടതി യിൽ ജനങ്ങൾക്കെതിരിൽ സാക്ഷി പറയുന്നതിനെക്കുറിച്ചാണ് .കാരണം "شَهِدَ عَلَى " എന്നാൽഎതിർ സാക്ഷിയാവുക എന്നാണ്.അനുകൂലമായി സാക്ഷി പറയുന്നതിന് "شَهِدَ لَ" എന്നാണ് പറയുക. അപ്പോൾ നബി അല്ലാഹുവിന്റെ വചങ്ങൾക്ക് എതിർ പ്രവർത്തിച്ചവർക്കെതിരിലുള്ള സാക്ഷിയായിരിക്കും.അല്ലാഹു പറയുന്നു.

انَّا ارْسَلْنَا إِلَيْكُمْ رَسُولاً شَاهِدًا عَلَيْكُمْ كَمَا ارْسَلْنَا إلى فِرْعَوْنَ رَسُولاً.......(المزّمّل 15
"ഫിർഔനിന്റെ അടുത്തേക്കു നാം ഒരു ദൂതനെ അയച്ചതുപോലെത്തന്നെ നിങ്ങൾക്കെതിരിൽ ഒരു സാക്ഷിയായി നിങ്ങളുടെ അടുത്തേക്കു നാം ഒരു ദൂതനെ അയച്ചിരിക്കുകയാണ്(അൽമുസ്സമ്മിൽ15)

فَكَيْفَ اذَا جَئْنَامِنْ كُلِّ أُمَّةٍ بِشَهِيدٍ وَجِئْنَابِكَ عَلَى هؤلاء شَهِيدًا ....(النِّسَاء 41
"അപ്പോൾഎല്ലാ സമുദായത്തിൽ നിന്നും ഓരോ സാക്ഷിയെ നാം കൊണ്ടു വരികയും നിന്നെ ഇക്കൂട്ടർക്കെതിരിൽസാക്ഷിയായി കൊണ്ടു വരികയും ചെയ്താൽ എങ്ങിനെയുണ്ടായിരിക്കും സ്ഥിതി? (അന്നിസാഅ 41)
"وَيَوْمَ نَبْعَثُ فِي كُلِّ أمّةٍ شَهِيدًا عَلَيْهِمْ مِّنْ أنْفُسِهِمْ وَجِئْنَابِكَ شَهِيدًاعَلَى هؤلاءِوَنَزَّلْناعَلَيْكَ الْكِتَابَ تِبْيَانًا لِكُلِّ شَيْء"ഈ കൂട്ടർക്കെതിരിൽഒരു സാക്ഷിയായി നിന്നെ ഞാൻ കൊണ്ടു വന്നു. നിന്റെമേൽ എല്ലാ സംഗതിക്കുമുള്ള വിശദീകരണവും അനുസരിക്കുന്നവർക്കു സന്തോഷവാർത്തയായും ഒരു ഗ്രന്ഥം അവതരിപ്പിക്കുകയും ചെയ്തിരിക്കെഎല്ലാ സമുദായത്തിലും തങ്ങൾക്കെതിരിൽ തങ്ങളിൽ നിന്നു തന്നെ ഓരോ സാക്ഷിയെ എഴുന്നേൽപിക്കുന്ന നാളിലും തഥാ"(അന്നഹ്ൽ89)

മനുഷ്യ വചനങ്ങളുടെ സഹായമില്ലാതെ ഖുർആൻ മനസ്സിലാവുകയില്ല എന്നു പറയുന്നതു തന്നെ ഖുർആനിനെവെടിയലും അവഗണിക്കലുമാണ്.എല്ലാ കാര്യങ്ങളുടെയും വിശദീകരണമായി വന്ന ഖുർആ നിനെ മുൻനിറുത്തിക്കൊണ്ട്നബിയെ അവർക്കെതിരിൽ സാക്ഷിയായി എഴുന്നേൽപിന്റെ നാളിൽ കൊണ്ടു വരുമെന്നാണ് 16:89 ൽ അല്ലാഹു വ്യക്തമാക്കിയത്.

ഈ സന്ദേശം എത്തിക്കുക എന്നത് നബിയുടെ ബാധ്യതയും ആ സന്ദേശമനുസരിച്ചുള്ള വിചാരണ അല്ലാഹുവിന്റെ ഉത്തരവാദിത്തവുമാണെന്ന് അല്ലാഹു വ്യക്തമാക്കുന്നു.فَإِنَّمَا عَلَيْك البَلاغ
وَعَلَيْنَا الحِسَاب (الرَّعْد 40 "നിന്റെ ബാധ്യത എത്തിക്കൽ മാത്രമാണ്.കണക്കു നോക്കൽ നമ്മുടെ ബാധ്യതയുമാണ്"(റഅ്ദ് 40)
فَإِنْ أعْرَضُوا فَمَاأرْسَلْنَاكَ عَلَيْهِم حَفِيظًا اِنْ عَلَيْكَ اِلاّالبَلاغ (الشُّورى 48 "ഇനി അവർ പിന്തിരി ഞ്ഞെന്നിരിക്കട്ടെ അപ്പോൾ നിന്നെ നാം അവരുടെ മേലിലുള്ള ഒരു സംരക്ഷകനായി അയച്ചിട്ടില്ല. എത്തിക്കൽ മാത്രമല്ലാതെ നിന്റെ ബാധ്യതയുമില്ല......"(അശ്ശൂറാ48)
فَذَكِّرْ اِنَّمَاأنْتَ مُذَكِّرْ لَسْتَ عَلَيْهِمْ بِمُسَيْطِر..........................حِسَابُهُمْ ( الغاشِية 24-26
"അപ്പോൾ നീ ഉൽബോധനം നടത്തുക.നീഒരു ഉൽബോധകൻ മാത്രമാണ്.നീ അവരുടെമേൽ

ഒരധികാരിയുമല്ല.എന്നാൽപിന്തിരിയുകയും നിഷേധിക്കുകയും ചെയ്തവരാകട്ടെ അവരെ അല്ലാഹു ഏറ്റവും വലിയ ശിക്ഷ ശിക്ഷിക്കുന്നതാണ്.തീർച്ചയായും അവരുടെ മടക്കം നമ്മുടെ അടുത്തേക്കാണ്. പിന്നീടു അവരുടെ കണക്കു നോട്ടം നമ്മുടെ തന്നെ ബാധ്യതയാണ്"റസൂൽ അദ്ദേഹത്തിന്റെ ദൗത്യം നിർവ്വഹിച്ചു.

## ഖുർആൻ കൊണ്ടു മാത്രമെ റസൂൽ വിധിക്കൂ:-

നബി ഒരു രാജ്യത്തിന്റെ ഉത്തരവാദപ്പെട്ട ഭരണാധിതകാരിയും തന്റെ ജനതയുടെ നായകനുമായിരുന്നു എന്ന നിലക്ക് ആ ജനത അവരുടെ പ്രശ്നങ്ങളിൽ വിധി തേടി വന്നിരുന്നത് നബിയിലേക്കായിരുന്നു.അല്ലാഹുവിന്റെ വിധികൾ എപ്രകാരമാണോ അതനുസിച്ച മാത്രം നബി അവർക്കിടയിൽ വിധിക്കുകയും ചെയ്യും.തർക്ക പ്രശ്നങ്ങളിൽ വിധികൾ അല്ലാഹുവിനാണെന്നും ആവിധിയിൽ എല്ലാവരും തൃപ്തിപ്പെടണമെന്നതും ഖുർആനിന്റെ അടിസ്ഥാന തത്ത്വമാണ്.
അല്ലാഹു പറയുന്നു.

وَكَذَلِكَ اَوْحَيْنَا إلَيْكَ قُرْآنًا عَرَبِيًّا لِتُنْذِرَ أمَّ القُرَى وَمَنْ حَوْلَهَا وَتُنْذرَ يَوْمَ الجَمْعِ لا رَيْبَ فِيهِ فرِيقٌ فِي الجَنَّة وَفَرِيقٌ فِي السَّعير "ഗ്രാമ മാതാവിനും അതിനു ചുറ്റുപാടുമുള്ളവർക്കും താക്കീതു നൽകേണ്ടതിനും...........................................അറബി ബന്ധുതമായ ഒരു ഖുർആൻ നിന്നിലേക്കു നാം സന്ദേശമയക്കുകയും ചെയ്തിതിക്കുന്നു."(അശ്ശൂറാ7)
ഈ ആയത്തിനു ശേഷം അല്ലാഹു പറയുന്നത് കാണുക:-وَمَااخْتَلَفْتُم فِيهِ مِنْ شَيءٍفَحُكْمُهُ اِلَى اللّٰه ذَلِكُمُ اللّٰهُ رَبِّي عَلَيْهِ تَوَكَّلْتُ وَاِلَيْهِ أنِيب "നിങ്ങൾ വല്ല സംഗതിയിലും ഭിന്നിച്ചാൽ അതിന്റെ വിധി മടക്കപ്പെടുന്നത് അല്ലാഹുവിലേക്കാണ്.ആ അല്ലാഹുവാണ് എന്റെ നാഥൻ. അവനെത്തന്നെയാണ് ഞാൻ അവലംഭിക്കുന്നതും അവനിലേക്കു തന്നെയാണ് ഞാൻമടങ്ങുന്നതും."(അശ്ശൂറാ 10) അല്ലാഹു പറയുന്ന ഒരായത്തു കൂടി കാണുക.اَفَغَيْرَاللّٰه أبْتَغِي حَكَمًا؟وَهُوَالّذِي اَنْزَلَ اِلَيْكُمْ الكِتَابَ مُفَصّلاً ( الانعام 114 "ഈ വേദത്തെ വിശദീകൃതമായി ഇറക്കിയവൻ അവനായിരിക്കെ ആ അല്ലാഹു അല്ലാത്തൊരു വിധികർത്താവിനെയാണോ ഞാൻ അന്വേഷിക്കുന്നത്?(അൽഅൻആം 114)അപ്പോൾ അല്ലാഹുവി ന്റെ വിധി അവന്റെ വിശദീകൃതമായ ഗ്രന്ഥത്തിലാണ് എന്നാണ് അല്ലാഹുവ്യക്തമാക്കിയത്.ആഗ്രന്ഥത്തിലുള്ള വിധികൾജനങ്ങളിലേക്ക് എത്തിക്കുന്നതും ,സംസാരിക്കുന്നതും ദൂതനാണ്.ആകാര്യമാണ് അല്ലാഹു വ്യക്തമായി പറഞ്ഞത്.
فَإنْ تَنَازَعْتُم فِي شيْء فَرُدُّوه إلى اللّٰه وَالرَّسُول........................(.النِّسَاء 59 ............................"".......നിങ്ങൾ വല്ല സംഗതിയിലും ഭിന്നിച്ചാൽ അത് അല്ലാഹുവിലേക്കും ഈ ദൂതനിലേക്കും മടക്കുകയും ചെയ്യുവീൻ..........."(അന്നിസാഅ 59)

പ്രവാചകൻ മരിച്ചതിനു ശേഷം നമുക്ക് വിധി തേടിപ്പോകാൻ അല്ലാഹുവിന്റെ ഖുർആനല്ലാതെ മറ്റൊന്നും നമ്മെ ഏൽപിച്ചുമില്ല.സന്മാർഗ്ഗത്തിനും വിധി തേടിപ്പോകാനും ആഖുർആൻ ഇപ്പോഴും നമുക്കിടയിൽ നിലനിൽക്കുന്നു.അതിന്റെ സംരക്ഷണം അല്ലാഹു ഉറപ്പ് നൽകിയിട്ടുമുണ്ട്.ഇത് പറഞ്ഞപ്പോൾ ചില അഹ് ലുൽ ഹദീസുകാരായ പണ്ഡിതന്മാർ വാദിക്കുന്നത് ഖുർആനിന്റെ സംരക്ഷണം ഹദീസു മുഖേനയാണെന്നാണ്. പരമമായ സത്യങ്ങൾ മാത്രം ഉൾക്കൊള്ളുന്ന ഗ്രന്ഥത്തെ അസത്യങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങൾ കൊണ്ട് ,സംരക്ഷിക്കുക എന്ന വാദം ഏറ്റവും വലിയ തമാശയായെ എനിക്കു തോന്നിയൊള്ളൂ.

കപട വിശ്വാസികൾ സത്യം അവരുടെ ഭാഗത്താണെങ്കിൽ നബിയുടെ അടുത്തേക്ക് ഖുർആനിന്റെ വിധിതേടി വരും .ദൂതന്മാരെല്ലാം അവർക്ക് ഇറക്കപ്പെട്ട വേദം കൊണ്ടേ വിധിക്കൂ.സത്യം അവരുടെ ഭാഗത്ത് അല്ലെങ്കിൽഅവർ പിന്തിരിഞ്ഞു പോവുകയും ചെയ്യും.,وَإذَا دعُوا إلى اللّٰهِ وَرَسُولِهِ لِيَحْكُمَ بَيْنَهُمْ اذَا فَرِيقٌ مِنْهُمْ مُعْرِضُون وَإنْ يَكُن لهُمُ الحَقُّ يَأتُوا إلَيْهِ مُذْعِنِين "തങ്ങൾക്കിടയിൽ വിധിക്കുവാൻ വേണ്ടി അല്ലാഹുവിലേക്കും തന്റെ ദൂതനിലേക്കും വിളിക്കപ്പെട്ടാൽ ഉടനെ അവരിൽ നിന്നൊരു വിഭാഗം പിന്തിരിയുന്നവരായിരിക്കും.ഇനി അവകാശം തങ്ങൾക്കാണെങ്കിലോ അതിലേക്കവർ വിധേയരായി വരുകയും ചെയ്യും"(അന്നൂർ 48-49)അവർ പിന്തിരിഞ്ഞു പോകാൻകാരണം ദൂതൻ ഖുർആൻ കൊണ്ട് മാത്രമേ വിധിക്കൂ എന്നുള്ളതു കൊണ്ടാണ്.
وَإذَا قِيلَ لهُم تَعَالَوْا الى مَا أنْزَلَ اللّٰهُ وَإلى الرَّسُولِ رَأيْتَ الْمُنَافِقِين يَصُدُّونَ عَنْكَ صُدُودًا

“അവരോട് നിങ്ങൾ അല്ലാഹു ഇറക്കിയതിലേക്കും ദൈവ ദൂതനിലേക്കും വരുവീൻ എന്നു പറയപ്പെട്ടാൽ കപടവിശ്വാസികൾ നിന്നിൽനിന്ന് പല തടവുകളും തടുക്കുന്നതായി നിനക്ക് കാണാവുന്നതാണ്.”(അന്നിസാഅ 61)

ഇവിടെ അല്ലാഹു ഇറക്കിയ ഖുർആനാണ് നബി സംസാരിക്കുന്നതും അതു കൊണ്ടാണ് അദ്ദേഹം വിധിക്കുന്നതും.ഇവിടെ الى الرَّسُولِ എന്നത് വിധിക്കാനുള്ള വേറൊരു സ്രോതസ്സല്ല.ദൂതൻ വിധിക്കുക തനിക്ക് അല്ലാഹു അവതരിപ്പിച്ച തന്ന വേദഗ്രന്ഥം കൊണ്ടു മാത്രമായിരിക്കും അല്ലാഹു പറയുന്നതു കാണുക.وَمَنْ لَّم يَحْكُم بِمَا أنْزَل اللّهُ فَألئكَ هُمُ الظَّالِمُون ആർ അല്ലാഹു ഇറക്കിയതു കൊണ്ട് വിധിച്ചില്ലയോ അവർ തന്നെയാണ് അക്രമകാരികൾ"(മാഇദ 45)
وَمَنْ لَّم يَحْكُم بِمَا أنْزَل اللّهُ فَألئكَ هُمُ الكَافِرُون ആർ അല്ലാഹു ഇറക്കിയതു കൊണ്ട് വിധിച്ചില്ലയോ അവർ തന്നെയാണ് നിഷേധികൾ(മാഇദ 44) وَمَنْ لَّم يَحْكُم بِمَا أنْزَل اللّهُ فَألئكَ هُمُ الفَاسِقُون ആർ അല്ലാഹു ഇറക്കിയതു കൊണ്ട് വിധിച്ചില്ലയോ അവർ തന്നെയാണ് അധർമ്മകാരികൾ (മാഇദ) അപ്പോൾ ദൂതൻ "ماأنْزِلَ"കൊണ്ടേ വിധിക്കൂ.കാരണം അദ്ദേഹത്തിന് ഒരിക്കലും നിഷേധിയോ, അക്രമകാരിയോ, അധർമ്മകാരിയോ ആകാൻ കഴിയില്ല.മാർഗ്ഗ നിർദ്ദേശത്തിനു വേണ്ടി ഖുർആനല്ലാതെ മറ്റൊന്നും അല്ലാഹു ഇറക്കിയിട്ടില്ല.

സൂറത്തുന്നൂറിലെ ഒരായത്ത് ശ്രദ്ധിക്കുക.”وَإذَا دُعُوا إلى اللّه وَرَسُولِه لِيَحْكُم بَيْنَهُم إذَا فَرِيقٌ مِّنْهُم مُّعْرِضُون തങ്ങൾക്കിടയിൽ താൻ വിധിക്കുവാൻ വേണ്ടി അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും അവർ വിളിക്കപ്പെട്ടാൽഉടനെ അവരിൽ നിന്നൊരു വിഭഗം പിന്തിരിയുന്നവരായിരിക്കും (അന്നൂർ 48)ഇവിടെ അല്ലാഹുവിന്റെ കലാമായ ഖുർആനിനു പുറമെയാണ് റസൂലിന്റെ വിധിയെങ്കിൽ ദ്വിവചന രൂപത്തിൽ ക്രിയ പറയേണ്ടതായിരുന്നു. അതായത്
إذَا دُعُوا إلى اللّه وَرَسُولِه لِيَحْكُمَا بَيْنَهُم എന്നായിരിക്കും അപ്പോൾ പറയുക.ഇങ്ങിനെ ധാരാളം ഉദാഹരണങ്ങൾ അല്ലാഹുവിനേയും അവന്റെ ദൂതനേയും ഒന്നായി കണ്ടുകൊണ്ട് പറഞ്ഞത് നമുക്ക് ഉദ്ധരിക്കാൻ കഴിയും.മാത്രവുമല്ല അല്ലാഹുവിനേയും അവന്റെ ദൂതന്മാരേയും തമ്മിൽ വേർപിരിക്കാൻ ശ്രമിക്കുന്നത് നിഷേധത്തിന്റെ ലക്ഷണമാണെന്ന്4:150 ൽ അല്ലാഹു വ്യക്തമാക്കുന്നുമുണ്ട്.

മുനാഫിക്കുകളായ ചില ആളുകൾ നബിയെ ചതിക്കാൻ ശ്രമിക്കുമെന്നും അത്തരം ചതിയന്മാരുടെയും വഞ്ചകന്മാരുടെയും ചതിയിൽ നീ പെടരുതെന്നും നീ നിനക്ക് അല്ലാഹു ഇറക്കി തന്ന അവന്റെ കിതാബ് കൊണ്ട് വിധിക്കണമെന്നുംഅല്ലാഹു കൽപിച്ചു.إنَّا أنْزَلْنَا اِلَيْكَ الكِتَابَ بِا الحَقِّ لِتَحْكُمَ بَيْنَ النَّاس بِمَا أرَاكَ اللّهُ وَلا تَكُن للْخَائِنِينَ خَصِيمًا (النِّسَاء 105 “തീർച്ചയായും നാം നിന്നിലേക്ക് ഈ സത്യാത്മക ഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത് അല്ലാഹു നിനക്ക് കാണിച്ചു തന്നതുകൊണ്ട് ജനങ്ങൾക്കിടയിൽ നീ വിധി കൽപിക്കുവാനാണ്.വഞ്ചകന്മാർക്ക് നീ ഒരു കക്ഷിയാവുകയും വേണ്ട. (അന്നിസാഅ 105)അപ്പോൾ അല്ലാഹു നബിക്ക് ഇറക്കി കൊടുത്ത ഗ്രന്ഥം സംമ്പൂർണ്ണ സത്യത്തോടു കൂടിയാണെന്നും അതിൽ അല്ലാഹു നബിക്ക് കാണിച്ചുകൊടുക്കുന്നതു കൊണ്ട് വിധിച്ചാൽ മതിയെന്നും വിധി തേടി പോകേണ്ടത് ആഗ്രന്ഥത്തിലേക്കാണെന്നും ചതിയന്മാരുടേയും വഞ്ചകന്മാരുടെയും കെണിയിൽ പെട്ട് അവരുടെകക്ഷിക്കാരനാകരുതെന്നും ഈ ആയത്തിലൂടെ അല്ലാഹു വ്യക്തമാക്കുന്നു.മറ്റൊരു വചനം കൂടി ശ്രദ്ധിക്കുക.

وَلاتُجَادِلْ عَنِ الَّذينَ يَخْتَانُون انْفُسَهُم انَّاللّهَ لايُحِبُّ مَنْ كَانَ خَوَّانًا اثِيمًا يَسْتَخْفُون مِن النَّاس ,
وَلايَسْتَخْفُونَ مِنَ اللّهِ وَهُوَ مَعَهُم اذْ يُبَيّتُونَ مَالا يَرْضَى مِنَ القَوْلِ وَكَا نَ اللّه بِمَا تَعْمَلُون مُحِيطًا
(النِّسَاء 107-108 “ആത്മ വഞ്ചകർക്ക് വേണ്ടി നീ തർക്കിക്കുകയുമരുത്. തീർച്ചയായും അല്ലാഹു വഞ്ചകനായ പാപിയെ ഇഷ്ടപ്പെടുന്നില്ല.താൻ തൃപ്തിപ്പെടാത്ത വാക്കു കൊണ്ട് അവർ കവിത രചിക്കുമ്പോൾ ജനങ്ങളിൽ നിന്ന് അവർ ഒളിക്കുന്നു. എന്നാൽ താൻ അവരോടൊന്നിച്ചുണ്ടായിരിക്കെ അല്ലാഹുവിൽനിന്ന് അവർ ഒളിക്കുന്നുമില്ല.. എന്നാൽ അവർ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു പൂർണ്ണമായി അറിയുന്നവനാകുന്നു.(അന്നിസാഅ 107-108)

ചുരുക്കത്തിൽ മുനാഫിഖുകളുടെ ചതിയിൽ പെട്ട് അവരുടെ കക്ഷിയാകാതെ ഖുർആൻ അനുസരിച്ച് വിധിക്കാനും വല്ല വീഴ്ചയോ മറവിയോ സംഭവിച്ചാൽ അല്ലാഹുവിനോട് പൊറുക്കലിനെത്തേടാനും 4 ൽ106ാം വചനത്തിൽഅല്ലാഹു പറയുന്നു.നബി ഖുർആൻ കൊണ്ടേ വിധിക്കൂ.

അല്ലാഹുവിനെ അനുസരിക്കുക, ദൈവദൂതനെ അനുസരിക്കുക

وَأَطِيعُوا اللَّهَ وَالرَّسُولَ لَعَلَّكُم تُرْحَمُون "നിങ്ങൾക്ക് കരുണ ചെയ്യപ്പെട്ടുവാൻ അല്ലാഹുവിനും തന്റെ ദൂതനും അനുസരിക്കുകയും ചെയ്യുവീൻ (ആലുഇംറാൻ 132)

"يَا ايُّهَاالَّذِينَ آمَنُوا أطِيعُوا اللّهَ وَأطِيعُوا الرَّسُولَ وَأُولِي الامْرِ مِنْكُم (النِّسَاء 59 " "ഹേ വിശ്വസിച്ചവരേ,നിങ്ങൾഅല്ലാഹുവിനെ അനുസരിക്കുകയും ,തന്റെ ദൂതനേയും നിങ്ങളുടെ കൂട്ടത്തിൽ നിന്നുള്ള ഈകൽപനക്കാരേയും അനുസരിക്കുകയും..........."(അന്നിസാഅ 59)

മതപരമായ കാര്യത്തിൽ അനുസരണം ഒരാൾക്കോ അതല്ല ഒന്നിലധികം പേർക്കോ?മതപരമായ കാര്യത്തിൽഅനുസരിക്കപ്പെടേണ്ടവൻ ഒരാൾ മാത്രമേയുള്ളൂ അത് അല്ലാഹുവാണ് .ദൂതൻജീവിച്ചിരിക്കുന്ന കാലത്ത് അദ്ദേഹം അല്ലാഹുവിന്റെ കലാം സംസാരിക്കുമ്പോൾ ആ ദൂതനേയും അദ്ദേഹത്തിന്റെ മരണ ശേഷം ഈ കൽപനയിൽ നിലകൊള്ളുന്നവരേയും (അവർ ഖുർആൻ സംസാരിക്കുകയാണെങ്കിൽ ) അനുസരിക്കണം. ഈ കൽപന(الامْر)കൊണ്ട് ഉദ്ദേശം ഖുർആനാണ് .സൃഷ്ടാവിന് എതിരായി ഒരു സൃഷ്ടിക്കും അനുസരണമില്ല.എന്നതാണ് ഖുർആനിക നിയമം.നബിയെ അനുസരിക്കാൻ ഖുർആനിൽ കൽപനയില്ല. മറിച്ച് ദൂതനെ അനുസരിക്കാനാണ് ഖുർആൻ നമ്മോട് കൽപിക്കുന്നത്അതിൽ നിന്നും നമുക്ക് മനസ്സിലാകുന്നത് ദൂതിന് അഥവാ അല്ലാഹുവിന്റെ കലാമിനാണ് നാം അനുസരിക്കേണ്ടത് എന്നാണ്. നല്ല കാര്യങ്ങളിൽ (مَعْرُوف)നബിയെ ധിക്കരിക്കരുത് എന്ന് നബിയുടെ ഭാര്യമാരോട് ഉടമ്പടി വാങ്ങുന്ന ഒരു വചനമുണ്ട് ഖുർആനിൽ.ഭർത്താവ് എന്ന നിലക്ക് مَعْرُوف ആയ കാര്യങ്ങളെന്ന ഉപാധിയോടുകൂടി ധിക്കരിക്കാതിരിക്കാനാണ് ഇവിടെ കല്പന.അല്ലാഹ‌ു പറയുന്നു.

يَاأَيُّهَا النَّبِيُّ اِذَا جَاءَكَ الْمُؤْمِنَاتُ يُبَايِعْنَكَ عَلَى انْ لا يُشْرِكْنَ بِاللّهِ وَلايَسْرِقْنَ وَلايَزْنِينَ وَلايَقْتُلْنَ أوْلادَهُنَّ وَلا يَأتِينَ بِبُهْتَان يَفْتَرِينهُ بَيْنَ اَيْدِيهِنَّ وَارْجُلِهِنَّ وَلايَعْصِينَكَ في مَعْرُوفٍ فَبَايِعْهُنَّ واسْتَغْفِرْ لَهُنَّ إنَّ اللّهَ غَفُورٌرَّحِيم

ഈ ആയത്തിൽ يَاأَيُّهَا النَّبِيُّ എന്നതിനു പകരം يَاأَيُّهَاالرَّسُول എന്നാണ് അല്ലാഹു പറഞ്ഞിരുന്നതെങ്കിൽ അനുസരണം നിരുപാധികം തന്നെയാകുമായിരുന്നു.അതായത്ത് റസൂലിനെ അനുസരിക്കുകഎന്നാൽ രിസാലത്തിനെ അഥവാ അല്ലാഹുവിന്റെ കലാമിനെ അനുസരിക്കുക. അതിന് ഉപാധികളില്ല.എന്നാൽ മുകളിൽ പറഞ്ഞ ആയത്തിൽ അഭിസംബോധന നബിയെ ആയതുകൊണ്ട് അനുസരണം مَعْرُوف ആയ കാര്യങ്ങളിലേ ആകാവൂ എന്ന് ഉപാധി വെച്ചു.

"وَلا يَعْصِينَكَ فِي مَعْرُوفٍ"എന്നു പറഞ്ഞതിൽ നിന്നും ആ കാര്യമാണ് അല്ലാഹു വ്യക്തമാക്കുന്നത്.

ഇങ്ങിനെ مَعْرُوفആയ കാര്യങ്ങളിൽ മാതാപിതാക്കളെയാണെങ്കിലും അനുസരിക്കാം എന്ന് അല്ലാഹു പറയുന്നു .എന്നാൽ യാതൊരു അറിവുമില്ലാത്ത കാര്യങ്ങളിൽ അവർ നിന്നെ പങ്കു ചേർക്കാൻ നിർബന്ധിക്കുകയാണെങ്കിൽ അനുസരിക്കേണ്ടതില്ലെന്നും അല്ലാഹു വ്യക്തമാക്കുന്നു.وَانْ جَاهَدَاكَ عَلَى انْ تُشْرِكَ بِي مَا لَيْسَ لَكَ بِهِ عِلمٌ فَلاتُطِعْهُمَا وَصَاحِبْهُمَا فِي الدُّنْيَا مَعْرُوفًا ഇനി നിനക്കു ഒരറിവുമില്ലാത്ത വല്ലതും എന്നോട് പങ്കു ചേർക്കുവാൻ ഇരുവരും നിന്നോട് പോരാടിയാലോ ? അപ്പോൾ നീ അവരെ അനുസരിക്കുകയും ചെയ്യരുത് .എന്നാൽ ഐഹിക ജീവിതത്തിൽ مَعْرُوف ആയിക്കൊണ്ട് നീ അവർ ഇരുവരോടും സഹവസിക്കുകയും.................."(ലുക് മാൻ 15)

റസൂലിനുള്ള അനുസരണം ദിവ്യ സന്ദശത്തിന്റെ ഉടമയായ അല്ലാഹുവിനുള്ള അനുസരണമാണ്.ആ സന്ദേശത്തിന് അനുസരിക്കുന്നവരിൽ ഒന്നാമൻ നബിയാണല്ലോ? ഈകല്പനക്ക് അഥവാ ഖുർആനിന് അനുസരിക്കാൻ ഏറ്റവും അർഹതപ്പെട്ടവർ( أولُو الامْر) ഈ കൽപനക്കാരുമായിരിക്കുമല്ലോ?അവർക്കും സൃഷ്ടാവിനെതിരായി അനുസരിക്കാൻ പാടില്ല.സൃഷ്ടാവിന്റെ കൽപന നമ്മോട് പറയുന്ന അത്തരക്കാരെയും സൃഷ്ടാവിന് എതിരാകാത്ത നിലക്ക്നമുക്ക് അനുസരിക്കാം.അല്ലാഹു പറയുന്നു.وَمَا اَرْسَلْنَا مِنْ رِسُولٍ الألِيُطَاعَ بِإذْنِ اللّه "അല്ലാഹുവിന്റെ അനുമതിയോടു കൂടി അനുസരിക്കപ്പെടുവാനായിട്ടല്ലാതെ നാം ഒരു ദൂതനേയും അയച്ചിട്ടേ ഇല്ല. (അന്നിസാഅ 64)

ആ അനുമതി എന്താണെന്ന് ഖുർആൻ വ്യക്തമാക്കുന്നു.كِتَابٌ أنْزَلْنَاه إلَيْكَ لِتُخْرِجَ النَّاس مِنَ الظُّلُمَاتِ

الى النُّورِ بِإِذْنِ رَبِّهِم الى صِرَاطِ العَزِيزِ الحَمِيد "' മനുഷ്യരെ തന്റെ നാഥന്റെ അനുമതിയോടുകൂടി അന്ധകാരങ്ങളിൽ നിന്നെല്ലാം വെളിച്ചത്തിലേക്കു നീ ആന യിക്കേണ്ടതിനു നാം നിന്നിലേക്കു ഇറക്കിയ ഒരു ഗ്രന്ഥമാണത്.അതായത് പ്രതാപവാനും സ്തുത്യർഹനുമായ ഒരുവന്റെ നേർവഴിയിലേക്ക്. (ഇബ്രാഹീം1)അപ്പോൾ അനുമതിപത്രമായി ദൂതന് നൽകിയിട്ടുള്ളത് വേദഗ്രന്ഥമാണ്. അതുകൊണ്ടാണ് ആരെങ്കിലും ആ ദൂതനെഅനുസ രിച്ചാൽതന്നെ അവൻ അല്ലാഹുവിനെ അനുസരിച്ചു എന്ന് അല്ലാഹ പറഞ്ഞത് കാരണം ആദ്ദൂതൻ അല്ലാഹുവിന്റെ കലാമാണല്ലോ സംസാരിക്കുക.

وَمَن يُطِعِ الرَّسُولَ فقَدْ أطَاعَ اللّهَ "ആരെങ്കിലും ദൈവദൂതനെ അനുസരിച്ചാൽ അവൻ അല്ലാഹുവിനെ അനുസരിച്ചു കഴിഞ്ഞു.(അന്നിസാഅ 80) ഖുർആനിനു പുറമെയുള്ള ഒരു മത സ്രോതസ്സിനെ അനുസരിച്ചാൽ അവൻ ഖുർആനിനെ അനുസരിച്ചു എന്നല്ലല്ലോ ഈ ആയ ത്തിന്റെ വിവക്ഷ അങ്ങിനെയാണെങ്കിൽ പിന്നെ ഖുർആനിന്റെ ആവശ്യമില്ലല്ലോ?അങ്ങി നെ ഒരർത്ഥം നൽകിയാൽ അഹ് ലുൽ ഹദീസുകാർക്ക് ഖുർആനിനെ നിഷേധിക്കൽ എളുപ്പമായല്ലോ?

നൂഹ്, ഹൂദ്,സ്വാലിഹ്,എന്നീ ദൂതന്മാർ അവരുടെ ജനതയുടെ അടുത്ത് ചെന്ന് അവരെ അനുസരിക്കാൻ അവരുടെ സമൂഹത്തോട് കൽപിക്കുന്നത് സൂറത്ത് ശുഅറാഅ 108,126,163,എന്നീ വചനങ്ങളിൽ കാണാം.

اِنِّي لَكُم رَسُولٌ اَمِين فَاتَّقُوا اللّه وَاَطِيعُون "തീർച്ചയായും ഞാൻ നിങ്ങൾക്കുള്ള വിശ്വ സ്തനായ ഒരു ദൂതനാകുന്നു.നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവീൻ (അശ്ശുറാഅ 108, 126, 163)ഇവർക്കുള്ള അനുസരണം അല്ലാഹുവിന്റെ രിസാലത്തിന് അഥവാ അവന്റെ കലാമിനുള്ള അനുസരണം തന്നെയാണല്ലോ? ഇവിടെ യും റസൂലിനെ അനുസരിക്കാനാണ് അല്ലാഹ പറഞ്ഞത് അല്ലാതെ നബിയെ അല്ല.അങ്ങിനെ യായിരുന്നുവെങ്കിൽ
إِنِّي لَكُم نَبِيٌّ أمِين എന്നാണ് പറയേണ്ടിയിരുന്നത്.

അല്ലാഹ നമുക്ക് അറിവു നൽകാത്ത വിഷയങ്ങളിൽ അനുസരിക്കാൻ മാതാ പിതാക്കൾ നമ്മോട് സമരം ചെയ്താൽ പോലും നാം അനുസരിക്കേണ്ടതില്ല.അറിവ് നൽകുന്നത് ഖുർആനിലൂടെയാണല്ലോ?മതപരമായ കാര്യങ്ങളിൽ അതല്ലാത്തതൊക്കെഊഹത്തെ മാത്രമെ ഫലം ചെയ്യുകയുള്ളൂ എന്ന് നാം മുമ്പ് വിശദമാക്കിയല്ലോ?

وَوَصَّيْنَا الانْسَانَ بِوَالِدَيْهِ حُسْنًا وَانْ جَاهَدَاكَ لِتُشْرِكَ بِي مَا لَيْسَ لَكَ بِهِ عِلْمٌ فَلا تُطِعْهُمَا
( العنكبوت 8 "നാം മനുഷ്യനോട് തന്റെ മാതാപിതാക്കളോടൊത്ത് സുകൃതം ചെയ്യു എന്ന് ഉപദേശിച്ചു .എന്നാൽ നിനക്ക് ഒരറിവുമില്ലാത്തതിനെ നീ എന്നോട് പങ്കുചേർക്കുവാൻ അവർ നിന്നോ ട് സമരം ചെയ്യുകയാണെങ്കിൽ നീ അവരെഅനുസരിക്കരുത്(അൻകബൂത്ത്8)

ചുരുക്കത്തിൽ മതപരമായ കാര്യത്തിൽ അനുസരണം ഒന്നേ ഉള്ളൂ. അത് അല്ലാഹുവിനാണെങ്കിലും ദൂതനാണെങ്കിലും മറ്റുള്ളവർക്കാണെങ്കിലും ്അത് ഖുർആനിനുള്ള അനു സരണമാണ്.ആ റസൂൽ അഥവാ ഖുർആൻ ഇപ്പോഴും നമുക്കിടയിൽ സജീവമായി നില നില്ക്കുന്നു .

## നബിയോടൊപ്പം ഇറക്കപ്പെട്ട പ്രകാശത്തെ പിൻപറ്റുക

മുഹമ്മദ് എന്ന വ്യക്തിയിൽ വിശ്വസിക്കാൻ അല്ലാഹ നമ്മോട് കൽപിച്ചിട്ടില്ല. മറിച്ച് ആ മുഹമ്മദിന്റെ മേൽ ഇറക്കപ്പെട്ടതിലാണ് വിശ്വസിക്കേണ്ടത് .അല്ലാഹ പറയുന്നത് കാണുക. وَالَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ وَآمنُوا بِمَا نُزِّلَ عَلَى مَحَمَّد وَهُو الحَقُّ من رَّبِّهِم كفر عَنْهُم سَيِّئَاتِهِم(مُحَمَّد 2 എന്നാൽവിശ്വസിക്കുകയും സുകൃതങ്ങൾ പ്രവർത്തിക്കു കയും മുഹമ്മദിന്റെ പേരിൽ ഇറക്കപ്പെട്ട തിലെല്ലാം--അതു തന്നെയാണ് തങ്ങളുടെ നാഥനിൽ നിന്നുള്ള പരമ സത്യമെന്ന നിലക്ക്—വിശ്വസിച്ചവരുമാകട്ടെ അവരിൽ നിന്നു തങ്ങളുടെ തിന്മകൾ അവൻ മായ്ക്കുകയും............"(മുഹമ്മദ് 2)നോക്കു ഇവിടെ മുഹമ്മദിന് ഇറക്ക പ്പെ ട്ടതിൽ വിശ്വസിക്കാനാണ് അല്ലാഹ നമ്മോട് കൽപിച്ചത്.അതുപോലെ തന്നെ മുഹമ്മദ് എന്ന വ്യക്തി എന്ന നിലക്കല്ല അദ്ദേഹത്തെ നാം പിൻപറ്റേണ്ടത്.മറിച്ച് അദ്ദേഹത്തിന്റെ മേൽ ഇറക്കപ്പെട്ട പ്രകാശത്തെയാണ് നാം പിൻപറ്റേണ്ടത്.ആ പ്രകാശത്തെ പിൻപറ്റുന്ന തിലൂടെ അദ്ദേഹത്തെ നാം പിൻപറ്റുന്നു.

فَالّذِينَ آمَنُوا بِهِ وَعَزَّرُوهُ وَنَصَرُوهُ وَاتَّبَعُوا النُّورَ الَّذِي أنْزِلَ مَعَهُ أُلئكَ هُم المُفلِحُون
"അദ്ദേഹത്തിൽ വിശ്വസിച്ചുകൊണ്ടുംഅദ്ദേഹത്തോടൊന്നിച്ച് ഇറക്കപ്പെട്ട പ്രകാശത്തെ പിൻപറ്റി

ക്കൊണ്ടുമിരുന്നവർ ആരോ അവർ തന്നെയാണ് വിജയികൾ.........(അഅ്റാഫ്  157) ഇവിടെ സത്യത്തിൽ ഭാഷാപരമായ ചേർച്ചയും ഒഴുക്കും
وَاتَّبَعُوهُ وَنَصَرُوهُ وَعَزَّرُوهُ آمَنُوا بِهِ എന്ന് പറയുമ്പോഴാണ്. എന്നാൽ وَاتَّبَعُوهُ എന്നു പറയേണ്ടതിനു പകരംوَاتَّبَعُوا النُّورَالَّذِي أُنْزِلَ مَعَهُ എന്നു പറഞ്ഞതിലൂടെ മുഹമ്മദ് എന്ന വ്യക്തിയെയല്ല പിൻപറ്റേണ്ടത് മറിച്ച് ദൈവീക സന്ദേശത്തെയാണ് നാം പിൻപറ്റേണ്ടത് എന്ന് വ്യക്തമായി.മനുഷ്യരിൽ നേർമാർഗ്ഗത്തെ പിന്തുടരുന്നതിലും ദൈവീക മാർഗ്ഗത്തെ മുറുകെ പിടിക്കുന്നതിലും ഒന്നാമൻ മുഹമ്മദ് നബി തന്നെയായിരിക്കും അതാണ് അല്ലാഹു കൽപിക്കുന്നത്
اتَّبِعْ مَا أُوحِيَ إِلَيْكَ مِن رَّبِّكَ"നിന്റെ രക്ഷിതാവിൽ നിന്ന് നിന്നിലേക്ക് വഹ് യ് നൽകപ്പെട്ടതിനെ നീ പിൻപറ്റുക"(അൻആം106)وَاتَّبِعْ مَايُوحَى إِلَيْكَ "........നീനിന്നിലേക്ക് അയക്കപ്പെടുന്ന വഹ് യിനെ പിൻപറ്റുക"(യൂനുസ് 109)
وَاتَّبِعْ مَا يُوحَى إِلَيْكَ مِنْ رَبِّكَ "നീ നിന്റെ നാഥനിൽ നിന്ന്  നിന്നിലേക്ക് വഹ് യ് നൽ കപ്പെട്ടതിനെ പിൻപറ്റുക"
ثُمَّ جَعَلْنَاكَ عَلَى شَرِيعَةٍ مِّنَ الامْرِ        (الجاثية 18
اِنْ أَتَّبِعُ اَلاّ مَا يُوحَى إِلَيَّ.......(الانعام 5 എനിക്ക് വഹ് യ് നൽകപ്പെടുന്നതല്ലാതെ ഞാൻ പിൻപറ്റുന്നില്ല...(അൻആം5)
قُلْ انَّمَا أَتَّبِعُ مَا يُوحى إليَّ مِن رَّبِي "നീ പറയുക ഞാൻ പിൻപറ്റുന്നത് എൻ നാഥനിൽ നിന്ന് എന്നിലേക്ക് അറിയേക്കപ്പെടുന്നത് മാത്രമാണ്(അഅറാഫ് 203)അപ്പോൾ നബി വഹ് യ്  മാത്രമേ പിൻപറ്റൂ എന്ന് ഉറപ്പിച്ചു പറയുന്നു. തനിക്ക് എന്താണ് വഹ് യ് ലഭിച്ചിട്ടുള്ളത് എന്ന് നബിയോട് അല്ലാഹു പറയാൻ കൽപിക്കുന്നു.
وَأُوحِيَ إِلَيَّ هَذاالقُرْآنُ لأُنْذِرَكُم بِهِ وَمَنْ بَلَغَ ഈ ഖുർആൻ എനിക്കു സന്ദേശമയക്കപ്പെട്ട ത് ഞാൻ അതുകൊണ്ടു നിങ്ങൾക്കും അത് എത്തിച്ചേർന്നവർക്കും മുന്നറിയിപ്പ് നൽകുവാൻ വേണ്ടിയാണ്.(അൻആം19)നബിക്ക് വഹ് യ് നൽകപ്പട്ടത് ഖുർആനല്ലാതെ മറ്റൊന്നുള്ള തായി ഖുർആനിലെവിടെയും പറഞ്ഞിട്ടില്ല. പിന്നെ ഖുർആൻ പറയാത്ത കുറെ കഥകൾ പറഞ്ഞുണ്ടാക്കി അത് ഖുർആനിലെവിടെ? എന്ന് നമ്മോട് ചോദിക്കുകയും അതുകൊണ്ട് അത് ഖുർആനിനു പുറമെയുള്ള വഹ് യാണെന്നും അഹ് ലുൽ ഹദീസുകാർ വാദിക്കുന്നു.ഒരു ഉദാഹരണം പറയാം .നബിക്ക് ആദ്യമായി വഹ് യ് കിട്ടിയത് സൂറത്തു"العلق ലെ ഏതാ നം വചനങ്ങളാണെന്നും  ആവചനങ്ങൾ ഖുർആനിന്റെ അവസാനത്തെ അധ്യായങ്ങളുടെ കൂട്ടത്തിൽ എഴുതാനുള്ള വഹ് യ് എവിടെ ഖുർആനിൽ എന്നാണ് ഇവർ ചോദിക്കുന്നത് നമുക്ക് ആകാര്യത്തിൽ പറയാനുള്ളത്  മേൽപറഞ്ഞ വചനങ്ങളാമണ് നബിക്ക് ആദ്യം ഇറക്കപ്പെട്ടത് എന്ന് ഖുർആനിലെവിടെ? മാത്രവുമല്ല ആവചനങ്ങളല്ല ആദ്യം അവതരിച്ചത് എന്നതിനാണ് ഖുർആനിൽ തെളിവുള്ളതും, യുക്തിയും ബുദ്ധിയും അംഗീകരിക്കുന്നതും അതാണ് .അല്ലാതെ ഒരു നാമൂസ് വന്ന് ഭയാനകമായ രൂപത്തിൽ കുട്ടിപ്പിടിച്ച് വായിക്കാനറിയാത്ത പ്രവാചക നോട് വായിക്കാൻ പറയുകയും നബി ഞാൻ വായനക്കാരനല്ല എന്ന മറുപടി പറയുകയും ചെയ്യുക. ആരൂപത്തിലുള്ള ഒരു വഹ് യ് നൽകുന്നതിനെക്കുറിച്ച് ഖുർആനിലെവിടെയും തെളിവില്ല.
سَنُقْرِئُكَ فَلا تَنْسَى  الاّ مَاشَاءاللّٰهُ"ഞാനിതാ  നിന്നെ വായിപ്പിക്കുകയാണ് അപ്പോൾ അല്ലാഹു ഉദ്ദേശിച്ചതൊഴികെ നീ മറക്കുകയില്ല.”(87:6-7) ഈ വായിപ്പിക്കലാണ് "നിന്റെ  സൃഷ്ടിച്ച നാഥന്റെ നാമത്തോടെ നീ വായിക്കുക"എന്ന് 96:1 ൽ അല്ലാഹു പറഞ്ഞത് .അല്ലാതെ ആദ്യം തന്നെ കുട്ടിപ്പിടിച്ച് വായിക്കാൻ പറഞ്ഞതല്ല.ഇതുപോലെതന്നെയാണ് ഇവർ ഉദ്ധരിക്കാറുള്ള ബാക്കി പതിനൊന്നു തെളിവുകളും .ഖുർആനിലില്ലാത്ത തെളിവുകൾ പറയുക എന്നിട്ട് അതിന് ഖുർആനിൽ നിന്ന് തെളിവ് ചോദിക്കുക.ഈതെളിവുകളെല്ലാം ഞാൻ വേറൊരു ലേഖനത്തിൽ വിവരിച്ചിട്ടുണ്ട്.
سَنُقْرِئُكَ എന്നത് കാരകക്രിയയാണ്.അതിനാൽ നാം നിന്നെ വായിപ്പിക്കും(നിന്നെ വായ നക്കാരനാക്കു ം)എന്നു തന്നെയാണർത്ഥം.വായിച്ചു കേൾപിക്കും എന്നതു ദുർവ്യാഖ്യാനം മാത്രമാണ്.
അപ്പോൾ നബി തന്നെ വഹ് യ് പിൻപറ്റുന്നവരിൽ ഒന്നാമനായിരിക്കെ ആവഹ് യ് പിൻപറ്റാൻ ജനങ്ങളിൽ ഏറ്റവുംഅർഹർ നാം തന്നെയാണല്ലോ?. നബിയോട് അല്ലാഹു പറയുന്നതു കാണുക. كِتَابٌ أُنْزِلَ إِلَيْكَ فَلا يَكُن فِي صَدْرِكَ حَرَجٌ مِنْهُ لِتُنْذِرَ بِهِ وَذِكْرَى لِلْمُؤْمِنِين اتَّبِعُوا مَا أُنْزِلَ إِلُكُم مِن رَّبِّكُم

وَلاتَتَّبِعُوا مِن دونِهِ اوْلِيَاء قَلِيلاً مّا تَذَكَّرُون "നിന്നിലേക്ക ഇറക്കപ്പെട്ട ഒരു ഗ്രന്ഥമാണത് അതിനാൽ നിന്റെ മനസ്സിൽ അതിനെപ്പറ്റി ഒരു വിഷമവും ഉണ്ടാവരുത്.നീ അതുകൊണ്ട് മുന്നറിയിപ്പ് നൽകാൻ വേണ്ടിയുള്ളതുംവിശ്വാ സികൾക്കൊരു ഓർമ്മിപ്പിക്കലുമാണത്.അതായത് നിങ്ങൾ നിങ്ങളുടെ രക്ഷിതാവിൽനിന്ന് നിങ്ങളിലേക്ക ഇറക്കപ്പെട്ടതിനെ പിമ്പറ്റുവീൻ.അതുകൂടാതെ പല രക്ഷാധികാരിക ളെ പി മ്പറ്റുകയും ചെയ്യരുത്.നന്നേ കുറച്ചേ നിങ്ങൾ ചിന്തിക്കുന്നുള്ളൂ(അൽഅഅറാഫ്2-3) ഈ ആയത്തിൽ അല്ലാഹു നബിക്ക് ഇറക്കി കൊടുത്തത് ഒരു ഗ്രന്ഥമാണെന്നും അത് ഇറക്കപ്പെ ട്ടതിന്റെ പേരിൽ നബിക്ക് ഒരു വിഷമവും ഉണ്ടാവരുതെന്നും അല്ലാഹു കൽപിക്കുന്നു. വിശ്വാസികൾക്കും അതുകൊണ്ട് ഒരു വിഷമവും ഉണ്ടാവരുതെന്ന് ഓർമ്മപ്പെടുത്തുന്നു.തുടർന്ന് വിശ്വാസികളായ നമ്മോട് അതിരുകൾ നിശ്ചയിച്ചുകൊണ്ട് നമ്മുടെ നാഥനിൽ നിന്ന് ഇറക്കപ്പെട്ടതിനെ പിമ്പറ്റ എന്നും അതല്ലാത്തതൊന്നു പിമ്പറ്റരുതെന്നും കൽപിച്ചു اتَّبِعُوا مَا أنْزِلَ إِلَيْكُم مِن رَّبِّكُم وَلاتَتَّبِعُوا مِن دونِهِ اوْلِيَاء അതായത് നിങ്ങൾ നിങ്ങളുടെ രക്ഷിതാവിൽനിന്ന് നിങ്ങളിലേക്ക ഇറക്കപ്പെട്ടതിനെ പിമ്പറ്റുവീൻ "എന്താണ് നമ്മുടെ രക്ഷിതാവ് നമുക്ക് ഇറക്കിത്തന്നിരിക്കുന്നതെന്ന് മുകളിൽ പറഞ്ഞുവല്ലോ?كِتَابٌ أنْزِلَ إلَيْكَ

നബിയെ പിൻപറ്റണ്ടേ?വേണം ഖുർആൻ പിൻപറ്റുന്ന നബിയെ നാം പിമ്പറ്റ ണം.അഥവാ ദൂതനെ وَلاتَتَّبِعُوا مِن دونِهِ اوْلِيَاءഎന്ന്അല്ലാഹു പറഞ്ഞപ്പോൾ നമ്മുടെ സമൂഹം ചെയ്യുന്നത് ഖുർആനിനു പുറമെ ഗ്രന്ഥങ്ങൾ എഴുതിയുണ്ടാക്കി അവക്ക് ഖുർആനിനു സമാനമോ അല്ല അതിലധികമോ സ്ഥാനം നൽകുകയും അവയുടെ പിറകെ പോവുകയും ചെയ്യുന്നു. ഇത് അ ല്ലാഹുവിനു പുറമെ രക്ഷാധികാരികളെ സ്വീകരിക്കുന്നതിനു തുല്ല്യമാണ്.എന്നാൽ ഒരു യഥാ ർത്ഥ ഖുർആൻ വിശ്വാസി അല്ലാഹുവിനെ രക്ഷാധി കാരിയായും ഖുർആനിനെ തന്റെ ഗ്രന്ഥ മായും മതിയാക്കുന്നാണ്.

قَلِيلاً مّا تَذَكَّرُون എന്ന് പറഞ്ഞതിൽ നിന്നും മനസ്സിലാകുന്നത്, മുകളിൽ പറഞ്ഞ കാര്യം അധികമാളു കളും ചിന്തിക്കുന്നില്ല എന്നും അവർ ഇച്ഛകളെയും വഴികേടുകളെയുമാണ് പിൻ പറ്റുന്നത് എന്നുമാണ്.ഭൂരിഭാഗവും അങ്ങിനെയാണ് ചെയ്യുന്നത് എന്ന് ഖുർആൻ വ്യക്ത മാ ക്കുന്നു.

وَإِنْ تُطِعْ أَكْثَرَ مَنْ فِي الْأَرْضِ يُضِلُّوكَ عَنْ سَبِيلِ اللَّهِ إِنْ يَتَّبِعُونَ إِلَّا الظَّنَّ وَإِنْ هُمْ إِلَّا يَخْرُصُونَ

"ഭൂമിയിലുള്ളവരിൽ ഭൂരിഭാഗത്തിനു നീ അനുസരിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ മാർ ഗ്ഗത്തിൽനിന്നും അവർ നിന്നെ വഴി തെറ്റിക്കുന്നതാണ്. അവർ ഊഹത്തെയല്ലാതെ പിൻപറ്റുന്നില്ല. അവർ അനുമാനിക്കുകയല്ലാതെ ചെയ്യുന്നുമില്ല."(അൽഅൻആം116)പരമ സത്യമായ ഖുർആനിനെതിരിൽ ഇച്ഛകളെയും ഊഹങ്ങളെയു പിമ്പറ്റുന്ന മഹാഭൂരിപക്ഷം ഒരു തെളിവേ അല്ല.قُلْ لا يَسْتَوِي الخَبِيثُ والطَّيِّبُ وَلَوْ أعْجَبَكَ كَثْرَةُ الخَبِيث (المائدة 100)

"നീ പറയുക നല്ലതും ചീത്തയും സമമാകുന്നില്ല.ചീത്തയുടെ ആധിക്യം നിന്നെ ആശ്ചര്യ പ്പെടുത്തിയാലും ശരി...(മാഇദ 100)ചീത്തമനുഷ്യരുടെ പതിവാണ് അൽപം മാത്രംചിന്തിക്കുക എന്നത്.വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർ കുറച്ചേ ഉണ്ടാകൂ എന്ന് അല്ലാഹു വ്യക്തമാക്കുന്നു. الاَّالَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ قَليلاً مَّا هُم വിശ്വസിച്ചു സുകൃതം ചെയ്യുന്നവരൊഴികെ അവർ നന്നേ കുറവുമാണ്(സ്വാദ് 24)

അതുപോലെ പൂർവ്വ പ്രവാചകന്മാരെ പിൻപറ്റാൻ പറഞ്ഞപ്പോഴും അവരുടെ മാർഗ്ഗം പിൻപറ്റാ നാണ് അല്ലാഹു കല്പിച്ചത് ഉദാഹരണത്തിന് നബിയോട് ഇബ്രാഹീം നബിയെ പിൻപറ്റാൻ കല്പിച്ചപ്പോൾ അല്ലാഹു പറയുന്നത് കാണുക

ثُمَّ أوْحَيْنَا إلَيْكَ أنِ اتَّبِعْ مِلَّةَ إبْرَاهِيم حَنِيفًا وَمَا كَانَ مِنَ الْمُشْرِكِين"ദൈവത്തിൽ പങ്കു ചേർക്കുന്നവ രിൽ പെടാതെനേരെ നിന്നവനായിരിക്കെ ഇബ്രാഹീമിന്റെ സിദ്ധാന്തത്തെ നീ പിന്തുടരുക എന്നു നാം പിന്നീട് നിന്നിലേക്ക സന്ദേശമയക്കുകയും ചെയ്തു.(അന്നഹ്ൽ123) നോക്കു ഇവിടെ ഇബ്രാഹീമിനെ പിൻപറ്റുക എന്നല്ലമറിച്ച് ഇബ്രാഹീമിന്റെ സിദ്ധാന്തംപിൻപറ്റാനാണ് അല്ലാഹു കൽപിച്ചത് എന്ന് നാം ശ്രദ്ധിക്കണം.ഒരുദാഹരണം കൂടി പറ്റി ക്കാം

أُلئِكَ الَّذِينَ هَدَى اللَّهُ فَبِهُدَاهُم اقْتَده ആ കൂട്ടരാണ് അല്ലാഹു സന്മാർഗ്ഗത്തിലാക്കിയവർ .അതിനാൽ അവരുടെ മാർഗ്ഗം തന്നെ നീ പിന്തുടരുക...(അൻആം 90) ഈ പറഞ്ഞതിൽ നിന്നെല്ലാം നമുക്ക് മനസ്സിലായത് പ്രവാചകന്മാരെ പിന്തുടരുകഎന്ന് പറഞ്ഞാൽ അവരുടെ സിദ്ധാന്തത്തെ അഥവാ

മാർഗ്ഗത്തെയാണ് പിന്തുടരേണ്ടത്.

## ശരീഅത്തിൽ നബിക്ക് ഇജ്തിഹാദ് നടത്താൻ പാടുണ്ടോ?

ശരീഅത്തിൽ നബിക്ക് ഇജ്തിഹാദ് നടത്താനോ സ്വയം അദൃശ്യമറിയാനോ കഴിയില്ല. ഒരു ഖുർആൻ വിശ്വാസി,പ്രവാചകന്മാരെല്ലാം മനുഷ്യരിൽ വെച്ച് ഏറ്റവും നല്ല വരായിരുന്നു എന്നും സത്യസന്ധരായിരുന്നു എന്നും തങ്ങളുടെ രിസാലത്ത് എത്തിക്കുക എന്ന ദൗത്യം ശരിക്കും നിർവ്വഹിച്ചവരായിരുന്നു എന്നും വിശ്വസിക്കും.അല്ലെങ്കിൽ അവരെ തിരഞ്ഞെടുക്കുകയില്ലായിരുന്നല്ലോ اللّهُ اعْلَمُ حيثُ يجْعَلُ رِسَالَتَهُ തന്റെ ദൗത്യം എവിടെ യാണ് ആക്കേണ്ടതെന്ന് ഏറ്റവും അറിയുന്നവൻ അല്ലാഹുവാണ്.(അൻആം124)രിസാലത്ത് എത്തിക്കുക എന്നതിൽ പരിമിതമാണ് പ്രവാചകന്മാരുടെ ഉത്തരവാദിത്തം مَا عَلَى الرَّسُول الاّلبَلاغ തങ്ങൾക്കു ലഭിച്ച രിസാലത്ത് കൂട്ടാതെ കുറക്കാതെ അത്എങ്ങിനെയാ ണോ ഉള്ളത് അത് അതുപോലെ എത്തിക്കുക എന്നതാണ് പ്രവാചകന്മാരുടെ ബാധ്യത .പ്രവാചകന്മാർ അവരുടെ ദൗത്യം ജനങ്ങളിലെത്തിച്ചു കഴിഞ്ഞാൽ അരിലെ ആശയങ്ങൾ ഗ്രഹിക്കാൻ വേണ്ടി ചിന്തിക്കുകയും ഗവേഷണം നടത്തുകയും ചെയ്യുക എന്നത് ജനങ്ങളുടെ ഉത്തരവാദിത്തമാണ്.كِتَابٌ أَنْزَلْنَاهُ إِلَيْكَ مُبَارَكٌ لِيَدَّبَّرُوا آياتِهِ وَلِيَتَذَكَّرَ أُولُواالالبَاب "നാം നിന്നിലേക്ക് ഇറക്കിയ ഗ്രന്ഥം അനുഗ്രഹീതമാണ്. അവർ അതിലെ ആയത്തുകളെ ചിന്തിക്കുവാനും അകക്കാമ്പുള്ളവർ അനുസ്മരിക്കുവാനും വേണ്ടിയു ള്ളതാണ്(സ്വാദ് 29)ഇവിടെ ഭാഷാപരമായ ഒരു യോജിപ്പ് كِتَابٌ أَنْزَلْنَاهُ إِلَيْكَ مُبَارَكٌ لِتَتَدَبَّرَ آياته എന്നാണ് പറയുക.അതായത്“ നാം നിനക്ക് അവതരിപ്പിച്ച ഗ്രന്ഥം അനുഗ്ര ഹീതമാണ്. നീ അതിലെ ആയത്തുകൾ ചിന്തിക്കുവാനും .......”എന്നാണ് സാധാരണ രൂപ ത്തിൽ പറയേണ്ടിയിരുന്നത്.എന്നാൽ അല്ലാഹു പറഞ്ഞത് لِيَدَّبَّرُوا (അവർ ചിന്തിക്കാൻ വേണ്ടി) എന്നാണ് യഥാർത്ഥത്തിൽ ഖുർആനിക വചനങ്ങളിൽ നിന്നും നബി സ്വയം ചിന്തിച്ചുണ്ടാക്കി അവർക്ക് പറഞ്ഞു കൊടുക്കാനുണ്ടായിരുന്നുവെങ്കിൽ നീ ചിന്തിക്കുവാൻ വേണ്ടി എന്നല്ലേ അല്ലാഹു പറയുക. മറിച്ച് അല്ലാഹു പറഞ്ഞത് ജനങ്ങൾ ചിന്തിക്കാൻ വേണ്ടി എന്നാണ്.അഹ് ലുൽ ഹദീസുകാർ പറയുന്നതുപോലെയാണെങ്കിൽ നബി ചിന്തിച്ച് അതിന്റെ വിശദീകരണം ജനങ്ങൾക്ക് പറഞ്ഞു കൊടുത്താൽ പിന്നെ ജനങ്ങളോട്എന്തിനാ ണ് ചിന്തിക്കാൻ അല്ലാഹു പറയുന്നത്.ഒരായത്തുകൂടി നോക്കാം. افَلا يَتَدَبَّرونَ الْقُرْآنَ وَلوكانَ مِنْ عِنْدِ غَيْرِاللّهِ لَوَجدُوا فِيه اختلافًا كَثِيرًا “ അപ്പോൾ അവർ ഈഖുർആൻ പര്യാലോചിക്കുന്നില്ലേ ?അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നായിരുന്നുവെങ്കിൽ തീർച്ചയായും അവർ അതിൽ പെരുത്ത് ഭിന്നത കണ്ടെത്തുമായിരുന്നു. (അന്നിസാഅ 82)

ഒരായത്തുകൂടിافَلا يَتَدَبَّرونَ الْقُرْآنَ امْ عَلى قُلُوبٍ أَقْفَالِهَا"അപ്പോൾ അവർ ഈ ഖുർ ആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ?അതല്ല ചില ഹൃദയങ്ങളിൽ അവയുടെ പൂട്ടുകളുണ്ടോ?(മുഹമ്മദ് 24)اَفَلَمْ يدَّبَّرُوا الْقَوْلَ "അപ്പോൾ അവർ ആവാക്ക് ചിന്തിക്കുന്നില്ലേ?(മുഅ്മി നൂൻ68)

ഖുർആനിനെപ്പറ്റി അല്ലാഹു بَصَائِرٌ (കണ്ടറിയാനുള്ള തെളിവുകൾ)എന്നുവിശേഷിപ്പിച്ചു, ഒന്നുകൂടി വിശദമായി പറഞ്ഞാൽ ജനങ്ങൾക്ക് കാണാനും ചിന്തിക്കാനും മനസ്സിലാക്കാനും പറ്റുന്ന രൂപത്തിലുള്ള തെളിവുകൾ എന്ന അർത്ഥത്തിലാണ് ഖുർആനിനെ അല്ലാഹു വിശേഷിപ്പിച്ചത്. ആ بَصَائِرٌ എത്തിക്കുക എന്നതു മാത്രമാണ് ദൂതന്റെ ബാധ്യത എന്നും അല്ലാഹു വ്യക്തമാക്കുന്നു.قدْ جَاءَكُم بَصَائِرٌ مِّنْ رَّبِّكُم فَمَنْ أَبْصَرَ فَلِنَفْسِهِ وَمنْ عَمِيَ فَعَلَيْهَا ومَا أنَا عَلَيْكُم بِحَفِيظ "നിങ്ങളുടെ രക്ഷിതാവിൽ നിന്നുള്ള കണ്ടറിയാനുള്ള പല തെളിവുകളും നിങ്ങൾക്ക് വന്നു കഴിഞ്ഞു. ഇനി ഒരാൾ അറിഞ്ഞാൽ അതിന്റെ നന്മ അയാൾക്കു തന്നെയാണ്. ഒരാൾ അന്ധനായാലോ അതിന്റെ ദൂഷ്യവും അയാൾക്കാണ്. ഞാനാണെങ്കിൽ നിങ്ങളുടെ മേൽനോട്ടക്കാരനല്ല. (അൻആം104)ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരായത്തുകൂടി നമുക്ക് പരിശോധിക്കാം قُلْ إنَّمَا اتَّبِعُ ما يُوحَى إلَيَّ مِن رَّبِّي هَذابَصَائِرٌ مِّن رَّبِّكُم وَهُدًى وَرَحْمَةً لِقَوْمٍ يُّؤْمِنُون فَإذا قُرِئَ القُرْآنُ فَاسْتَمِعُوا لَهُ وانْصِتُوا لَعَلَّكُم تُرْحَمُونَ .....നീപറയുക ഞാൻ പിമ്പറ്റുന്നത് എന്റെ നാഥനിൽനിന്ന് അറിയിക്കപ്പെടുന്നത് മാത്രമാണ്. എന്നാൽ ഇത് നിങ്ങളുടെ നാഥനിൽ നിന്നുള്ള പല തെളിവുകളും മാർഗ്ഗനിർദ്ദേശവും വിശ്വസിക്കുന്ന ജന തക്കുള്ള കാരുണ്യവുമാണ്.ഈ

ഖുർആൻ വായിക്കപ്പെട്ടാൽ നിങ്ങൾ അതിലേക്ക് ശ്രദ്ധിക്കു കയും നിശ്ശബ്ദരാവുകയും ചെയ്യുവീൻ നിങ്ങൾ അനുഗ്രഹിക്കപ്പെട്ടേക്കാം(അഅറാഫ് 203-204)

നബി മനുഷ്യരിൽ വെച്ച് ഏറ്റവും നന്നായി ഗവേഷണം നടത്താൻ കഴിയുന്ന ബുദ്ധി യുള്ള ആളാണെന്നതിൽ സംശയമില്ല.മതപരമായ പ്രശ്നങ്ങളിൽ തന്നോട് വിധി അന്വേഷി ക്കുന്നവരോടും ചോദിക്കുന്നവരോടും മറുപടി പറയാൻ അദ്ദേഹം വെമ്പൽ കൊണ്ട് കാത്തി രിക്കുകയായിരുന്നു. പക്ഷെ നബിയോട് എന്തെങ്കിലും ചോദിച്ചാൽ അദ്ദേഹം അതിനുള്ള മറുപടി നൽകാൻ വഹ് യ് വരുന്നതും കാത്തിരിക്കുകയായിരുന്നു എന്ന സത്യം നാം മന സ്സിലാക്കണം.

അവർ നിന്നോട് ഇന്നത് ചോദിക്കുന്നു(يَسْأَلُونَكَ كَذَا) അതിനു നീ ഇങ്ങിനെ മറുപടി പറയുക(قُلْ كَذَا)എന്നു പറഞ്ഞു കൊണ്ട് നബിയെക്കൊണ്ട് അല്ലാഹു മറുപടി പറയിക്കു ക യായിരുന്നു.ഖുർആനിൽ يَسْتَفْتُونَكَ , يَسْأَلُونَكَഎന്നീ പദങ്ങളുടെ കൂടെ قُلْ എന്ന പദവും ചേർത്തു പറയുന്നതായി നമുക്ക് കാണാൻ കഴിയും. ഇതിൽ നിന്നു തന്നെ നമുക്ക് മനസ്സി ലാക്കാമല്ലോ റസൂലിന് ഇത് എത്തിക്കലല്ലാതെ വേറെ ബാധ്യതയില്ല എന്ന്.ചില ഉദാഹരണങ്ങൾനോക്കാം.يَسْتَفْتُونَكَ فِي النِّسَاء قُلِ اللّهُ يُفْتِيكُم ഈ ആയത്തിൽ അവർ നിന്നോട് സ്ത്രീകളുടെ കാര്യത്തിൽ വിധി തേടുന്നു എന്നു പറഞ്ഞപ്പോൾ അല്ലാഹു നിങ്ങൾക്ക് വിധി നൽകുന്നു എന്നു നീ പറയൂ എന്നാണ് അല്ലാഹു നബിയോട്കൽപി ച്ചത്. അല്ലാതെقُلْ اِنِّي أفْتِيكُم ഞാൻ നിങ്ങൾക്ക് മതവിധി നൽകാം എന്നു പറയൂ എന്ന് അല്ലാഹു കൽപിച്ചില്ല.അഹ് ലുൽ ഹദീസുകാർ പറയുന്നതു പോലെ നബിക്ക് യഥേഷ്ടം ഹദീസുകൾ പറയാൻ കഴിയുമെങ്കിൽ നബിക്ക്സ്വയം പറഞ്ഞാൽ പോരേ?അല്ലെങ്കിൽ ഞാൻ പറഞ്ഞു തരാം എന്നു പറഞ്ഞാൽ പോരേ?.എന്തിനു അല്ലാഹുവിന്റെ വഹ് യ് കാത്തിരിക്കണം.ഇനി അനന്തിരാവകാശത്തിന്റെ കാര്യത്തിൽ വിധി ചോദിച്ചപ്പോഴും അല്ലാഹു വിധി നൽകുന്നുഎന്ന് പറയാനാണ് അല്ലാഹു കൽപിച്ചത്.يَسْتَفْتُونَكَ قُلِ اللّهُ يُفْتِيكُم فِي الكَلالَةِ ഇവിടെയും اِنِّي أفْتِيكُمഎന്ന് നബി പറഞ്ഞില്ല.അല്ലാഹു കൽപിച്ചതുമില്ല.

ശരീഅത്തിൽ പുതുതായി ഉണ്ടാകുന്ന വിഷയങ്ങളിലും അവർ നബിയോട് മതവിധി ചോദിച്ചു.അപ്പോഴും നബിവഹ് യിനു കാത്തിരിക്കുകയാണ് ചെയ്തത്.ഉദാഹരണത്തിന് ...................... يَسْأَلُونَكَ عَنِ الأنْفَالِ قُل "പാരിതോഷികങ്ങളെക്കുറിച്ച് അവർനിന്നോ ട് ചോദിക്കുന്നു.നീ പറയുക..................(അൻഫാൽ1) ഖുർആൻ മുമ്പ് പറഞ്ഞ വിഷയ ങ്ങളിൽ വ്യക്തത വരാൻ വേണ്ടി അവർ നബിയോട് ചോദിച്ചിരുന്നു. എന്നാൽ സമാനമായ ആയത്തുകളിൽ നിന്നും ഗവേഷണം നടത്തി ഒരു മറുപടി സ്വയംകണ്ടെത്തി പറഞ്ഞില്ല .ഉദാഹരണത്തിന്.
قُلْ انَّمَاحَرَّمَ رَبِّي الفَوَاحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ والاثْمَ والبَغْيَ بِغَيْرِ الحَقّ "നീ പറയുക എന്റെ നാഥൻ നിഷിദ്ധമാക്കിയിട്ടുള്ളത് നീചകൃത്യങ്ങൾ ---അതിൽ നിന്ന് പ്രത്യക്ഷമായതും പരോക്ഷമായതും---- പാപവും അന്യായമായ അതിക്രമങ്ങളും.............(അഅറാഫ്3) ഈ ആയത്ത് അവതരിപ്പിച്ചത് മക്കയിലാണെന്നാണല്ലോ പറയുന്നത് .എന്നാൽ ഈആയത്ത് അവതരിച്ച് വർഷങ്ങൾക്കു ശേഷം കള്ളിന്റെ വിധിയെക്കുറിച്ച് അവർ നബിയോട് ചോദിച്ചു.എന്നാൽ നബി മുകളിൽ പറഞ്ഞ ആയത്തിൽ നിന്നും തുലനം ചെയ്തോ,ഗവേഷണം നടത്തിയോ വിധി പറയാനോ ,കള്ളിനെക്കുറിച്ച്തന്റെ അറിവ് പറയാനോ നബി തയ്യാറായില്ല.മറിച്ച് അല്ലാഹു വിൽ നിന്നുള്ള അതിന്റെ മറുപടി കാത്തിരിക്കുകയാണ് നബി ചെയ്തത്.يَسْأَلُونَكَ عَنِ الْخَمْرِ وَالْمَيْسرِ قُلْ فِيهِمَا إِثْمٌ كَبِيرٌ وَمَنَافِعُ للنَّاسِ وَإِثْمُهُمَا أَكْبَرُ مِن نَّفْعِهِمَا.....(البقرة
കള്ളിനെപ്പറ്റിയും ചൂതാട്ടത്തെപ്പറ്റിയും നിന്നോട് അവർ ചോദിക്കുന്നു. നീ പറയുക അവ രണ്ടിലും വലിയ പാപവും മനുഷ്യർക്ക് ചില പ്രയോജനങ്ങളുമുണ്ട്........(അൽബഖറ 219) കള്ളിൽ പാപം ഉണ്ടെന്നറിഞ്ഞിട്ടും നബി ആ ആയത്തുകൊണ്ട് മറുപടി പറയാതെ അല്ലാ ഹു വിന്റെ വഹ് യിനു കാത്തു നിൽക്കുകയാണ് ചെയ്തത്.

അതുപോലെ ഖുർആനിൽ ആവർത്തിച്ചു വന്ന വിഷയങ്ങളിലും അവർ നബിയോട് ചോദിക്കാറുണ്ടായിരുന്നു.ഒരുപാട് ആവർത്തിച്ചു വന്ന ഏതെങ്കിലും ആയത്തുകളിൽ നിന്ന് ചിന്തിച്ച് ഗവേഷണം നടത്തി നബി മറുപടി പറയാൻ നിൽക്കാതെ അപ്പോഴും വഹ് യിനു കാത്തുനിൽക്കുകയാണ്

ചെയ്തത്.ഉദാഹരണത്തിന് അനാഥകളുടെ കാര്യത്തിൽ എത്രയോ വചനങ്ങൾ അവതരിപ്പിച്ചിട്ടും അനാഥകളെക്കുറിച്ചുള്ള അവരുടെ ചോദ്യങ്ങൾക്ക് അല്ലാഹു വിന്റെ വഹ് യിലൂടെമറപടി പറയാൻ കാത്തുനിൽക്കുകയാണ് നബി ചെയ്തത്,9 (الضحى فَامَّاالْيَتِيمَ فَلا تَقْهَرْ
2-1 الماعون) أرَأيْتَ الَّذِي يُكَذِّبُ بِالدِّين فَذالِكَ الَّذِي يدعُّ الْيَتِيم
15 البلد) كَلاّ بَلْ تُكْرِمُون اليتِيم ( الفجر 17 ) ,او اطْعَام في يَوْمٍ ذي مسْغَبَة يتِيمًا ذَا مقْرَبَة (
ഇങ്ങിനെ (6 ൽ152) (17 ൽ34) (76 ൽ8) (2 ൽ177)ധാരാളം വചനങ്ങളിൽ അനാഥ സംരക്ഷണത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട് എന്നിട്ടും അനാഥകളെക്കുറിച്ച് അവർ ചോദിച്ചു.
220 البقرة) يَسْئَلُونَكَ عَنِ اليَتَامَى قُلْ إصْلاح لهُمْ خَيْرٌوَانْ تُخَالِطُوهُم وَاخْوَانُكُم
"അനാഥകളെക്കുറിച്ചും അവർ നിന്നോട് ചോദിക്കുന്നു. നീ പറയുക അവർക്ക് നന്മ ചെയ്യുക എന്നതാണ് ഏറ്റവും ഉത്തമം ഇനി നിങ്ങൾ അവരുമായി കൂടിക്കലരുകയാണെങ്കിൽ അവർ നിങ്ങളുടെ സഹോദരന്മാരാണ്"(2-220)

അനാഥകളെ സംരക്ഷിക്കുക എന്ന മുൻ ആശയത്തെ ശക്തിപ്പെടുത്തുകയാണ് ഈ വചനം. ഇനി സ്ത്രീകളിലെ അനാഥകളെ കുറിച്ച് ചോദിച്ചപ്പോൾ എത്രയോ അനാഥകളെ സംരക്ഷക്കുന്നതിനെക്കുറിച്ചുള്ള വചനങ്ങൾ ഉണ്ടായിട്ടും അവയിൽ നിന്നും ഒരു വചനമെടുത്ത് മറുപടി പറയാൻ നിൽക്കാതെ അല്ലാഹു ആ വിഷയ വുമായി ബന്ധപ്പെട്ട് വഹ് യ് ഇറക്കിയപ്പോൾ ആമറുപടിയാണ് ദൂതൻ പറഞ്ഞത്.وَيَسْتَفْتُونَكَ فِي النِّسَاء قُلِ اللَّهُ يُفْتِيكُم فِيهِنَّ وَمَا يُتْلَى عَلَيْكُم فِي الكِتَابِ مِنْ يَتَامَى النِّسَاء اللاَّتِي....................(النِّساء 127

വിശുദ്ധ ഖുർആൻ ആവർത്തിച്ചു പറഞ്ഞ ഒരു കാര്യമാണ് നബിക്ക് അദൃശ്യ കാര്യ മോ, അന്ത്യനാളിന്റെ സമയമോ അറിയില്ല എന്നതും,അദ്ദേഹത്തിനും ജനങ്ങൾക്കും ആ ദിനത്തിൽ എന്താണ് സംഭവിക്കുക എന്നതും. അല്ലാഹു
പറയുന്നു. 50 الانعام)....قُلْ لاأقُولُ لَكُم عِنْدي خَزَائنُ اللّه ولا أعلَمُ الغَيْبَ "നീ പറ യുക എന്റെ പക്കൽ അല്ലാഹുവിന്റെ ഖജനാവുകൾ ഉണ്ടെന്നു ഞാൻ പറയുന്നില്ല.ഞാൻ അദൃശ്യം അറിയുന്നുമില്ല,..........(അൻആം50)
قُلْ إنْ أدرِي أقَرِيبٌ ما تُوعَدُونَ امْ يَجْعَلُ ربِّي امدًا عَالِمُ الغَيْبِ فَلا يُظْهِرُ عَلَى غَيْبِهِ احدًا الاّ مَن] ارْتَضَى من رسُولٍ ........(الجن 25-27
109 الانبياء) وَانْ ادرِي أقَرِيبٌ امْ بَعيدٌ ما تُوعَدُون നിങ്ങളോട് താക്കീതു നൽകപ്പെടു ന്നത് സമീപസ്ഥമോ,അതോവിദൂരസ്ഥമോ എന്നെനിക്കറിയില്ല.(അമ്പിയാഅ 109)
قُلْ ما كُنْتُ بِدعًا مِنَالرُّسُل وَمَا ادْري ما يفْعَلُ بي ولابِكُم നീ പറയുക ഞാൻ ദൈവദൂ തന്മാരിൽ നൂതനൊന്നുമായിട്ടില്ലഎന്നെക്കൊണ്ടോ,നിങ്ങളെക്കൊണ്ടോ എന്താണ് ചെയ്യുക എന്ന് എനിക്ക് അറിയുകയുമില്ല.(അഹ്ഖാഫ്9)

അല്ലാഹുവിനാണ് അന്ത്യദിനത്തെക്കുറിച്ചുള്ള അറിവ് എന്ന് ഉറപ്പിച്ചു പറയുന്ന ധാരാളം ആയത്തുകളുണ്ട്.
34 لقمان) .............................. انَّ اللّه عِنْده عِلْم السّاعة وَيُنَزِّلُ العَيْثَ)
"....................ആ നിമിഷത്തിന്റെ അറിവ് അല്ലാഹുവിന്റെ പക്കലാണ്..........(ലുഖ്മാൻ34)
فصلت)............إلَيْهِ يُرَدُّ عِلْمُ السَّاعة
85 الزخْرُف) وعِنْدَهُ عِلْم السَّاعَة وإلَيْهِ تُرْجَعُون

മുകളിൽ പറഞ്ഞ ആയത്തുകളിലൊക്കെത്തന്നെയും നബിക്ക് അന്ത്യ ദിനത്തി ന്റെയോ അദൃശ്യ കാര്യങ്ങളുടെയോ അറിവ് ഇല്ല എന്നും അത് അല്ലാഹുവിനുമാത്രമെയുള്ളൂ എന്നും വ്യക്തമാക്കു ന്നു.ഇങ്ങിനെ ഓരോ പ്രാവശ്യം അവർ ചോദിക്കുമ്പോഴും നബി അല്ലാ ഹുവിന്റെ വചനങ്ങൾ കൊണ്ടാ ണ് അതിനുള്ള മറുപടി പറഞ്ഞിരുന്നത്.മാത്രമല്ല നബിക്ക് അറിയാം ഖുർആനിൽ വൈരുദ്ധ്യം ഉണ്ടാവി ല്ലഎന്ന്.അതുകൊണ്ട് ഇത്രയെല്ലാം വചനങ്ങ ളുള്ള സ്ഥിതിക്കും,വൈരുദ്ധ്യം വരില്ല എന്നറിവ് ഉള്ളതു കൊണ്ടും വേണമെങ്കിൽ അവരുടെ ചോദ്യങ്ങൾക്ക് നബിക്ക്സ്വന്തമായി ഉത്തരം പറയാമായിരുന്നു .പക്ഷെ നബി അത് ചെയ്തി ല്ല.മറിച്ച് അല്ലാഹുവിന്റെ വചനങ്ങൾ കൊണ്ട് മറുപടിപറയുകയാണ്

ചെയ്തത്.يَسْأَلُونَكَ عَنِ السَّاعَةِ ايَّانَ مُرْسَاهَا قُلْ علْمُهَا عِنْدَ رَبِّي لا يُجَلِّيهَا لِوقْتِهَا الاّ هُوَ ثَقُلَتْ فِي السَّمَاوَات وَالَأرْضِ لاتَأتِيكُم الاّ بَغْتَةً يَسْأَلُونَكَ كَاَنَّكَ حَفِيٌّ عَنْهَا قُلْ إنَّمَا عِلْمُهَا عِنْد اللّه وَلكنَّ اكثر النَّاس لايَعْلَمُون"അവർ നിന്നോട് ആ നിമിഷത്തെപ്പറ്റി അതിന്റെ സ്ഥിരീകരണമെന്നായിരിക്കുമെന്ന് ചോദിക്കുന്നു. നീ പറയുക, അതിന്റെ അറിവ് എന്റെ രക്ഷിതാവിങ്കൽ മാത്രമുള്ളതാണ്. അവനല്ലാതെ അതിന്റെ സമയത്ത് അത് വെളിപ്പെടുത്തു ന്നതല്ല.ആകാശങ്ങളിലും ഭൂമിയിലും അത് ഭാരിച്ചിരിക്കുന്നു.അത് പെട്ടെന്നല്ലാതെ നിങ്ങളുടെ അടുത്തെത്തുകയുമില്ല.നീ അതിനെപ്പറ്റി അവഗാഹനാണെന്ന മട്ടിലാണ് അവർ നിന്നോട് ചോദിക്കുന്നത്. നീ പറയുക അതിന്റെ അറിവ് അല്ലാഹുവിങ്കൽ മാത്രമുള്ളതാണ്.പക്ഷെ അധിക മനുഷ്യരും അറിയുന്നില്ല.(അഅ്റാഫ് 187-188) ഈ വിശദീകരണം തന്നെ അവർക്ക് മതിയാവുന്നതുക്കുമുണ്ട്. എന്നിട്ടു പിന്നെയും അവർ السَّاعَة നെക്കുറിച്ച് ചോദിച്ചു. അപ്പോഴുംനബി അല്ലാഹുവിന്റെ വചനം മുഖേന മറുപടി പറയുകയാണ് ചെയ്തത്. يَسْأَلُونَكَ عَنِ السَّاعَةِ أَيَّانَ مُرْسَاهَا فِيمَ انْتَ مِنْ ذِكْراهَا إلَى رَبِّكَ مُنْتَهَاهَا إنَّمَا أنْتَ مُنْذِرُ مَن يَخْشَهَا (النَّازِعَات 42-45) ആ സമയത്തെപ്പറ്റി നിന്നോട് അവർ ചോദിക്കുന്നു.അതിനെ പ്പറ്റി പറയാൻ നീ എന്തിലാണ്? നീ അത് ഭയപ്പെടുന്നവർക്ക് താക്കീതു നൽകുന്നവൻ മാത്രമാണ്.(അന്നിസാആത്ത് 42-45)ഈ ആയത്തിൽ നിഷേധാത്മക രൂപത്തിലാണ് അല്ലാഹു നബിയോട് ചോദിക്കുന്നത്.അതിനെപ്പറ്റി പറയാൻ നീ എന്ത് അറിവിലാണ്. നീ ആ സമയത്തെ ഭയപ്പെടുന്നവർക്ക് താക്കീതു നൽകുന്നവർ മാത്രമാണ്.എന്ന ബാധ്യതയിൽ പരിമിതപ്പെടുത്തുകയും ചെയ്തു. إنَّمَا انْتَ مُنْذِرُ مَنْ يَخْشَهَا .അതിനെക്കുറിച്ചുള്ള അറിവ് അല്ലാഹുവിലേക്ക് പരിമിതപ്പെടുത്തുകയും ചെയ് തു. إلَى رَبِّكَ مُنْتَهَاها

മുകളിൽ പറഞ്ഞ വചനങ്ങളെല്ലാം ഉണ്ടായിട്ടും വീണ്ടും അവർ السَّاعة നെക്കുറി ച്ച് ചോദിച്ചപ്പോൾ ഈ ആയത്തുകളിൽ നിന്ന് ചിന്തിച്ച് എന്തെങ്കിലുമൊരു അഭിപ്രായം പറയാൻ നിൽക്കാതെ അല്ലാഹുവിന്റെ വചനം പറഞ്ഞു കൊടുക്കുകയാണ് നബി ചെയ്തത് .നോക്കൂ.يَسْأَلُونَكَ عَنِ السَّاعَةِ قُلْ انَّمَا عِلْمُهَا عِنْدَ رَبِّي وَمَا يُدْرِيكَ لَعَلَّ السَّاعَة قَرِيبًا "ഈ ജനം നിന്നോട് ആ നിമിഷത്തെക്കുറിച്ച് ചോദിക്കുന്നു.നീ പറയുക അന്ത്യനിമിഷം അടുത്തുണ്ടായേക്കുമെന്ന് അവൻനിന്നെ അറിയിക്കാത്ത സ്ഥിതിക്കു അതിന്റെഅറിവ് അല്ലാഹുവിങ്കൽ മാത്രമാകുന്നു.(അഹ്സാബ്63)

അപ്പോൾ السَّاعَة ന്റെ വിഷയത്തിൽ എത്രയോ ആയത്തുകൾ അല്ലാഹു അവതരി പ്പിച്ചു.ഓരോ പ്രാവശ്യവും അവർചോദിക്കുമ്പോൾ അല്ലാഹുവിന്റെ വചനങ്ങൾ മുഖേനയാണ് പ്രവാചകൻ അവർക്ക് മറുപടി നൽകുന്നത്.നബിക്ക് സ്വയംഇജ്തിഹാദിന് അവകാശമു ണ്ടാ യിരിന്നുവെങ്കിൽ ഇതിന്റെയൊന്നും ആവശ്യമുണ്ടായിരുന്നില്ലല്ലോ?നബിക്ക് സ്വയം മറുപടി പറഞ്ഞാൽ പോരേ? പക്ഷെ ഇവിടെ അവർ ചോദിക്കുന്നു. അല്ലാഹു മറുപടി പറയാൻ പറയുന്നു.വീണ്ടും ചോദ്യം ആവർത്തിക്കുന്നു. വീണ്ടും നബിയോട് മറുപടി പറയാൻ പറയുന്നു .ഇങ്ങിനെ എത്രയോ പ്രാവശ്യം.

ഇങ്ങിനെയൊക്കെ അന്ത്യസമയത്തിന്റെ കാര്യത്തെ സംബന്ധിച്ചും അവിടെയുണ്ടാ കുന്ന സംഭവങ്ങളെക്കുറിച്ചും എനിക്കറിയില്ല.അതിനെക്കുറിച്ച് അല്ലാഹുവിനെ അറിയൂ,എന്ന് ആവർത്തിച്ചാവർത്തിച്ച് നബിയെക്കൊണ്ട് പറയിപ്പിച്ചിട്ടും നബിയിലേക്ക് ദശക്കണക്കിന് ഹദീസുകൾ ചേർത്തു പറഞ്ഞിട്ടുണ്ട്.ഇത്തരം ഹദീസുകൾ കൊണ്ട് ഹദീസു ഗ്രന്ഥങ്ങൾ നിറച്ചിരിക്കുകയാണ്.അന്ത്യ നിമിഷത്തിന്റെ അടയാളങ്ങളും അവിടെയുണ്ടാകുന്ന സംഭവങ്ങളും ഇത്തരം ഹദീസുകളിൽ ചർച്ച ചെയ്യുന്നു.ഇത്തരം ഹദീസുകൾ നമ്മുടെ മുമ്പിൽ നിർമ്മിക്കപ്പെട്ടിട്ടുള്ളത് ഒരു പരീക്ഷണത്തിനു വേണ്ടിയാണ്.നാം ഖുർആൻ ശരിവെക്കു കയും ഇത്തരം ഹദീസുകൾ കളവാക്കുകയുമാണോ? അതല്ല ഇത്തരം ഹദീസുകൾ ശരിവെ ക്കുകയും ഖുർആൻ കളവാക്കുകയുമാണോ? എന്ന പരീക്ഷണത്തിന്.എന്നാൽ രണ്ടിന്റെയും ഇടയിലുള്ള ഒരു മാർഗ്ഗം സ്വീകരിക്കുക എന്നത് ഒരു വിശ്വാസിയെ സംബന്ധിച്ച് സാധ്യമ ല്ല.

ഖുർആനിനപ്പുറത്തു നിന്നുകൊണ്ടു തന്നെ നബിക്ക് അറിയാം എന്നുറപ്പുള്ള കാര്യങ്ങളെ സംബന്ധിച്ചുംഅവർ നബിയോട് ചോദിച്ചിരുന്നു.എന്നിട്ടും നബി തന്റെ അറിവ് വെച്ച് അവയ്ക്ക് മറുപടി പറയാൻ നിന്നില്ല. ഉദാഹരണത്തിന് അറേബ്യയിൽ ചന്ദ്രനെയാണ് മുമ്പു മുതൽക്കേ മാസങ്ങളും

ദിവസങ്ങളും കണക്കാക്കാൻ ഉപയോഗിച്ചിരുന്നത്. ഇത് അറേ ബ്യയിൽ പ്രസിദ്ധമായ ഒരു കാര്യമാണ്.അവിടെ ജനിച്ചു വളർന്ന നബിക്കും അതിനെക്കുറി ച്ച് അറിയാമല്ലോ? എന്നിട്ടും അവർ ചന്ദ്രക്കലകളെക്കുറച്ച് നബിയോട് ചോദിച്ചപ്പോൾ പ്രവാചകൻ അല്ലാഹുവിന്റെ വചനംകൊണ്ടാണ് മറുപടി പറഞ്ഞത്.189 البقرة)..........يَسْئَلُونَكَ عَنِ الأهِلَّة قُلْ هِيَ مَوَاقِيتُ لِلنَّاسِ وَالحَجِّ

അതുപോലെ അത്യുന്നതമായ സംസ്കാരവും വൃത്തിയും ശുദ്ധിയുമുള്ള നബിക്ക് തന്നെ അറിയാവുന്ന ഒരുകാര്യമാണ് ആർത്തവ വേളകളിൽ സ്ത്രീകളുമായി ബന്ധപ്പെടാൻ പാടില്ല എന്നത്.എന്നിട്ടും ആ കാര്യത്തെക്കുറിച്ചുള്ള ചോദ്യത്തിനുള്ള ഉത്തരമായി പ്രവാച കൻ അല്ലാഹുവിന്റെ വചനങ്ങൾ മുഖേനയാണ് മറുപടി പറഞ്ഞത്.

وَيَسْئَلُونَكَ عَنِ المَحِيضِ قُلْ هُوَ أذًى فَاعْتَزِلُوا النِّسَاء فِي الْمَحِيضِ فلاتَقْرَبُوهُنَّ حَتَّى يَطْهُرْنَ ........ البقرة)222

"ആർത്തവത്തെപ്പറ്റിയും അവർ നിന്നോട് ചോദിക്കുന്നു.നീ പറയുക.അത് ഒരുതരം പീഡ യാണ്. അതിനാൽ ആർത്തവകാലത്ത് നിങ്ങൾ സ്ത്രീകളെ വർജ്ജിക്കുകയും ശുദ്ധരാകും വരെ നിങ്ങൾ അവർ സമീപിക്കാതിരിക്കുകയും ചെയ്യുവീൻ"

ചുരുക്കത്തിൽ പ്രവാചകൻ സ്വയം ചിന്തിച്ച് മതത്തിൽ അഭിപ്രായം പറയില്ല. അല്ലാ ഹു നൽകുന്ന വഹ് യ് സംസാരിക്കുകയും പിൻപറ്റുകയും ചെയ്യുക എന്നതാണ് അദ്ദേഹത്തി ന്റെ ബാധ്യത.വിശദീകരിക്കലും ഇജ്തിഹാദ് നടത്തലും ദൂതന്റെ അവകാശത്തിൽ പെട്ട താണെങ്കിൽ മതത്തിൽ രണ്ടു പ്രമാണങ്ങളുണ്ടാകുമായിരുന്നു.അങ്ങിനെ ഒന്നുണ്ടായിട്ടില്ല. കാരണം പ്രവാചക ദൗത്യം ദൂത് എത്തിക്കൽ മാത്രമാണ്.ഇജ്തിഹാദ് നടത്തൽ പ്രവാചക ദൗത്യമല്ല.

തന്നെ ഏല്പിച്ച ദൂത് ജനങ്ങളിലെത്തിച്ച് അദ്ദേഹം മരണപ്പെട്ടതോടുകൂടി അദ്ദേഹ ത്തിന്റെ ഘട്ടം കഴിഞ്ഞു.നബി ഗവേഷണം നടത്തുകയും തന്റെഅഭിപ്രായ പ്രകാരം മത ത്തിൽ സംസാരിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഖുർആനിന്റെ കൂടെ വേറൊരു പ്രമാണംകൂടി ഉണ്ടാകുമായിരുന്നു. നബി അങ്ങിനെ ചെയ്തിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ ഗവേഷണ ത്തി നും വിശദീകരണത്തിനും ശേഷം സ്വഹാബത്തിനോ,താബിഉകൾക്കോ ഗവേഷണം നട ത്തുകയോ,വിശദീകരിക്കുകയോ ചെയ്യേണ്ട ആവശ്യമുണ്ടാകുമായിരുന്നില്ല.എന്നാൽ സ്വഹാ ബികളും താബിഉകളും മഹാന്മാരായ പണ്ഡിതന്മാരും ഗവേഷണം നടത്തുകയും ഖുർആനി നെ വ്യാഖ്യാനിക്കുകയും മതവിധികൾ നൽകുകയുംചെയ്തു. പിൽകാലഘട്ടക്കാർ അവയ്ക്ക് പരിശുദ്ധിയും പ്രചാരണവും കിട്ടാൻവേണ്ടി അവയെ നബിയിലേക്ക് ചേർത്തുപറഞ്ഞു.അവ ഖുർആനിനു വിരുദ്ധമാകുമോ എന്നൊന്നും അവർ ചിന്തിച്ചില്ല.അങ്ങിനെയാണ് ഖുർആനി നു പുറമെ ധാരാളം പ്രമാണങ്ങൾ ഉണ്ടായയത്.

പ്രവാചകന് ശരീഅത്തിൽ ഇജ്തിഹാദ് നടത്താൻ അവകാശമില്ല എന്ന് സൂചിപ്പി ച്ചുവല്ലോ? എന്നാൽ അല്ലാഹുവിനെ അനുസരിക്കുന്നതിലും അവന്റെ കൽപനകൾ നടപ്പാക്കു ന്നതിലും മതവിധികൾ നടപ്പാക്കുന്നതിലും അദ്ദേഹത്തിന് ഇജ്തിഹാദ് നടത്താൻ അല്ലാഹു അനുവാദം നൽകിയിട്ടുണ്ട്. അത്തരം കല്പനകളിൽ വിശ്വാസികളോട് കൂടിയാലോചിക്കാനും അല്ലാഹു കൽപിച്ചിട്ടുണ്ട്.അങ്ങിനെ അദ്ദേഹം ഗവേഷണം നടത്തിയ കാര്യങ്ങൾ പിൽകാ ലഘട്ടത്ത് ബാധകമാകണമെന്നില്ല.ഉദാഹരണത്തിന് الانفال) وَأَعِدُّوا لَهُم مَااسْتَطَعْتُم مِنْ قُوَّةٍ وَرِبَاطِ الخَيْلِ 60)..................കഴിയുന്നത്ര ശക്തിയും കുതിരക്കോപ്പും അവർ ക്കായി നിങ്ങൾ ഒരുക്കുകയും ചെയ്യുവീൻ............(അൻഫാൽ60)ഈ ആയത്തിൽ പറഞ്ഞ കൽപന നടപ്പിലാക്കാൻ അദ്ദേഹത്തിന്റെ കാലഘട്ടത്തിനനുസരിച്ച് സൈനിക ഒരുക്കവും ആയുധസജ്ജീകരണവും ഒരുക്കാൻ നബിക്ക് ഗവേഷണം നടത്തുകയും സ്വഹാബികളു മായി കൂടിയാലോചിക്കുകയും ചെയ്യുമല്ലോ? എന്നാൽ ഇക്കാലത്ത് അന്നദ്ദേഹം ഒരുക്കിയ സജ്ജീകരണങ്ങളും സന്നാഹങ്ങളും മതിയാകില്ലല്ലോ? ഇതുപോലെ ബാക്കി കാര്യങ്ങളും നമുക്ക് ചിന്തിക്കാം.ചുരുക്കത്തിൽ മതവിധികൾ സ്വയം നബിക്ക് ഇജ്ദിഹാദ് നടത്താൻ അവകാശമില്ല. പക്ഷെ അവ നടപ്പിലാക്കാൻ വേണ്ട സൗകര്യങ്ങളൊരുക്കാൻ അദ്ദേഹ ത്തി ന് ഗവേഷണം നടത്താം.

നമുക്ക് ഖുർആനിക ആശയങ്ങൾ ഗ്രഹിക്കാൻ ഇജ്തിഹാദ് നടത്തൽ നിർബന്ധമാ ണ്. എന്നാൽ ഖുർആൻ ഇതിനുപയോഗിച്ച പദം ഇജ്തിഹാദ് എന്നല്ല. മറിച്ച് تَدَبُّر ചിന്തിക്കുക എന്ന പദമാണ്.

ഒന്നുകൂടി വിശദമാക്കിയാൽഖുർആനിക ആശയം ഗ്രഹിക്കാൻ അതിലെ വചനങ്ങളുടെ പിറകെ ചിന്തിച്ചുകൊണ്ട് പോവുക .നമ്മുടെ ദേഹേച്ഛയെ പിന്തുട രാതെ സന്മാർഗ്ഗവും വൈജ്ഞാനികമായ മാർഗ്ഗവും തേടിക്കൊണ്ട് നാം ഖുർആനിനെ സമീ പിച്ചാൽ നാം വിജയിക്കും.അങ്ങിനെ നാംചിന്തിക്കുമ്പോൾ ഒരുപക്ഷെ നമുക്ക് പിഴവ് സംഭ വിക്കാം പക്ഷെ അല്ലാഹു അവന്റെ ദീനിനെ തെറ്റുകൾ സംഭവിക്കുന്നതിൽനിന്നും മനുഷ്യ രു ടെ ഇച്ഛകളിൽനിന്നും സംരക്ഷിക്കുന്നതാണ്എന്ന ഉറപ്പ് എല്ലാഹു നമുക്ക് നൽകിയിട്ടുണ്ട്.

വിശുദ്ധഖുർആനിൽ കളവ് ഉണ്ടാക്കാൻ സാധിക്കാതെ വന്നപ്പോൾ അവർ ഖുർ ആൻ വ്യാഖ്യാനങ്ങളിലും ഹദീസുകൾ നിർമ്മിച്ചും ഇസ്ലാമിനെ വികൃതമാക്കാൻ ശ്രമിച്ചു. അല്ലാഹു മനുഷ്യരുടെ ഇച്ചകളിൽനിന്നും ഖുർആനിനെ സംരക്ഷിച്ചില്ലായിരുന്നുവെങ്കിൽ അവർക്ക് ഇഷ്ടമില്ലാത്ത പല ആയത്തുകളും അഹ്ലൽ ഹദീസുകാർ നീക്കം ചെയ്യേനെ.ഇസ്ലാ മിലെ അത്യുന്നതമായ മൂല്യങ്ങൾ, ചിന്താ സ്വാതന്ത്ര്യം ,നബിക്ക് അദൃശ്യ കാര്യങ്ങൾ അറിയില്ല മുതലായ കാര്യങ്ങളൊക്കെ അവർ എന്നേ നീക്കം ചെയ്യുമായിരുന്നു.

## സുന്നത്തു റസൂൽ سُنَّةُالرَّسُول

നബിയുടെ സുന്നത്ത് പിൻപറ്റണ്ടേ എന്ന ചോദ്യം ഉന്നയിച്ചുകൊണ്ടാണ് അഹ് ലുൽ ഹദീസുകാർ രണ്ടാം പ്രമാണത്തിന് തെളിവുണ്ടാക്കാറുള്ളത്.എന്നാൽവിശുദ്ധഖുർആൻ ഒരിക്കൽ പോലും റസൂലിന്റെ സുന്നത്ത് എന്ന് ഉപയോഗിച്ചിട്ടില്ല.എന്നിട്ടല്ലേ നബിയുടെ സു ന്നത്ത് പിൻപറ്റാൻ ഖുർആൻ കൽപിക്കുക.അല്ലാഹുവിന്റെ സുന്നത്ത്എന്ന് അല്ലാഹുവിലേക്ക് ചേർത്തുകൊണ്ടാണ് ഈപദം ഖുർആൻ ഉപയോഗിച്ചത്. വഴി,മാർഗ്ഗം എന്നീ അർത്ഥങ്ങളാണ്സുന്നത്ത് എന്ന പദത്തിനുള്ളത്.വിശ്വാസികളോടും ബഹുദൈവാ രാധകരോടും അല്ലാഹുവിന്റെഇടപെടലിനുള്ള മാർഗ്ഗത്തിനാണ് സുന്നത്ത് എന്ന പദംഅല്ലാഹുവിലേക്ക് ചേർത്ത് പറഞ്ഞിട്ടുള്ളത്. ബഹുദൈവാരാധകരുടെ സുന്നത്ത്അഥവാ മാർഗ്ഗം വിശ്വാസികൾക്കെതിരിൽ കുതന്ത്രം പ്രയോഗിക്കുകയും സത്യത്തിനെത്തൊട്ട് അഹങ്കരിക്കു ക എന്നതുമാണ്.എന്നാൽ സുന്നത്ത് അഥവാ വഴി അവരുടെ ആ ദുശിച്ച തന്ത്രങ്ങളെ പരാ ജയപ്പെടുത്തുക എന്നതാണ്.

.اسْتِكْبَارًا فِي الارْضِ وَمَكْرِ السَّيِّىءوَلايَحِيقُ المَكْرُ السَّيِّىءالاّ بأهْلِه فَهَلْ يَنْظُرُونَ الاّسُنَّة الاوَّلِينَ_ وَلَنْ تَجِد لِسُنَّةِاللّه تَبْديلاً وَلَنْ تَجِدَ لِسُنَّةِ اللّهِ تَحْوِيلاً(فاطِر 43. “രാജ്യത്തു വലിമ നടിക്കുവാനും വിദ്രോഹ ചിന്തക്കും വേണ്ടി .എന്നാൽ വിദ്രോഹ ചിന്ത അതിന്റെ ബന്ധുക്കളോടല്ലാതെ ചേരുകയില്ല.അപ്പോൾ അവർ പ്രാചീനരുടെ മാർഗ്ഗമല്ലാതെ കാണുന്നുണ്ടോ?. അപ്പോൾ അല്ലാഹുവിന്റെ മാർഗ്ഗത്തിനു നീ ഒരിക്കലും ഒരു മാറ്റംകണ്ടെത്തു കയോ അല്ലാഹുവിന്റെ മാർഗ്ഗത്തിനു ഒരു തിരുത്തൽ കണ്ടെത്തുകയോ ഇല്ല.(ഫാത്വിർ 43)

ബഹുദൈവാരാധകർ നബിയെയും വിശ്വാസികളെയും നാട്ടിൽനിന്ന് ആട്ടിയോടിക്കാൻ വേണ്ടി പ്രവർത്തിച്ചപ്പോൾഅവരെ നശിപ്പിക്കുകയോ ശിക്ഷിക്കുകയോ ചെയ്യുക എന്നതാ ണ് അല്ലാഹുവിന്റെ സുന്നത്ത് അഥവാ മാർഗ്ഗംഎന്ന്അല്ലാഹു വ്യക്തമാക്കുന്നുوَاِنْ كَا دُوا لَيَسْتَفِزُّونَكَ مِنَ الاَرْضِ لِيُخْرِجُوكَ مِنْهَا وَاذًا لايَلْبَثُونَ خِلافَكَ الاَّ قَلِيَلاً سُنَّة مَنْ قَدْارْسَلْنَا قبْلَكَ مِنْ رُسُلِنَاوَلَنْ تَجِدَ لِسُنَّةِ اللّهِ تَحْوِيلاً "നിന്റെ നാട്ടിൽ നിന്ന് നിന്നെ പുറത്താക്കു വാൻ വേണ്ടി അവർനിന്നെ വിരട്ടുവാൻ ഒരുങ്ങുക തന്നെ ചെയ്തിരിക്കുന്നു. അപ്പോൾ അവർ നിന്റെ പിറകിൽ അല്പമല്ലാതെ താമസിക്കുകയില്ല.നിന്റെ മുമ്പ് നാം അയച്ചിരുന്ന നമ്മുടെ ദൂതന്മാരുടെ മാർഗ്ഗമാണത്. നമ്മുടെ ആ മാർഗ്ഗത്തിനു നീ ഒരു ഭേദഗതിയും കാണുകയില്ല (അൽഇസ്റാഅ 76-77)

വിശ്വാസികൾ അവരുടെ വിശ്വാസം ശരിവെക്കുകയും അതിൽ ഉറച്ചുനിൽക്കുകയും ചെയ്താൽ ബഹുദൈവാരാധകരെപരാജയപ്പെടുത്തി ഓടിക്കുക എന്നതാണ് അല്ലാഹുവിന്റെ സുന്നത്ത്എന്ന് അല്ലാഹു വ്യക്തമാക്കുന്നു.

وَلَوْ قَاتَلكُم الَّذينَ كَفَرُوا لولّوا الادْبَارَ ثُمَّ لايجِدُونَ ولِيًّا وَلا نَصِيرًا سُنَّةَ اللّهِ الّتِي مِنْ قَبْلُ وَلَنْ تَجِدَ لِسُنَّةاللّه تبْديلاًനിഷേധിച്ചവർ നിങ്ങളോട് യുദ്ധം ചെയ്യുകയാണെങ്കിൽ അവർ പിന്തിരിഞ്ഞോടുകയായിരിക്കും. പിന്നീട്ട അവർ തങ്ങൾക്ക് ഒരു രക്ഷാധികാരിയേയോ,ഒരു സഹായി യേയോ കണ്ടെത്തുകയില്ല.അല്ലാഹുവിന്റെ മുമ്പ് കഴിഞ്ഞുപോയ മാർഗ്ഗ മനുസരിച്ചാണത്.അല്ലാഹുവിന്റെ

ആ മാർഗ്ഗത്തിനു നീ ഒരിക്കലും ഒരു മാറ്റം കണ്ടെത്തുകയി ല്ല .(അൽഫത്ഹ്22-23)നോക്കു മുകളിൽ പറഞ്ഞ വചനങ്ങളിലെല്ലാം തന്നെ നിഷേധികളും ബഹുദൈവാരാധകരും പ്രവാചകന്മാരെയും വിശ്വാസി കളെയും എതിർക്കുകയും നാട്ടിൽ നിന്നു തന്നെ ആട്ടിയോടിക്കുവാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെ ടുകയും ചെയ്യുമ്പോൾ അവരുടെ മേൽ അല്ലാഹു സ്വീകരിക്കുന്ന ശിക്ഷാ നടപടിയുടെ മാർഗ്ഗത്തിനാണ് സുന്നത്തു ള്ളാ എന്ന് അല്ലാഹു പ്രയോഗിച്ചത് .മാത്രമല്ല അതിനു യാതൊരു മാറ്റമോ ഭേദഗതിയോ ഇല്ല എന്നും അല്ലാഹു വ്യക്തമാക്കുന്നു.എന്നാൽ അഹ് ലുൽ ഹദീസുകാർ പറയുന്നസുന്നത്താ കട്ടെ നബിയുടെ സുന്നത്തും പിന്നെ സുന്നത്തു കല്ല്യാണവുംഇത് നബിയുടെ പേരിൽ ഈ സമൂഹത്തിന്റമേൽ അടിച്ചേൽപിച്ച ഒരു ശിക്ഷാ നടപടി തന്നെയാണ് അങ്ങിനെ വരുമ്പോ ൾ ഇവർ പറയുന്ന അർത്ഥം ശരിയാകും.അല്ലാതെ ഐച്ഛികമായി ചെയ്യേണ്ട കാര്യങ്ങൾക്ക് ഖുർആനിൽ ഈപദം ഉപയോഗിച്ചിട്ടില്ല.

മദീനയിലെ മുനാഫിഖുകൾ നബിക്കെതിരിലും മുസ്ലിംകൾക്കെതിരിലും ഗൂഢാലോചന നടത്തിയപ്പോൾ ,ബഹുദൈവാരാധകരോട് സ്വീകരിച്ച അതേ മാർഗ്ഗംതന്നെയാണ്അല്ലാഹു അവലംബിച്ചത് എന്ന് അല്ലാഹു വ്യക്തമാക്കുന്നു.

لَئِن لَّم يَنْتَهِ المنَافِقُونَ وَالَّذِين في قُلُوبِهِم مَّرضٌ..................................................سُنَّةَاللّه فِي الَّذِين خَلَوا مِن قَبْلُ وَلَنْ تَجِد لِسُنَّة اللّهِ تبْديلاً

അല്ലാഹു നിർബന്ധമാക്കിയ ഒരു കാര്യം ചെയ്യുന്നതിനു പ്രവാചകനു ഒരു വിഷമവും ഉണ്ടാവരുതെന്നും പൂർവ്വീകരിൽ അല്ലാഹു സ്വീകരിച്ച മാർഗ്ഗമതാണെന്നും അല്ലാഹു വ്യക്ത മാക്കുന്നു.مَا كَانَ عَلَى النَّبِيِّ مِن حَرَجٍ فيمَا فَرَضَ اللّهُ لهُ سُنَّةَاللّهِ فِي الَّذِينَ خَلَوْا مِنْ قَبْلُ وكَانَ امْرُاللّهِ قَدْرًا مقْدُورًا "അല്ലാഹുവിന്റെ കല്പന നിർണ്ണിതമായഒരു നിശ്ചയമാ യിരിക്കെ കഴിഞ്ഞുപോയവരിലെ അല്ലാഹുവിന്റെ സുന്നത്ത് നിനക്ക് അല്ലാഹു നിശ്ചയിച്ച തിൽ പ്രവാചകന് യാതൊരു കുറ്റവും ഉണ്ടായിരുന്നില്ല.(അഹഅസാബ് 38)അല്ലാഹുവിന്റെ കല്പന നടപ്പാക്കുന്നതിൽ ഒരു വിട്ടു വീഴ്ചയും പാടില്ല എന്ന അർത്ഥത്തിലാണ് അല്ലാഹു ഊ ആയത്തിലൂടെ സുന്നത്ത് എന്ന പദം ഉപയോഗിച്ചിട്ടുള്ളത്എന്ന് വ്യക്തമാക്കുന്നു.അഹ് ലുൽ ഹദീസുകാരാകട്ടെ ഐച്ഛികമായ കാര്യത്തിനുമാണ് ഈ പദം ഉപയോഗിക്കുന്നത് .ഖുർആ നിക വിരുദ്ധമായ കാര്യങ്ങൾ അവതരിപ്പിക്കുക എന്നതാണല്ലോ ഇവരുടെ ജോലി .അല്ലെ ങ്കിൽ ഖുർആനിലെ ഏതു ആയത്തിൽ നിന്നാണ് ഐച്ഛികം എന്ന അർത്ഥം ഇവർക്ക് കിട്ടിയത് എന്ന് ഇവർ വ്യക്തമാക്കണം.

ഈ വിശദീകരണമെല്ലാം നൽകിയാലും ഇവർ ചോദിക്കും നബിക്ക് സുന്നത്തി ല്ലേ എന്ന് ? നബിയുടെ സുന്നത്ത് വിശുദ്ധ ഖുർആൻ തന്നെയാണ്. ഖുർആനിനു പുറമെ ന ബിക്ക് ഒരു സുന്നത്തില്ല. അപ്പോൾ അവർ അടുത്ത ചോദ്യം ചോദിക്കും നബിയുടെ أسْوة പിൻപറ്റണ്ടേ? എന്ന്.എന്താണ് റസൂലിന്റെ ഉസ് വത്ത് എന്ന് നമുക്ക് ഒന്നു പരിശോധി ക്കാം.لَقَدْ كَانَ لكُم فِي رَسُول اللّه أسْوَةٌ حسَنَة لِمَنْ كَانَ يَرْجُوا اللّه وَاليَوْمَ الآخر وَذَكَرَ اللّه كثيرًا "അല്ലാഹുവിനെ ധാരാളം അനുസ്മരിച്ചും അല്ലാഹുവിനേയും അന്ത്യദിനത്തെ യും ആഗ്രഹിച്ചുകൊണ്ടിരുന്നവർക്കുമുള്ള ഉത്തമമായൊരു മാതൃക അല്ലാഹുവിന്റെ ദൂതനിൽ തീർച്ചയായും നിങ്ങൾക്കുണ്ടായിരുന്നല്ലോ?(അഹ്സാബ്21)

ഇവിടെ അല്ലാഹുവിന്റെ ദൂതനിൽ أسْوَةٌ حسَنَة ഉണ്ടെന്നാണ് അല്ലാഹു പറഞ്ഞ ത് .അല്ലാതെ سُنَّة حسَنة ഉണ്ടെന്നല്ല ഖുർആൻ പറഞ്ഞത്. سُنَّة حسَنةഉണ്ടെന്ന് ഖുർആ നിൽ എവിടെയും പറഞ്ഞിട്ടില്ല.മുകളിൽ പറഞ്ഞ വചനത്തിന്റെ സന്ദർഭവും ആശയവും നാ മൊന്ന് മനസ്സിലാക്കുന്നത് വളരെ പ്രയോജനപ്പെടും.

അഹ്സാബിൽ തടിച്ചുകൂടിയവരിൽ രണ്ടു വിഭാഗക്കാരുണ്ടായിരുന്നു.ഒന്ന് പിന്തിരി ഞ്ഞോടിയ കപടവിശ്വാസികൾ.

وَاذْ يَقُولُ المُنَافِقُونَ وَالَّذِين فِي قُلُوبِهِم مَّرضٌ مَا وَعَدَنَا اللّهُ وَرَسُولهُ الاّ غُرُورًا (الاحزاب 12)"അല്ലാഹുവും അവന്റെ ദൂതനും വഞ്ചനയല്ലാതെ നമ്മോട് വാഗ്ദാനം ചെ യ്തിട്ടില്ലെന്നു കപടവിശ്വാസികളും ,ഹൃദയങ്ങളിൽ രോഗമുള്ളവരും പറഞ്ഞിരുന്ന സന്ദർഭത്തി ലും (അഹ്സാബ്12)രണ്ടാമത്തെ വിഭാഗം പരസ്പരം ആശ്രയിക്കുകയും ,ഉറച്ചുനിൽക്കുകയും ചെയ്ത വിശ്വാസികൾ وَلَمَّا رَأَى المُؤمِنُون الاحْزَابَ قَالُوا هذَا مَا وَعَدَنَا اللّه ورَسُوله وَصَدقَ اللّهُ وَرَسُوله

22 الاحزَاب)    وَمَا زَادهُم الاّ ايمَانًا وتَسْلِيمًا    എന്നാൽ വിശ്വാസി കൾ ആ സംഘങ്ങളെ കണ്ടപ്പോഴാകട്ടെ ഇതാണ് അല്ലാഹുവും അവന്റെ ദൂതനും നമ്മോടു വാഗ്ദാനം ചെയ്തിരുന്നതെന്നും,അല്ലാഹുവും അവന്റെ ദൂതനും സത്യമാണ് പറഞ്ഞിരുന്നതെ ന്നും പറഞ്ഞു. അത് അവർക്ക് വിശ്വാസത്തെയും അനുഷ്ഠാനത്തെയുനല്ലാതെ വർദ്ധിപ്പിച്ചതു മില്ല(33-22)

അഹ്സാബ് യുദ്ധ വേളയിൽ പ്രവാചകന്റെ കൂടെ ഉറച്ചു നിൽക്കാനും മേൽ പറഞ്ഞ രൂപ ത്തിൽ പ്രതികരിക്കാനുമുള്ള മാതൃക റസൂലിലുണ്ടായിരുന്നു എന്നാണ് 33 ൽ21ാം വചന ത്തിലൂടെ അല്ലാഹു വ്യക്തമാക്കുന്നത്.അതുകൊണ്ടാണ്അല്ലാഹു ഇങ്ങിനെ പറഞ്ഞത്. لَقَدْ كَانَ لكُم فِي رَسُول اللّٰه أسْوَةٌ حسَنَة വിശ്വാസികൾ ,സങ്കീർണ്ണമായ ഒരു രംഗത്ത് പ്രവാചകൻ കാണിച്ച അസാധാരണമായ ധീരതയെ പിന്തുടരുകയും ഉന്നതിയിലെത്തുകയും ചെയ്തു. ആ കാര്യമാണ് അല്ലാഹു വ്യക്തമാക്കുന്നത് مِنَ المؤْمِنِينَ رِجَالٌ صَدَقُوا مَا عَاهَدُوا اللّٰهَ عَلَيْهِ فَمِنْهُم مَّنْ قَضَى نَحْبَهُ وَمِنْهُم مَّنْ يَنْظُرُ وَمَا بَدَّلُوا تَبْدِيلاً "ആ വിശ്വാസികളിലാണ് തങ്ങൾ അല്ലാഹുവിനോട് ചെയ്ത ഉടമ്പടി സത്യപ്പെടുത്തിയ പുരുഷന്മാരുള്ളത്.അവരിൽ തന്നെ തങ്ങളുടെ ശപഥം യാതൊരു മാറ്റവും വരുത്താതെ നിർവ്വഹിച്ചവരുണ്ട് .അവരിൽ തന്നെ പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്നവരുമുണ്ട്.(അഹ്സാബ്23)

ഇവിടെ റസൂലിലുള്ള മാതൃക നബിയുടെ ജീവിതത്തിലുണ്ടായ കഥയുമായി ബന്ധപ്പെട്ടുള്ളതാണ്.ആ മാതൃകയാകട്ടെ അതിരുകൾ നിശ്ചയിക്കപ്പെട്ട വിഷയത്തിലാണു താനും.ഒന്നുകൂടി വിശദമാക്കിയാൽ കപടവിശ്വാസികൾ നബിയെ വിട്ട് ഓടിയപ്പോൾഅല്ലാ ഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർക്കു നബിയുടെ പിറകിൽ ഉറച്ചുനിൽക്കാനു ള്ള മാതൃക റസൂലിലുണ്ടായിരുന്നുവെല്ലോ എന്നു സാരം.

ഇതെ ആശയം തന്നെയാണ് മുഹമ്മദു നബിയോടും ,വിശ്വാസികളോടും ഇബ്രാഹീ മിലും ,കൂടെയുള്ള വിശ്വാസികളിലും നല്ല മാതൃകയുണ്ടെന്നു പറഞ്ഞ ആയത്തിലുംവ്യക്തമാക്കു ന്നത്. ഇബ്രാഹീം നബിയും തന്റെ കൂടെയുള്ള വിശ്വാസികളും ,അവരുടെ സമൂഹം ചെയ്യുന്ന ബഹുദൈവാരാധനയിൽ നിന്ന് തങ്ങൾ ഒഴിവാണെന്ന് പറഞ്ഞ്ഒഴിഞ്ഞ കാര്യത്തിലുള്ള നല്ല മാതൃകയാണ് മുഹമ്മദു നബിയോടും വിശ്വാസികളോടും പിന്തുടരാൻ പറഞ്ഞത്.

قَدْ كَانَتْ لَكُمْ أُسْوَةٌ حَسَنَةٌ فِي إِبْرَاهِيمَ وَالَّذِينَ مَعَهُ إِذْ قَالُوا لِقَوْمِهِمْ إِنَّابُرَءاؤُ مِنْكُم وَمِمَّا تَعْبُدُونَ مِنْ دُونِ اللّٰه "ഇബ്രാഹീമിലും തന്നോടൊപ്പമുണ്ടായിരുന്നവരിലും നിങ്ങൾ ക്ക് നല്ല ഒരു മാതൃക ഉണ്ടായിരുന്നല്ലോ? അതായത് അവർ തങ്ങളുടെ ജനതയോടിങ്ങനെ പറഞ്ഞവേളയിൽ "നിങ്ങളിൽ നിന്നും നിങ്ങൾ ആരാധിക്കുന്നതിൽ നിന്നും തീർച്ചയായുംഞങ്ങൾ ഒഴിഞ്ഞുനിൽക്കുന്നവരാണ്. (മുംതഹിന 4)ഒരായത്ത് കൂടി ശ്രദ്ധിക്കൂ.

لَقَدْ كَانَ لَكُمْ فِيهِمْ أُسْوَةٌ حَسَنَةٌ لِّمَنْ كَانَ يرْجُوا اللّٰهَ وَالْيَوْمَ الأخِرَ "തീർച്ചയായും നിങ്ങൾക്ക് അവരിൽ നല്ല ഒരുമാതൃകയുണ്ടായിരുന്നു.അതായത് അല്ലാഹുവിനേയും അന്ത്യ ദിനത്തെയും ആഗ്രഹിക്കുന്നവർക്ക്.(മുംതഹിന 6)ഈ രണ്ട്ആയത്തിലും പറഞ്ഞ മാതൃക ഏത് വിഷയത്തിലാണെന്ന് അല്ലാഹു വളരെ വ്യക്തമാക്കി പറഞ്ഞു.അതായത്
إِذْ قَالُوا لِقَوْمِهِمْഎന്ന് പറഞ്ഞതിൽനിന്നു തന്നെ ഏതു വിഷയത്തിലാണെന്ന് വ്യക്തമായി . അതുപോലെതന്നെയാണ് മുഹമ്മദു നബിയിൽ മാതൃകയുണ്ടെന്ന് പറഞ്ഞ കാര്യത്തിലും അത് ഏത് വിഷയത്തിലാണെന്ന സന്ദർഭവും സാഹചര്യവും അല്ലാഹു അവിടെ വ്യക്തമാക്കി .അപ്പോൾ ഉപാധിയോടുകൂടിയുള്ള പിന്തുടരലാണ് അല്ലാഹു ഇവിടെയെല്ലാം പറഞ്ഞിട്ടുള്ള ത്.ഉപാധിയില്ലാതെ പിന്തുടരാൻ പറഞ്ഞത് അല്ലാഹുവിന്റെ കിതാബിന്റെ കാര്യത്തിൽ മാത്രമേയുള്ളൂ.ഇവിടെയാകട്ടെ അതിരുകൾ നിർണ്ണയിക്കപ്പെട്ട കാര്യത്തിലാണ് പിന്തുടരാൻ കൽപിച്ചത്.

പൂർവ്വ പ്രവാചകന്മാരെ പിന്തുടരാൻ പറഞ്ഞ സന്ദർഭങ്ങളിലെല്ലാം തന്നെ അവരുടെ هُدَى അഥവാ മാർഗ്ഗദർശനംപിൻപറ്റാനാണ് നബിയോട് അല്ലാഹു കൽപിച്ചത്. أولئكَ الَّذِينَ هَدى اللّٰهُ فَبِهُدَاهُمُ اقْتَده "ആ കൂട്ടരാണ് അല്ലാഹു മാർഗ്ഗദർശനത്തിലാക്കിയ വർ ,അതിനാൽ അവരുടെ മാർഗ്ഗദർശനം തന്നെ നീയും പിന്തുടരുക.(അൻആം 90)ഇവിടെ അല്ലാഹു അവരെ പിന്തുടരുക(فَبِهِمُ اقْتَدِه)എന്നു പറയാതെ فَبِهُدَاهُمُ اقْتَده അവരുടെ മാർഗ്ഗം പിന്തുടരുക എന്നു പറഞ്ഞത് നാം പ്രത്യേകം ശ്രദ്ധിക്കണം. അതുപോലെ അന്ത്യപ്ര വാചകനായ മുഹമ്മദുനബിയോട് ഇബ്രാഹീം നബിയെ പിൻപറ്റാൻ പറഞ്ഞപ്പോഴും നീ ഇബ്രാഹീമിനെ പിൻപറ്റു എന്നു പറയാതെ ഇബ്രാഹീമിന്റെ സിദ്ധാന്തം(മില്ലത്ത

ُ)പിമ്പറ്റാ നാണ് അല്ലാഹു കൽപിച്ചത് എന്നതും നാം മനസ്സിലാക്കണം.ثُمَّ أَوْحَيْنَا إِلَيْكَ أَنِ اتَّبِعْ مِلَّةَ إِبْرَاهِيمَ حَنِيفًا " ദൈവത്തിനു പങ്കുചേർക്കുന്നവരിൽ പെടാതെ നേരെ നിന്നവനായിരിക്കെ ഇബ്രാഹീമിന്റെ സിദ്ധാന്തത്തെ നീ പിമ്പറ്റുക എന്നു പിന്നീട് നിന്നിലേക്കു നാം സന്ദേശമ യക്കുകയും ചെയ്തു.(അന്നഹ്ൽ123)

അപ്പോൾ أُسْوَةٌ حسَنَة ഏതൊക്കെ സന്ദർഭത്തിലാണ് പറഞ്ഞതെന്ന് നാം മനസ്സിലാക്കി .മുഹമ്മദു നബി ഒരിക്കലും ഇബ്രാഹീം നബിയുടെയും ,കൂടെയുള്ള വിശ്വാസിക ളുടെയും أُسْوَةٌ حسَنَةതേടി പൂർവ്വീകർ എഴുതിവെച്ച ഏതെങ്കിലും ഗ്രന്ഥങ്ങൾ പോയിട്ടില്ല എന്ന നാം മനസ്സിലാക്കണം .അദ്ദേഹത്തിനു ആ നല്ല മാതൃക വിശുദ്ധഖുർആനിൽനിന്നാ ണ് ലഭിച്ചത്. അതുപോലെ മുഹമ്മദുനബി യുടെ നല്ലമാതൃക നമുക്ക് വിശുദ്ധഖുർആനിൽ നിന്നാണ് കിട്ടുക. അല്ലാതെബുഖാരിയെപ്പോലെയുള്ളവർ എഴുതിവെച്ച വികൃതമായ ഗ്രന്ഥ ങ്ങളിൽ നിന്നല്ല.

<u>وَمَا ءَاتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا واتَّقُوا اللَّه</u>

ഖുർആനിനു പുറമെ ഇസ്ലാമിൽ മറ്റൊരു മതഗ്രന്ഥത്തിന്റെ ആവശ്യകത തെളിയി ക്കാൻ അഹ്ലുൽ ഹദീസുകാർ ഉപയോഗിക്കുന്ന ഒരായത്താണ് മുകളിൽ പറഞ്ഞത്.എന്നാ ൽ ഇവർ മന:പൂർവ്വം ഈ ആയത്തിന്റെ അർത്ഥത്തെ വളച്ചൊടിക്കുകയും സന്ദർഭത്തിൽ നിന്ന് അടർത്തിയെടുക്കുകയുമാണ് ചെയ്തിട്ടുള്ളത്.ഈ ആയത്തിന്റെ ശരിയായ അർത്ഥമെന്താണെന്നു നമുക്ക് ഒന്നു പരിശോധിക്കാം.ഈ ആയത്തിന്റെ ആദ്യം മുതൽ നമുക്ക് ഒന്നു പരിശോധിക്കാം.

مَا أَفَآءَاللَّهُ عَلَى رَسُولِهِ مِنْ أَهْلِ الْقُرَى فَلِلَّهِ وِلِلرَّسُولِ وَلِذِى الْقُرْبَى وَالْيَتَامَى وَالْمَسَاكِينِ وابْنِ السَّبِيلِ كَيْ لا يكُونَ دُولَةً بَيْنَ الاغْنِيَاءِ مِنْكُم <u>وَمَا ءَاتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا واتَّقُوا اللَّه</u>_

إنَّ اللَّه شَديد العِقَاب لِلْفُقَراءالْمُهَاجِرِين الَّذِين أخْرِجُوا.........................وَرِضْوَانًا(الحشر 7-8

ഗ്രാമങ്ങളിൽ നിന്നെല്ലാം അല്ലാഹു തന്റെ ദൂതന് തിരികെ കൊടുത്തതെന്തായാലും അത് അല്ലാഹുവിനും അവന്റെ ദൂതനും ഉറ്റബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും,ഈ മാർഗ്ഗപുത്രനുമാകുന്നു.ദൈവദൂതൻ നിങ്ങൾക്ക് എന്തു നൽകുന്നുവോ, അത് നിങ്ങൾ സ്വീക രിക്കുകയും അദ്ദേഹം നിങ്ങളെ എന്തിൽനിന്നു തടയുന്നുവോ അതിൽനിന്നു നിങ്ങൾ ഒഴി യുകയും അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവീൻ.തീർച്ചയായും അല്ലാഹു ശിക്ഷ കഠിന മായവനാകുന്നു. അല്ലാഹുവിൽനിന്നുള്ള ഔദാര്യവും സംതൃപ്തിയും തേടിക്കൊണ്ട് അല്ലാഹു വിനേയും അവന്റെ ദൂതനേയും സഹായിച്ചു കൊണ്ടിരിക്കെ തങ്ങളുടെ വീടുകളിൽനിന്നും സ്വത്തുക്കളിൽനിന്നും പുറത്താക്കപ്പെട്ട് ഒഴിഞ്ഞുപോകുന്ന ദരിദ്രർക്ക്. അവർ തന്നെയാണ് സത്യ സന്ധന്മാർ(അൽഹശ്ർ 7-8)

ഈ ആയത്തിൽ ഗ്രാമങ്ങളിൽനിന്നെല്ലാം പ്രവാചകനിലേക്ക് വന്നുചേരുന്ന "ഫൈഅ്" സ്വത്ത് ഓഹരിവെക്കേണ്ടതിനെക്കുറിച്ചും അത് ആർക്കൊക്കെ നൽകണമെ ന്നും വിവരിക്കുന്നു.അതിൽ ഒരു വിഹിതം അല്ലാഹുവിനും അവന്റെ ദൂതനുമുള്ളതാണ് .ആ വിഹിതത്തിൽനിന്ന് ദൂതൻ ആവശ്യ ക്കാരെ അറിഞ്ഞു നൽകുകയാണെങ്കിൽ അത് സ്വീകരി ക്കുവാനും ആവശ്യമില്ലാതെ തന്നെ ആ വിഹിത ത്തിൽനിന്നു ലഭിക്കുന്നതിനു വേണ്ടി തിര ക്കിവരുന്നവരെതൊട്ട് ദൂതൻ വിലക്കിയാൽ അവർ അതിൽ നിന്നു ഒഴിഞ്ഞുനിൽക്കണമെ ന്നമാണ് അല്ലാഹു ഈ ആയത്തിലൂടെ കൽപിക്കുന്നത്.ഇങ്ങിനെ സ്വത്ത് നൽകുന്നതുമായി ബന്ധപ്പെട്ട് പറഞ്ഞ ആയത്തിനെ സന്ദർഭത്തിൽനിന്നും മുറിച്ചുമാറ്റി റസൂൽ നൽകിയ ഹദീ സാക്കി മാറ്റി അതിലൂടെ രണ്ടാം പ്രമാണത്തിനു തെളിവുണ്ടാക്കുന്ന ജോലി വളരെ വിചിത്രം തന്നെയാണ്.

തുടർന്നു വരുന്ന എട്ടാമത്തെ വചനത്തിൽ തങ്ങളുടെ വീടുകളും ധനങ്ങളും ഉപേ ക്ഷിച്ചുവരു ന്നവർക്കാണ് ഈ മുതലിന് കൂടുതൽ അവകാശം എന്നും അല്ലാഹു വ്യക്തമാക്കു ന്നു.തങ്ങൾ സാമ്പ ത്തി കമായി ഉള്ളവരാണെങ്കിൽ പോലും സാമ്പത്തികമായ ആവശ്യങ്ങൾ ക്കു വേണ്ടി മാത്രം ഇസ്ലാമുമായി ഒട്ടിനില്ക്കുകയും മുസ്ലിംകളുടെ തൃപ്തി നേടാനുള്ള ശ്രമംനടത്തു കയും ചെയ്യുക എന്നത് കപടവിശ്വാസിക ളുടെ ഒരു ചീത്ത പതിവായിരുന്നു.സമ്പന്നമായ അവസ്ഥ അവർക്കുള്ളപ്പോൾ തന്നെ ധർമ്മങ്ങൾ കരസ്ഥമാക്കാൻ ദരിദ്രരുടെ കൂടെ തിരക്കു ക എന്നതും അവരുടെ പതിവായിരുന്നു.അല്ലാഹുപറയുന്നതു കാണുക. وَمِنْهُم مَّنْ يَلْمِزِكَ فِى الصَّدَقَاتِ فَإِنْ أُعْطُوا مِنْهَا رَضُوا وَإِن لَّمْ يُعْطَوْا مِنْهَا إِذَا هُمْ

يَسْخَطُون
وَلَوْ أَنَّهُمْ رَضُوا مَاءاتَاهُمُ اللّهُ وَرَسُولُهُ وَقَالُوا حَسْبُنَا اللّه................................وَالمُؤَلَّفَة
قُلُوبُهُم“ദാനങ്ങളുടെ കാര്യത്തിൽ നിന്നെ അപ ഹസിക്കുന്നവരും അവരിൽ തന്നെയുണ്ട്.ഇനി അതിൽനിന്ന് അവർക്ക് നൽകപ്പെട്ടാൽ അവർ തൃപ്തിപ്പെടുകയും ചെയ്യും. ഇനി അതിൽനിന്ന് അവർക്ക് നൽകപ്പെട്ടില്ലെങ്കിലോ അപ്പോഴതാ അവർ കോപിക്കുകയും ചെയ്യുന്നു.അവർ അല്ലാഹുവും അവന്റെ ദൂതനും അവർ ക്ക് നൽകിയതു തൃപ്തിപ്പെട്ടകയും ,ഞങ്ങൾക്ക്അല്ലാഹു തന്നെ മതി................................ ...................................................................(അത്തൗബ 58-60)ഈ ആയത്ത്

وَمَا ءَاتَاكُمُ الرَّسُولُ فَخُذُوهُ എന്നആയത്തിന്റെ ആശയം നമുക്ക് വ്യക്തമാക്കിത്തരുന്നു .ഒരു വിശ്വാസി അല്ലാഹുവിന്റെ ദൂതൻ തനിക്ക് നൽകിയത് കൊണ്ട് തൃപ്തിപ്പെടും. وَلَوْ أَنَّهُمْ رَضُوا مَاءاتَاهُمُ اللّهُ وَرَسُولُهُ അല്ലാഹുവും ദൂതനും നൽകിയതുകൊണ്ട് അവർ തൃപതിപ്പെ ട്ടിരുന്നെങ്കിൽ എന്നു പറഞ്ഞതു അതു കൊണ്ടാണ്.എന്നാൽ ഒരു കപടവിശ്വാസി തനിക്ക് അവകാശപ്പെടാത്തതു ആഗ്രഹിക്കുകയും അവന്റെ ആഗ്രഹത്തിനാവട്ടെ അവസാനമുണ്ടാവു കയുമില്ല.ഫയ്ഇന്റെ(فَيىء )അവകാശികൾ ആരൊക്കെയാണെന്ന് സൂറത്തുൽ ഹശ്റിലും സ്വദഖയുടെ അവകാശികൾ ആരൊക്കെയാണെന്ന് സൂറത്തു ത്തൗബയിലും അല്ലാഹു വ്യക്ത മാക്കിത്തന്നു.ഈ രണ്ട് സ്ഥലങ്ങളിലും വിശ്വാസികൾക്ക് നൽകുന്നതിനെക്കുറിച്ചുള്ള സംസാരമാണ്. തങ്ങൾക്ക് ദൂതൻ നൽകുന്നതുകൊണ്ട് വിശ്വാസികൾ തൃപ്തിപ്പെടുകയും വിലക്കുന്നതിൽനിന്നും അവർ ഒഴിഞ്ഞു നിൽക്കുകയും ചെയ്യും.

ഈ രണ്ടു സ്ഥലങ്ങളിലും ധനം നൽകുന്ന സംഭവവുമായി ബന്ധപ്പെട്ട കാര്യമല്ലാതെ ഖുർആനിനു പുറമെ ഒരു രണ്ടാം പ്രമാണം നൽകുന്നതിനെക്കുറിച്ചുള്ള ചർച്ചയെ അല്ല .ഇവർ പറയുന്നതുപോലെ റസൂൽ നൽകിയത് രണ്ടാം പ്രമാണമാണെങ്കിൽ വിലക്കിയത് എന്താണ്?അല്ലെങ്കിൽ എത്രാം പ്രമാണമാണ്?അതോ വിലക്കിയതും നൽകയതും രണ്ടാംപ്രമാണം തന്നെയാണോ?

ദൂതൻ ജനങ്ങൾക്കിടയിൽ ഖുർആൻ കൊണ്ടാണ് വിധിക്കുക എന്നു നാം വിശദ മാക്കിയല്ലോ? അങ്ങിനെ വിധിക്കുന്ന ദൂതൻ ഫയ്ഇന്റെ വിഷയത്തിലും ഗനീമത്ത് സ്വത്തി ന്റെ വിഷയത്തിലും സ്വദഖയുടെ കാര്യത്തിലും അവ വിഭജിക്കുമ്പോൾ ഖുർആനിനെയാണ് ആശ്രയിക്കുക എന്നു നാം പ്രത്യേകം പറയേണ്ടിതില്ലല്ലോ?.

അഹ് ലുൽഹദീസുകാർ പറയുന്ന ഒരുകള്ള വാദം ,ഈ ആയത്തിൽ ഫയ്അ് ഓഹരിവെക്കേണ്ടതിനെക്കുറിച്ചാണ് പറയുന്നതെങ്കിലും റസൂൽ നൽകിയ ഹദീസുകളും ഈ ആയത്തിന്റെ പരിധിയിൽപെടും എന്നാണ്. എന്നാൽ അങ്ങിനെ ഒരു വിഷയം ഈ ആയ ത്തിന്റെ പരിധിയിൽ പെടില്ല. വാദത്തിനുവേണ്ടി സമ്മതിച്ചാൽ തന്നെ ദൂതൻ നമുക്ക്നൽ കിയത് ഖുർആനാണെന്നും ദൂതന്റെ വാക്കുകൾ ഖുർആനാണെന്നും നാം മുമ്പ് വിശദമ ക്കി യല്ലോ?.ഖുർആനല്ലാത്ത മറ്റൊരു പ്രമാണം നമുക്ക് നൽകിയതായി അല്ലാഹുവോ അവന്റെ ദൂതനോ നമ്മോട്പറഞ്ഞിട്ടില്ല.إنَّا أَنْزَلْنَا عَلَيْكَ الكِتَابَ لِلنَّاسِ
بِالْحَقّ.....................................................(الزمر 41)
തീർച്ചയായും മനുഷ്യർക്കുവേണ്ടി ഈഗ്രന്ഥം നിന്റെ മേൽ ഇറക്കിയിരിക്കുന്നത് പരമസ ത്യത്തോടുകൂടിയാണ്(അസ്സുമർ 41)അപ്പോൾ ഈഗ്രന്ഥമാണ് റസൂലിന്റെമേൽ നമുക്ക് വേണ്ടി ഇറക്കിയിരിക്കുന്നത്അത് സ്വീകരിക്കലും മുറുകെപിടിക്കലും നമ്മുടെ ബാധ്യതയാണ്.

അഹ് ലുൽ ഹദീസുകാർ ഹദീസുകൾ വിശ്വസിക്കുന്നവരാണെങ്കിൽ അവരോട് ദൂതൻ വിലക്കിയത് ഖുർആനല്ലാത്തതൊന്നും എഴുതരുതെന്നല്ലേ?അല്ലാഹുവിന്റെ കിതാബല്ലാത്തതൊക്കെ മായ്ക്കാനുമല്ലേ കൽപിച്ചത്.ഇവർ ഖുർആനും നിഷേധിക്കുന്നു.ഹദീസും നിഷേധിക്കുന്നു. ഒരു ഹദീസ് നോക്കൂ. അബൂസഅദുൽഖുദ് രിയിൽനിന്നും, മുസ്ലിമും,തുർമുദിയും, അഹ് മദും ,ദാരിമിയും, നസായിയുമെല്ലാം ഉദ്ധരിക്കുന്നു.”لاتَكْتُبُوا عَنِّي شَيْئًا سِوَى الْقُرْآن فَمَنْ كَتَبَ عَنِّي غَيْرَالْقُرْآن فَلْيَمْحُهُ"ഖുർആനല്ലാത്ത മറ്റൊന്നും എന്നെത്തൊട്ട്നിങ്ങൾ എഴുതരുത്.ആരെങ്കിലും ഖുർആനല്ലാത്തത് എന്നെത്തൊട്ട്എഴുതിയിട്ടുണ്ടെങ്കിൽ അതവൻ മായ്ച്ചുകളയട്ടെ"

ബുഖാരിയുടെ ഗുരുവായ ദാരിമി റിപ്പോർട്ട് ചെയ്യുന്നു.”اسْتَأذَنوا النَّبِيَّ فِي ان يَكْتُبُوا عَنْهُ شَيْئًا
فَلَمْ يَأْذَنْ لَهُم “നബിയോട് അദ്ദേഹത്തെതൊട്ട് എന്തെങ്കിലും എഴുതാൻ അനുവാദം ചോദിച്ചു. അദ്ദേഹം

അവർക്ക് അനുവാദം നൽകിയില്ല.”അബൂസഅദുൽഗുദ് രിയ്യെതൊട്ട് ത്തുർമുദി ഉദ്ധരിക്കുന്നു.اسْتَأْذَنَّا النَّبِيَّ فِي الكِتَابَةِ فَلَمْ يَأْذَنْ لَنَا“നബിയോട് ഞങ്ങൾ എഴുതാൻ സമ്മതം ചോദിച്ചു.ഞങ്ങൾക്ക് അനുവാദം തന്നില്ല.”

വഹ് യ് എഴുത്തുകാരിൽ പ്രസിദ്ധരായ ആളുകളിൽ ഒരാളായ സൈദ്ബ് നു സാബിത്തിൽ നിന്നും അഹമ്മദുംമുസ്ലിമും റിപ്പോർട്ട് ചെയ്യുന്നു.സൈദ്ബ് നു സാബിത്ത് മുആവിയയുടെ അടുത്തേക്ക് പ്രവേശിച്ചു.അദ്ദേഹത്തോട് ഒരു ഹദീസിനെക്കുറിച്ച് ചോദിച്ചു. മുആവിയ അതൊരാളോട് എഴുതാൻ കല്പിച്ചു.അപ്പോൾ സൈദ് പറഞ്ഞു.
أنَّ رَسُول اللّه أمَرَنَا ان لا نَكْتُبَ شَيْئًا مِنْ حَدِيثِه فَمَحَاه مُعَاوِيَة നമ്മോട് റസൂലിന്റെ ഹദീസിൽ നിന്നും ഒന്നും എഴുതരുതെന്ന് റസൂൽ നമ്മോട് കൽപിച്ചിട്ടുണ്ട്.അപ്പോൾ മുആവിയ അത് മായ്ച്ചുകളഞ്ഞു.

أكْتُبُوا لابِي شَاه പോലെയുള്ള ചില ഹദീസുകൾ എഴുതാൻ അനുവാദം നൽകി ക്കൊണ്ട് വന്നിട്ടുണ്ട്. എന്നാൽ മഹാന്മാരായ പണ്ഡിതന്മാർ എഴുതരുത് എന്ന് വിലക്കിയ ഹദീസുകൾക്കാണ് കൂടുതൽ അംഗീകാരം നൽകിയിട്ടുള്ളത്.മാത്രവുമല്ല ദൂതനിൽനിന്നും വൈരുദ്ധ്യം വരികയുമില്ലല്ലോ?.(നമ്മെ സംബന്ധിച്ച് രണ്ടു നിലക്കുള്ള ഹദീസുകളും സമമാണ്)അതുപോലെ പ്രവാചകൻ മരിച്ചപ്പോൾ സ്വഹാബികളുടെ അടുത്ത് ക്രോഡീകരി ക്കപ്പെട്ട ഏക ഗ്രന്ഥം ഖുർആൻ മാത്രമേഉണ്ടായിരുന്നൊള്ളൂ എന്നതും സുപ്രധാനമായ ഒരു കാര്യമാണ്.

ചില ആളുകൾ എഴുതരുത് എന്ന് വിലക്കിയ ഹദീസുകളും എഴുതാൻ അനുവാദം നൽകിയ ഹദീ സുകളും തമ്മിൽയോജിപ്പിക്കാൻ ചില ശ്രമം നടത്തിയിട്ടുണ്ട്. അതിനവർ പറഞ്ഞ കാരണം ഖുർആനും ഹദീസും തമ്മിൽ കൂലിക്കലരാതിരിക്കുവാനാണ് നബി എഴു തരുത് എന്ന് പറഞ്ഞത് എന്നാണ്. മനുഷ്യ വചനങ്ങളെയും അതിജയിച്ച് നിൽക്കുന്ന പരി ശുദ്ധഖുർആനിന്റെ അമാനുഷികതക്ക മുമ്പിൽ നിലനിൽ ക്കാത്ത പൊള്ളയായ ഒരു വാദ മാ ണത്. അക്ഷരങ്ങളുടെ കൂടിക്കലരലാണ് ഇവർ പറയുന്നതെങ്കിൽ അത് ഒരിക്കലും സംഭവി ക്കുകയില്ല. ഇനി ആശയങ്ങളുടെകൂടിക്കലരലാണ് നബി ഭയന്നത് എന്നാണ് ഇവർ പറയു ന്നതെങ്കിൽ അത് സംഭവിക്കുകയും ചെയ്യുവല്ലോ?കാരണം ഇസ്ലാമികമായ അറിവുള്ള ഏതൊരാളോടും താങ്കൾ വിശ്വസിക്കുന്നതിലും പ്രവർത്തിക്കുന്നതിലും ഖുർആനിൽ പറയുന്ന കാര്യങ്ങളും ഹദീസിൽ പറയുന്ന കാര്യങ്ങളും തമ്മിൽ വേർതിരിക്കാൻ പറഞ്ഞാൽ സാധിക്കില്ല എന്നത് സത്യമാണ്.അപ്പോൾ ഇവരുടെ ഈ വാദം ശരിയല്ല.

ഖുർആനിലെ ഒരദ്ധ്യായത്തിന് സമാനമായ ഒന്ന് കൊണ്ട് വരാൻ കഴിയില്ല എന്ന് അല്ലാഹു വെല്ലുവിളിച്ച് പറഞ്ഞിട്ടുണ്ട്. അങ്ങിനെയുള്ള അമാനുഷിക വചനങ്ങലും മനുഷ്യ വചനങ്ങലും എങ്ങിനെ കൂടിക്കലരും?.അത് അസാധ്യമാണ്.ഖുർആനിലെ ഒരദ്ധ്യായത്തിനു തുല്ല്യമായ ഒന്നു കൊണ്ടു വരാൻ കഴിയാത്ത സ്ഥിതിക്ക് ഖുർആനും ഹദീസുകളും എങ്ങിനെ കൂടിക്കലരും.?അപ്പോൾ നബി ഖുർആന ല്ലാത്ത ഒരു ഗ്രന്ഥവും നമ്മെഏൽപിച്ചിട്ടില്ല.

നബി നമുക്ക് ക്രോഡീകരിക്കപ്പെട്ട ഗ്രന്ഥമായി ഖുർആനല്ലാതെ ഒന്നും ഏൽപി ച്ചി ട്ടില്ല എന്ന് ബുഖാരി തന്നെസമ്മതിച്ചിട്ടുണ്ട്.دَخَلْتُ انَا وَشِدَادبْن مَعْقَل عَلى ابْن عَبَّاس فَقَال لَهُ شِدَاد أتَرَكَ النَّبِيُّ مِن شَيْئ؟قَالَ مَا تَرَكَ إلاَّ بَيْنَ الدَّفْتَيْنِ اِيْ القُرْآنُ فِي الْمُصْحَفِ قَالَ دَخَلْنا عَلى مُحَمَّد بن الحَنِيفة فَسَألْنَاه فَقَال مَا تَرَكَ الاَّ بَيْن الدَّفْتَيْنِ(البخاري 234/6 ഇബ്നു റഫീഅ് ഉദ്ധരിക്കുന്നു. ഞാനും ശിദാദും ,ഇബ് നു അബ്ബാസിന്റെ അടുക്കലേക്ക് പ്രവേശിച്ചു.എന്നിട്ട് അദ്ദേഹത്തോട് ശിദാദ് ചോദിച്ചു. നബി വല്ലതും ഉപേക്ഷിച്ചുപോയോ?രണ്ടു ചട്ടകൾക്കിടയിലുള്ളതല്ലാതെ മറ്റൊന്നും ഉപേക്ഷിച്ചി ട്ടില്ലെന്നദ്ദേഹം പറഞ്ഞു. അതായത് ഏട്ടുകളിലുള്ള ഖുർആനല്ലാതെ. അങ്ങിനെ ഞങ്ങൾ മുഹമ്മദുബ് നു ഹനീഫിന്റെ അടുത്തേക്കു പ്രവേശിച്ചു എന്നിട്ട് അദ്ദേഹത്തോട് ചോദിച്ചു. രണ്ടു ചട്ടകൾക്കിടയിലുള്ളതല്ലാതെമറ്റൊന്നും ഉപേക്ഷിച്ചിട്ടില്ലെന്ന് അദ്ദേഹവും പറഞ്ഞു.(ബുഖാരി6/234.......)

ഹദീസുകൾ എഴുതുന്നതിനേയും റിപ്പോർട്ട് ചെയ്യുന്നതിനേയും വിലക്കിക്കൊണ്ട് ഖുലഫാഉറ് റാശിദുകൾ നബിയുടെ പാത തന്നെ പിന്തുടർന്നു എന്നതും നാം പറഞ്ഞ ഈ ആശയത്തെ ശക്തിപ്പെടുത്തുന്നു. നബി മരിച്ചതിനു ശേഷം അബൂബക്കർ ജനങ്ങളെ ഒരുമിച്ചുകൂട്ടിക്കൊണ്ടു പറഞ്ഞു.
إنَّكُمْ تُحَدِّثُون عَنْ رَسُولِ اللّه اَحَادِيثَ تَخْتَلِفُونَ فِيهَا وَالنَّاسُ بَعْدَكُم اَشَدُّ اِخْتِلافًا فَلاتحَدِّثُوا عَنْ رَسُولِ اللّهِ شَيْئًا .فَمَنْ سَألَكُمْ فَقُولُوا :بَيْنَنَا وَبَيْنَكُمْ كِتَاب اللّه فَاسْتَحَلُّوا

حَلالهُ وَحَرِّمُوا حَرامه"നിങ്ങൾ അല്ലാഹ്വിന്റെ ദൂതനെക്കുറിച്ച് ഹദീസുകൾ ഉദ്ധരിക്കുന്നു. നിങ്ങൾ തന്നെ അതിൽ ഭിന്നരാണ്താനും.നിങ്ങൾക്കു ശേഷം ജനങ്ങൽ അതിനേക്കാൾ ഭിന്നിക്കും.ആരെങ്കിലും നിങ്ങളോടു ചോദിച്ചാൽ ഇങ്ങിനെ പറയുക:-നമുക്കിടയിൽ അല്ലാഹ്വിന്റെ ഗ്രന്ഥമുണ്ട്.അതിലെ ഹലാലുകൾ നിങ്ങൽ ഹലാലാക്കുകയും അതിലെഹറാമുകൾ നിങ്ങൽ ഹറാമാക്കുകയും ചെയ്യുവീൻ"

ഇബ് നു അബ്ദുൽ ബർറും ബൈഹഖിയും ഉമറുൽഫാറൂഖിനെത്തൊട്ട് ഉദ്ധരിക്കുന്നു.ഉമർ പറഞ്ഞു:-
إِنِّي كُنْتُ أُرِيدُ انْ اَكْتُبَ السُّنَنَ وَإِنِّي ذَكَرْتُ قَوْمًا كَانُوا قَبْلَكُمْ كَتَبُوا كُتُبًا فَأَكِبُّوا عَلَيْهَا وَتَرَكُوا كِتَابَ اللّٰهِ وَإِنِّي وَاللّٰهِ لااشوبُ كِتَابَ اللّٰه بِشَيْءٍ ابَدًا ഞാൻ സുന്നത്തുകൾ എഴുതാൻ ഉദ്ദേശിച്ചു. അപ്പോഴാണ് പൂർവ്വീകരായ ജനങ്ങളെ എനിക്ക് ഓർമ്മ വന്നത്. അവർ ഒരുപാട് ഗ്രന്ഥങ്ങൾ എഴുതിയുണ്ടാക്കുകയും എന്നിട്ട് അല്ലാഹ്വിന്റെ ഗ്രന്ഥം തള്ളി അവർ എഴുതിയുണ്ടാക്കിയ ഗ്രന്ഥങ്ങളിൽ മുഴുകുകയും ചെയ്തു. അല്ലാഹ്വാണ് സത്യം അല്ലാഹ്വിന്റെ ഗ്രന്ഥത്തിനോട് മറ്റൊന്നും ഞാൻ കലർത്തുകയില്ല."ബൈഹഖിയുടെ റിപ്പോർട്ടിൽ لا اَلْبَسُ كِتَابَ اللّٰه بِشَيءٍ ابَدً ا എന്നും കാണാം ഉമറിന്റെ തന്നെ മറ്റൊരു സംഭവവുംകൂടി നമുക്ക് കാണാം.
"مَامَاتَ عُمرُبْنُ الخَطَّاب حَتَّى بَعَثَ إلى اصْحَابِ رسُولِ اللّٰه فَجَمَعَهُمْ مِنَ الآفَاقِ فَقَالَ مَاهَذِه الاحَاديث التِي افْشَيْتُمْ عَنْ رسُول اللّٰه فِي الآفَاقِ أقِيمُوا عِنْدَي لا وَاللّٰهِ لاتُفَارِقُونِي مَا عِشْتُ .فَمَا فَارَقُوه حَتَّى مَاتَ"രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും നബിയുടെ സ്വഹാബികളെ ഉമർ ഒരുമിച്ചു കൂട്ടു കയും ,നിങ്ങൾ രാജ്യത്ത് പ്രവാചകനെക്കുറിച്ച് പ്രചരിപ്പിക്കുന്ന ഈ ഹദീസുകൾ എന്താ ണ്? നിങ്ങൾ എന്റെ അടുത്ത് താമസിക്കു.എന്നെ വിട്ടു പോകരുത് എന്നു പറയുന്നതുവരെ അദ്ദേഹം മരിച്ചില്ല.. അദ്ദേഹം മരിക്കുന്നതുവരെ അവർ അദ്ദേഹത്തെ വിട്ടു പോയതുമില്ല.

ഉമർ അബൂമസ്ഊദിനേയും ,അബുദ്ദർദാഇനെയും അബൂമസ്ഊദുൽ അൻസാ രി യെയും തടഞ്ഞു വെച്ച ശേഷം ഇങ്ങിനെ പറഞ്ഞു:-നിങ്ങൾ അല്ലാഹ്വിന്റെ ദൂതനെക്കുറിച്ച് ഹദീസുകൾ വർദ്ധിപ്പിക്കുന്നു.(اَكْثَرْتُم الحَديثَ عَن رَسُول اللّٰه)അദ്ദേഹം അവരെ മദീന യിൽ തടഞ്ഞുവെച്ചു.ഉസ്മാൻ അവരെസ്വതന്ത്രരാക്കി വിടുകയും ചെയ്തു. അബൂഹുറൈറയോട് ഉമർ പറഞ്ഞു നീ അല്ലാഹ്വിന്റെ ദൂതനെക്കുറിച്ചുള്ള ഹദീസുകൾ ഒഴിവാക്കുക. അല്ലെങ്കിൽ നിന്നെ ഞാൻ തള്ളിച്ചിടും. ഉമറിന്റെ മരണ ശേഷം ഒരാളേയും പേടിക്കാതെ നബിയെക്കു റി ച്ചുള്ള ഹദീസുകൾ ഉദ്ധരി ക്കാൻ തുടങ്ങി.അബൂഹുറൈറ ഇങ്ങിനെ പറയുകയും ചെയ്തിരുന്നു.:-ഞാൻ ഉദ്ധരിക്കുന്ന ഈ ഹദീസു കളെല്ലാം ഉമറിന്റെ കാലത്താണ് ഞാൻ ഉദ്ധരിച്ചിരു ന്ന തെങ്കിൽ അദ്ദേഹം എന്നെ ചാട്ടവാറകൊണ്ട് അടിക്കുമായിരുന്നു. ഉമർ മരിക്കുന്നതുവരെ റസൂൽ പറഞ്ഞുഎന്ന് ഞങ്ങൾക്ക് പറയാൻ കഴിഞ്ഞിരു ന്നില്ല.എന്ന സുഹ് രി ഉദ്ധരിക്കുന്നു.

ഉമർ ജീവിച്ചിരിക്കെ ഞാൻ ഈ ഹദീസുകൾ ഉദ്ധരിച്ചിരുന്നുവെങ്കിൽ അല്ലാഹു വാണ് സത്യം എന്റെ മുതുകിൽചാട്ടവാറടി പതിയുമായിരുന്നു. മാത്രമല്ല ഉമർ ഇങ്ങിനെ പറയാറുമുണ്ടായിരുന്നു.اشْتَغلُوا بِالقُرْآن فَإنَّ القُرْآن كَلام اللّٰه"നിങ്ങൾ ഖുർആനിൽ മുഴുകുക കാരണം ഖുർആൻ അല്ലാഹ്വിന്റെ കലാമാണ്.'"

റഷീദ് രിളാ ഇതിനെക്കുറിച്ച് ഒരു കുറിപ്പ് ഇങ്ങിനെ എഴുതിയിട്ടുണ്ട്.لَوْ طَالَ عُمَر حَتَّى مَاتَ ابُوهُرَيْرَة لَمَا وَصَلَتْ إلَيْنَاتِلْكَ الاحَاديثُ الكَثِيرَة] അബൂഹുറൈറ മരിക്കുന്ന തു വരെ ഉമർ ജീവിച്ചിരു ന്നുവെങ്കിൽഇത്രയധികം ഹദീസുകൾനമുക്ക് എത്തുമായിരുന്നില്ല."

ഇതിൽ നിന്നെല്ലാം നമുക്ക് മനസ്സിലാകുന്നത് നബി നമുക്ക് കൊണ്ടുവന്നു തന്നത് ഖുർആൻ മാത്രമാണ്.പ്രമുഖരായ സ്വഹാബികളും ഖുർആൻ മുറുകെ പിടിച്ചു ജീവിച്ചു.നബിയി ലേക്ക് ചേർത്തു പറയുന്ന ഹദീസുകളെല്ലാം നബിയെ ധിക്കരിക്കലും അദ്ദേഹത്തിന്റെ കൽ പനക്ക് എതിര് പ്രവർത്തിക്കലുമാണ്.അല്ലാഹ്വിന്റെ ശരീഅത്തിനും നബിയുടെ ഉപദേ ശത്തിനും എതിരാകുന്ന ഈ ഹദീസ് ക്രോഡീകരണം തുടങ്ങിയതു തന്നെ നബി മരിച്ചു കഴിഞ്ഞ് മൂന്നാം നൂറ്റാണ്ടിലാണ് എന്നതാണ് സത്യം.

അഹ് ലുൽ ഹദീസുകാർ പറയുന്നതുപോലെ ഈ ഹദീസുകളെല്ലാം ഇസ്ലാമിന്റെ ഒരു ഭാഗമാ ണെങ്കിൽ ,അത് എഴുതുന്നതിനെ നബി വിലക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ നബി തന്റെ ദൗത്യം

നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തി എന്നല്ലേ വരിക?അപൂർണ്ണമായ ഇസ്ലാമിനെ പൂർണ്ണമാക്കാൻ നാശങ്ങളുടെയും കുഴപ്പങ്ങളുടെയും കാലഘട്ടമായ മൂന്നാം നൂറ്റാണ്ടുവരെകാത്തിരിക്കേണ്ടി വരിക എന്നത് നമുക്ക് ചിന്തിക്കാൻ പറ്റുമോ?നാം വിശ്വസിക്കുന്നത് നബി അദ്ദേഹത്തിന്റെ ദൗത്യം പൂർണ്ണമാക്കി അതാണ് വിശുദ്ധഖുർആൻ അല്ലാത്തതെല്ലാം വഴികേടുമാണ്.

## അധ്യായം 3

### എങ്ങിനെയാണ് രണ്ടാംപ്രമാണം ഉണ്ടായത്?